Reg: No. M. 2689
T 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൭ ഫെബ്രുവരി ൨൩-ാംനു- | ലക്കം ൨൧൩
പേജ് ൧൨ | ൧൧൨൨ കുംഭം ൧൧-ാംനു- തിങ്കളാഴ്ച | ഒറ്റപ്രതി അണ ൨

# സോഷ്യലിസ്റ്റുകൾ കോൺഗ്രസ് വിടുമോ?

സോഷ്യലിസ്റ്റുകൾ കോൺഗ്രസ്സിൽനിന്നു വിട്ടുമാറി ഒരു പ്രതിപക്ഷമായി തീരുമോ, അതോ, അവർ അതിനെക്കുറിച്ചു ഒരു തീരുമാനവും ചെയ്യാതെ സംസാരിച്ചുമാത്രം കഴിഞ്ഞുകൂടുമോ?

ഈ വിഷയം ഇന്നു പലരുടെയും മനസ്സിനെ മഥിക്കുന്നുണ്ട്. സോഷ്യലിസ്റ്റുകളുടെ 'അനങ്ങാത്തത'വും, എന്റെ സ്വന്തം 'ചാഞ്ചല്യ'വും ധാരാളം പ്രതികൂലവിമർശനത്തിനിടയാക്കിയിരുന്നതെന്നേയല്ല. പ്രസ്തുത 'ചാഞ്ചല്യം' നമ്മുടെ ഹാസ്യചിത്രകാരന്മാർക്കു ഒട്ടേറെ നേരമ്പോക്കിനു വകനൽകുകയും ചെയ്തു.

ആദ്യമായി, എന്നെപ്പററിത്തന്നെ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ഒരു നിശ്ചയം ചെയ്യാൻ പ്രയാസമുള്ള ഒരു വിഷയമാണെന്നു മാത്രമല്ല, ഈയിടെ ഉണ്ടായ ദേശീയസംഭവവികാസങ്ങൾ ആ പ്രയാസത്തിനു യാതൊരു ഉപശമനവും വരുത്തിയിട്ടില്ല. മിത്രങ്ങളുടെയും, ശത്രുക്കളുടെയും വിമർശനങ്ങൾ സാധുവായിരുന്നിരുന്നാലും, മേൽപ്പറഞ്ഞ പ്രയാസങ്ങൾ ആരും ശരിയ്ക്കു മനസ്സിലാക്കിയെന്നു തോന്നുന്നില്ല. ഒരു വിഷയത്തെ സമാലോചിക്കുന്ന സ്ഥാനങ്ങളിൽനിന്നു പരിശോധിക്കയും, വെറും ദൂരത്തിരുന്നു നോക്കുന്നതിലോ എന്തെങ്കിലും പ്രവർത്തിക്കാൻ മടിക്കയും ചെയ്യുന്നവർക്കെല്ലാം അതു കുഴപ്പം തികഞ്ഞ ഒരു കാര്യമാണ്.

ഞാൻ വളരെയേറെ സംസാരിക്കുന്നവനാണെന്നും, പലപ്പോഴും പരസ്പരവിരുദ്ധമായി സംസാരിക്കുന്നു എന്നും ഒരു ആരോപണമുണ്ട്. ഈ വിഷയത്തെപ്പററി ഞാൻ ഒട്ടേറെ സംസാരിക്കുന്നുണ്ടെന്നു സമ്മതിക്കുന്നു. പക്ഷെ ഞാൻ ഒരു വായാടിയായതുകൊണ്ടല്ല അങ്ങനെ ചെയ്യുന്നത്. കഴിഞ്ഞ കുറെ മാസങ്ങളായി സോഷ്യലിസ്റ്റുകക്ഷി സംഘടിപ്പിക്കുന്നതിനുവേണ്ടി ഞാൻ ധാരാളം സഞ്ചരിക്കേണ്ടിവന്നു. ഈ സഞ്ചാരത്തിനിടയിൽ പല പൊതുയോഗങ്ങളിലും പ്രസംഗിക്കാൻ ഞാൻ നിർബന്ധിതനായി. ചിലപ്പോൾ, ദിവസേന മാത്രമല്ല, ഒരു ദിവസംതന്നെ പലപ്രാവശ്യവും ഞാൻ പ്രസംഗിക്കാനിടയായിട്ടുണ്ട്.

പരസ്പരവൈരുദ്ധ്യത്തെപ്പററിയാണെങ്കിൽ അങ്ങനെയുള്ള പ്രസ്താവനകൾ എന്നിൽ ആരോപിച്ചതു പത്രറിപ്പോർട്ടുകളാണ്. പത്രലേഖകന്മാർ മനഃപൂർവം അങ്ങനെ ചെയ്യുന്നുവെന്നു വിചാരിച്ചിട്ടില്ല. എന്നാൽ, ഒരു സുദീർഘമായ പ്രസംഗത്തിൽ ഒരു വിഷയത്തെ എന്റെ ആ അഭിപ്രായരീതിയിൽ, പൂർവപക്ഷസമാധാനങ്ങളോടെ പ്രതിപാദിക്കുമ്പോൾ, അതിനു കൂടുതൽ ബോധിച്ചതോ, മനസ്സിലായതോ ആയ ഭാഗങ്ങൾ മാത്രം ലേഖകന്മാർ സ്വീകരിച്ചെന്നു വരാവുന്നതാണ്. സമനിലപാലിക്കുന്ന ഒരു പ്രതിപാദനത്തിനു ഈ അപകടം സംഭവിക്കുമ്പോൾ പരസ്പരവിരുദ്ധങ്ങളെന്നു തോന്നുന്ന ഭാഗങ്ങൾ അതിനു ലഭിക്കാതെ നിവൃത്തിയില്ല. ഒരു പക്ഷേ പത്രങ്ങൾക്കു എന്റെ പ്രസംഗങ്ങളുടെ അധികൃതരൂപങ്ങൾ മാത്രം നൽകപ്പെട്ടിരുന്നെങ്കിൽ ഈ അപായം കുറെ കുറയ്ക്കാമായിരുന്നിരിക്കണം. എങ്കിലും ഒരേ ദിവസം ഒരേ കാര്യംതന്നെ ആറേഴു വട്ടം പറയേണ്ടിവരുമ്പോൾ ഇത്രത്തോളം പ്രമാദം ഒഴിവാക്കാൻ കഴിയില്ല.

അതങ്ങനെ നിൽക്കട്ടെ. എന്റെ വിചാരങ്ങളും തർക്കങ്ങളും ഒരു ലേഖനങ്ങളിലൂടെ അറിയിക്കണമെന്നു ഞാൻ കരുതുന്നു. ഞങ്ങൾ ഒരു നിശ്ചയത്തെ സമീപിച്ചിരിക്കയാണ്. മിത്രങ്ങളും വിമർശകന്മാരും അതു മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

കോൺഗ്രസ്സിനുള്ളിലോ വെളിയിലോ എന്നുള്ള ചോദ്യത്തെ അന്തർഭവിച്ചിരിക്കുന്ന പ്രധാന സംഗതി എന്താണ്? സോഷ്യലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സിനുള്ളിൽ നിൽക്കുന്നതുകൊണ്ടാണോ, അതോ അതിനു വെളിയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണോ ഒരു സോഷ്യലിസ്റ്റ് ഇന്ത്യയെ സൃഷ്ടിക്കാവുന്നതു എന്നുള്ളതാണ് ചോദ്യം. അഥവാ, കോൺഗ്രസ്സിനെ സോഷ്യലിസത്തിന്റെ ഒരു ഉപകരണമാക്കിത്തീർക്കാൻ കഴിയുമോ?

## ജയപ്രകാശ് നാരായൺ

(സോഷ്യലിസ്റ്റുകൾ കോൺഗ്രസ് വിടുമോ എന്നുള്ള ചിന്ത പലരുടെയും മനസ്സിനെ മഥിക്കുന്ന ഒരു കാലമാണിതു്. സോഷ്യലിസ്റ്റുകക്ഷി ഒരു ജീവപ്രധാനമായ നിശ്ചയത്തെ സമീപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഈ വിഷയത്തെ സംബന്ധിച്ചുള്ള തർക്കങ്ങളും വിചാരങ്ങളും തന്റെ സ്നേഹിതന്മാരും വിമർശകന്മാരും കൂടുതൽ നന്നായി മനസ്സിലാക്കി തന്നെത്തുപോലായ തരമാറാംചെയ്യത്തക്കവിധം അവയെ പൊതുജനസമക്ഷം സമർപ്പിക്കാമെന്നു ശ്രീ: ജയപ്രകാശനാരായണൻ കരുതുന്നു.)



ഇതൊരു വെറും വ്യാവഹാരികമോ, സിദ്ധാന്തപരമോ ആയ ചോദ്യമാണെന്നു തോന്നുന്നവർ ധാരാളമുണ്ടായിരിക്കാം. ഇന്നത്തെ പ്രധാനമന്ത്രിയും ദേശീയമന്ത്രി സഭാംഗങ്ങളും അവശേഷിക്കയും, ഒരു പ്രബലവും ഐശ്വര്യപ്രദവുമായ രാഷ്ട്രം സൃഷ്ടിക്കയും ചെയ്യുകയെന്നുള്ളതെന്നു അവർ പറഞ്ഞേക്കാം. സർദാർ പട്ടേൽ ഇങ്ങനെയുള്ള ആക്ഷേപിക്കയും സോഷ്യലിസമെന്ന തത്ത്വശാസ്ത്രപ്പോലെ ഉഴക്കുഴിക്കുന്നതിനെ അവഹേളിക്കയും ചെയ്തതു ഈ അടുത്ത കാലത്താണ്. ഇതെല്ലാം ദേശീയമായി അവശേഷിക്കുക, പുനരുദ്ധാരണം നടത്തുക എന്നിവയും തമ്മിൽ പൊരുത്തക്കേടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. പൊരുത്തക്കേടില്ലെന്നുതന്നെയല്ല, പുതിയ ദേശീയരാഷ്ട്രം, നൂതനഭാരതം എന്നിവയെ സൃഷ്ടിക്കയോ ഇങ്ങനെ പരിഗണിക്കേണ്ടതു ആവശ്യമാണെന്നത്രേ ഞങ്ങളുടെ അഭിപ്രായം. സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒരു പ്രബലവും ഐശ്വര്യപ്രദവുമായ ഇന്ത്യയെ സൃഷ്ടിക്കാൻ സാധിക്കയുള്ളു എന്നു ഞങ്ങൾ വിചാരിക്കുന്നു.

ഇങ്ങനെ അപലപിക്കുന്നവർക്കും അവരുടെ ഇസങ്ങൾ ഉണ്ടെന്നുള്ളതുകൂടി ഓർക്കേണ്ടതാണ്. നിലവിലിരിക്കുന്ന ഇസങ്ങളാണോ അവരുടേതെന്നു മാത്രമേ വ്യത്യാസമുള്ളു. അതിനാൽ അവയെപ്പററി അവർക്കു അത്രവളരെ പറഞ്ഞുകൊണ്ടു നടക്കേണ്ട ആവശ്യമില്ല. സർദാർ പട്ടേൽ സോഷ്യലിസത്തെ അപലപിക്കുമ്പോൾ അദ്ദേഹം ഇപ്പോഴത്തെ അവസ്ഥയെ പരിരക്ഷിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നതു്. ആ അവസ്ഥ എല്ലാ ഇസങ്ങളേക്കാളും മെച്ചമാണെന്നു അദ്ദേഹം തന്നിമിത്തം അനുമാനിക്കുകയും ചെയ്യുന്നു.

ഏതായാലും കോൺഗ്രസ്സ് സോഷ്യലിസത്തിന്റെ ഒരു ഉപകരണമാകുമോ എന്നുള്ള ചോദ്യത്തിലേയ്ക്കു തന്നെ തിരിയാം. കോൺഗ്രസ്സിൽ പരസ്പരവിരുദ്ധങ്ങളായ പല പ്രവണതകളും ശക്തികളും കാണുന്നുണ്ട്: ഇവയിൽ ചിലതു കോൺഗ്രസ്സിനെ സോഷ്യലിസത്തിലേയ്ക്കു അടുത്തുവലിക്കുന്നു. ഉദാഹരണമായി അതിൽ സോഷ്യലിസ്റ്റുകളും മററു വാമപക്ഷികളും ഉണ്ട്. സൃഷ്ടിപരമായ ഗാന്ധിതത്വത്തിൽ വിശ്വസിക്കുന്ന ഒട്ടേറെപ്പേർ ഒരു ഡെമോക്രാറ്റിക് സോഷ്യലിസത്തെ അനുകൂലിക്കുന്നു. പണ്ഡിറ്റ് നെഹ്റു, മൌലാനാ ആസാദ് എന്നിങ്ങനെ കോൺഗ്രസ്സിലുള്ള ഉന്നതശീർഷന്മാർ ഈ കൂട്ടത്തിൽപെടുന്നവരാണ്. കൂടാതെ, ദരിദ്രനാരായണസേവകനായ ഗാന്ധിജി അദ്ദേഹത്തിന്റെ സ്വന്തം രീതിയിൽ ഒരു സോഷ്യലിസ്റ്റായിരിക്കുന്നു. ഈ ശക്തികൾ ഏകോപിച്ചു കോൺഗ്രസ്സിനെയും, രാജ്യത്തെയും സോഷ്യലിസത്തിലേക്കു നയിക്കുമെന്നു വിചാരിച്ചതു ഒരുപക്ഷേ ഒരു തെററല്ലായിരുന്നിരിക്കണം. അതിനാൽ ആ മാർഗ്ഗം പരീക്ഷിക്കാൻ ഒരു അവസരം നൽകണമെന്നു ഞങ്ങളിൽ ചിലർ ആഗ്രഹിക്കാനിടയായി. കുറെപേർ ഇപ്പോഴും അങ്ങനെതന്നെ ആഗ്രഹിക്കയും ചെയ്യുന്നു.

കോൺഗ്രസ്സിൽ വിശ്വാസം നശിക്കയും അതിന്റെ രീതികളെപ്പററി അക്ഷമരായിത്തീരുകയും ചെയ്തിരുന്ന ചിലർക്കു ഇതു രസിച്ചില്ല. എന്നാൽ കോൺഗ്രസ്സിനോടു ഗാഢമായ ബന്ധമുള്ളവരും ആയുസ്സിലേറിയഭാഗം അതിന്റെ സേവനത്തിനുവേണ്ടി അർപ്പിക്കയും ചെയ്തിട്ടുള്ളവർക്കു അങ്ങനെ അക്ഷമരായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല. മഹാത്മാഗാന്ധി, പണ്ഡിററ് നെഹ്റു എന്നിവരെപ്പററിയുള്ള സ്നേഹവും, അത്ര ഉദാരങ്ങളും മാർക്സിന്റെ സിദ്ധാന്തങ്ങളോ, കക്ഷിരീതിയാലോ പരിമിതമായിട്ടില്ലാത്ത ഞങ്ങളിൽ മററു ചിലർക്കു അവരുടെ ഉപദേശത്തെ വിഗണിക്കുക എന്നതു് എളുപ്പവുമല്ല.

ഇങ്ങനെ ഫലപ്രദമല്ലാത്ത പല വഴിച്ചുവടുകളും, പ്രവർത്തനമാന്ദ്യത്തിൽ കോൺഗ്രസ്സിനോടും, അതിന്റെ നേതാക്കളോടും കൂടുതൽ കൂടുതൽ സംഘട്ടനത്തിലായിക്കൊണ്ടും ഞങ്ങൾ അരതിരിഞ്ഞുവരുന്നു.

ഈമാതിരി ഒരവസ്ഥ വളരെനാൾ തുടരാവുന്നതല്ലെന്നു പ്രത്യക്ഷമാകുന്നു. കോൺഗ്രസ്സിനും സോഷ്യലിസ്റ്റുകക്ഷിക്കും അതു് ഒന്നുപോലെ ദോഷകരമാണ്. എന്നാൽ കോൺഗ്രസ്സിനു ഒരു സോഷ്യലിസ്റ്റ് സംഘടനയായിത്തീരാൻ കഴിയുമോ എന്നുള്ള ചോദ്യത്തിനു ഉത്തരം കിട്ടാൻ വളരെ താമസമുണ്ടാകുമെന്നുള്ളതും അതുപോലെ പ്രത്യക്ഷമാകുന്നു. ഒടുവിൽ, ഉത്തരമെന്തായിരിക്കുമെന്നു ആർക്കും നിശ്ചയം കാണുകയുമില്ല.

ഇതിനിടയിൽ ഇന്നത്തെ നില അലക്ഷ്യമായി തുടരാൻ അനുവദിച്ചുകൂടാത്തതാകുന്നു. കോൺഗ്രസ്സിനെ മാനസാന്തരപ്പെടുത്തുന്നതിനുവേണ്ടി സോഷ്യലിസ്റ്റു

ശേഷം (12-ാം പേജിൽ)

# ഒരു ഭാഗ്യസ്മരണ

(പി. കെ. പരമേശ്വരൻനായർ ബി. ഏ.)

ഒരുകാലത്തു നിസ്സാരമെന്നുതോന്നിയ അനുഭവം, കാലവിപര്യയത്തിൽ ജീവിതത്തിലെ സ്മരണീയസംഭവമായി രൂപാന്തരപ്പെടുന്നതിന്റെ ദൃഷ്ടാന്തങ്ങൾ പലരുടേയും ജീവിതത്തിൽ അസുലഭമായിരിക്കയില്ല. അന്നു, അതുകേവലം ഒരു യാദൃച്ഛികസംഭവമായിരുന്നിരിക്കാം, ജിജ്ഞാസയോ, കൗതുകമോ കൊണ്ടു പെട്ടന്നുണ്ടായ പ്രേരണയിൽനിന്നുളവായിട്ടുള്ളതാവാം. തല്ക്കാലം ഒരു ചാരിതാർത്ഥ്യം, കൂട്ടത്തിൽ പലർക്കുംലഭിക്കാതെ തനിയ്ക്കുമാത്രം കൈവന്ന ഒരനുഗ്രഹമെന്നുള്ള ഒരു സംതൃപ്തി; ഇത്രമാത്രമേ അന്നു് അതേപ്പറ്റി വിശേഷവിധിയായി പറയുവാൻ കാണുകയുള്ളൂ. എന്നാൽ പിൽക്കാലത്തോ? അതു ജീവിതത്തിലെ ഒരു മഹാനുഗ്രഹമായി പരിഗണിക്കപ്പെടുവാൻ ഇടയാകുന്നു. ആ യാദൃച്ഛികസംഭവം അന്നു നടന്നില്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതംതന്നെ അധന്യമായിരുന്നേനെ എന്നു നാം വിചാരിച്ചുപോകുന്നു. ഒരു ചെറിയ കാര്യം വലിയകേന്ദ്രസംഭവമായി, ആനന്ദപ്രദമായ ഓർമ്മയായി മാറുന്നു. അതിന്റെ സ്മരണ കൂടക്കൂടെ നമ്മിൽ പരമനിർവൃതി ഉളവാക്കുന്നു.

ഏതാണ്ടിപ്രകാരമുള്ള ചില ചിന്തകളാണു ഏകദേശം ഇരുപത്തിനാലു സംവത്സരങ്ങൾക്കുമുമ്പു അന്നു തിരുവിതാംകൂർ സന്ദർശിച്ച മഹാത്മാഗാന്ധിയുടെ പാവനഗാത്രം ഒന്നു സ്പർശിച്ചുമൂലം വിൽ അണിയുവാനുണ്ടായ ഭാഗ്യാതിരേകത്തെപ്പറ്റി സ്മരിക്കുമ്പോൾ ഇന്നെനിക്കുണ്ടാകുന്നതു. ഗാന്ധിജി വൈക്കം സത്യാഗ്രഹ സംബന്ധിച്ചു അന്നു തിരുവിതാംകൂറിൽ വന്നതാണു്. 'അർദ്ധനഗ്നനായ ആ ഫക്കീറി'ന്റെ രൂപവും നാമവും ബാലന്മാരായ ഞങ്ങൾക്കു അന്നേ ആരാധ്യങ്ങളാണു്. ബ്രിട്ടീഷ് സിംഹത്തിന്റെ സടകളിൽ പിടികൂടിയിരിക്കുന്ന അതിമാനുഷപ്രഭാവനായ ഒരു മഹാമാന്ത്രികനായിട്ടാണു ഞങ്ങൾ അന്നു അദ്ദേഹത്തെ ഉൾക്കണ്ണുകൊണ്ടു കണ്ടിരുന്നതു്. ഇൻഡ്യാക്കാരൻ ചർക്കായിൽ നൂൽനൂല്ക്കുന്നതുകൊണ്ടോ, ലങ്കാഷയറിന്റെയും വെടിയുണ്ടകളേയും മുമ്പിൽ ജീവബലിചെയ്യുന്നതുകൊണ്ടോ ബ്രിട്ടീഷുകാർ ഇവിടെനിന്നു താനെ ഒരുനാൾ തിരിയാക്കി പൊയ്ക്കൊള്ളുമെന്നു ഞങ്ങൾക്കു അത്രവിശ്വാസമില്ലായിരുന്നു. മഹാത്മാവിന്റെയത്നം കേവലം വ്യർത്ഥമെന്നു ഉള്ളിൽ ഒരു ശങ്കയും ഞങ്ങൾക്കില്ലാതിരുന്നില്ല. എങ്കിലും വ്യർത്ഥശ്രമങ്ങളെന്നുതോന്നിയവയുടെ എല്ലാം ഉള്ളിൽ എന്തോ ഗൗരവാവഹമായ ഒരു സത്യം, ആയുധതന്ത്രത്തിനും ബലപ്രയോഗത്തിനും ഇളക്കിമാറ്റിക്കളവാൻ സാധ്യമല്ലാത്ത ഒരു ആന്തരസത്ത, കുടികൊള്ളുന്നതായി ഞങ്ങൾക്കും കാണുവാൻകഴിഞ്ഞു. ചർക്കയും സത്യാഗ്രഹവും മഹൽതത്വങ്ങളുടെ പ്രതീകങ്ങളായിട്ടാണു ഞങ്ങൾക്കുതോന്നിയതു. അവയുടെ പ്രവാചകനായ ഗാന്ധിജിയെ ഒരു അവധൂതനായും.

ഈ വിശ്വാസത്തെ പ്രബലീകരിക്കുമാറുള്ള സംഭവങ്ങൾ അന്നുമുതൽക്കുണ്ടായി കൊണ്ടുതന്നു. ഗാന്ധിജി വിജയത്തിൽനിന്നു വിജയത്തിലേക്കു മുറയ്ക്കു കാലുകുത്തുകയാണു്. സാമ്രാജ്യപ്രഭുത്വം അടിമുതൽ മുടിയോളം വിറകൊള്ളുന്നു. ആ കൊച്ചുമനുഷ്യന്റെ പ്രശാന്തമായ ആജ്ഞകൾ ശിരസാവഹിക്കുന്നതിനും അതിലേക്കു ജീവാർപ്പണം ചെയ്യുന്നതിനും ലക്ഷോപലക്ഷം ജനങ്ങൾ ഹിമവത്പാർശ്വംമുതൽ കന്യാകുമാരിവരെ മുറയ്ക്കു അണിനിരക്കുന്നു. കാര്യകാരണചിന്തകൾക്കൊന്നും സമയംകളയാതെ ഞങ്ങൾ എല്ലാവരും വിശ്വസിച്ചു ഒരു അതിമാനുഷന്റെ കാലത്താണു നാം ജീവിക്കുന്നതെന്നു. ഞങ്ങൾ അദ്ദേഹത്തെ മനസാ ആരാധിച്ചു; നൂൽനൂത്തു ഖദർധരിച്ചു, അക്രമരാഹിത്യം വ്രതമായി സ്വീകരിച്ചു. അക്കാലത്തെ ഭജനകീർത്തനങ്ങളിൽ ഞങ്ങൾ ഗാന്ധിജിയുടെ നാമങ്ങൾകൂടി ഉൾപ്പെടുത്തി മുറയ്ക്കു പാടിവന്നു. ഒരഭിലാഷംമാത്രം ഞങ്ങൾക്കു സാധിച്ചിരുന്നില്ല—ആ ദിവ്യരൂപം ഒന്നു ദർശിക്കുവാൻ; ചിത്രത്തിൽമാത്രം എപ്പോഴും കാണാറുള്ള ആ ദേവവിഗ്രഹം ജീവദ്രൂപത്തിൽ ഒരു നോക്കുകാണുവാൻ!

അങ്ങനെ ഇരിക്കുമ്പോഴാണു് വൈക്കം സത്യാഗ്രഹം ഗാന്ധിജിയെ തിരുവിതാംകൂറിലേക്കു ആനയിച്ചതു്. ആ വാർത്ത കേട്ടപ്പോൾതന്നെ എങ്ങിനെയും അഭിലാഷപൂർത്തിവരുത്തിക്കൊള്ളുമെന്നു ഞങ്ങൾ മനസ്സിൽ ഉറച്ചു. ചങ്ങനാശേരിവഴിയാണു് ഗാന്ധിജി തിരുവനന്തപുരത്തേക്കു പോകുന്നതെന്നു കേട്ടപ്പോൾ, വിദ്യാലയപരിസരങ്ങളിൽനിന്നു ഒരു പ്രത്യേകയാത്രപോലും കൂടാതെ ആ ഭാഗ്യാനുഭവം സാദ്ധ്യമാകുമല്ലോ എന്നു ഞങ്ങൾ സമാശ്വസിച്ചു. ഒടുവിൽ ആ പുണ്യദിവസം സമാഗതമായി. പെരുന്ന എൻ. എസ്. എസ്. സ്കൂൾ ഹാളിൽവച്ചു് ഗാന്ധിജിയെ പൗരജനങ്ങൾ സ്വീകരിച്ചു ആദരിച്ചു. ഒരു മഹാപുരുഷാരം അവിടെ കൂടിയിരുന്നു. പല മംഗളപത്രങ്ങളും സമർപ്പിക്കപ്പെട്ടു. ഏതു തള്ളിക്കയറിയിട്ടും പ്ലാറ്റുഫാറത്തിൽനിന്നും പത്തിരുപതുവാര അകലെമാത്രമേ ഇരിപ്പിടിക്കുവാൻ എനിക്കു സാധിച്ചുള്ളു. കൂട്ടുകാരിൽ പലരും അതിനുമപ്പുറം തള്ളിക്കയറി ഇരുന്നു. എങ്കിലും പിറകിലുള്ള അനേകായിരങ്ങളേക്കാൾ കൂടുതൽ അടുത്താണല്ലോ ഞാൻ എന്റെ ആരാധനാവിഗ്രഹത്തെ കാണുന്നതെന്നു ഒരു ആശ്വാസം ഉള്ളിലുണ്ടായി. പടത്തിൽ അനാരോഗ്യനെപോലെ തോന്നിക്കുന്ന ആ ശരീരം കൃശമെങ്കിലും എത്ര ദൃഢവും വർണ്ണസൗഭാഗ്യം തികഞ്ഞതും ആണെന്നുള്ളതു നേരിട്ടുകണ്ടപ്പോൾ മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞുള്ളു. നാലുമണിസമയത്തെ വെയിൽ എല്ലാവർക്കും അസഹ്യമായിരുന്നു. ഗാന്ധിജിയുടെ ചുറ്റും ഇരുന്നിരുന്ന പല പ്രമാണികൾക്കുംവേണ്ടി സിൽബന്ധികൾ ഭദ്രമായി കുട നിരത്തി പിടിച്ചിരുന്നു. വിജയാരവങ്ങൾ മുഴങ്ങവെ ഗാന്ധിജിയും മേശമേൽ ആസനസ്ഥനായി. ഉടൻ ഒരാൾ ഒരു കുട അദ്ദേഹത്തിനും നിവർത്തിപിടിച്ചു. എന്നാൽ കുടമടക്കുവാനാണു് അദ്ദേഹം ആജ്ഞാപിച്ചതു്. കുട അടഞ്ഞു. പ്രമാണികളുടെ ഇടയ്ക്കുടെ അനേകം കുടകൾ അതോടെ പൊട്ടുന്നനവെ അടഞ്ഞു. ഒന്നുരണ്ടു മംഗളപത്രങ്ങൾ വായിക്കപ്പെട്ടു. അനന്തരം ഗാന്ധിജി പ്രസംഗിച്ചു. സരളസുന്ദരമായ ആംഗലവാണിയിൽ അഹിംസാസിദ്ധാന്തത്തേയും സത്യാഗ്രഹത്തേയുംപറ്റി പറഞ്ഞ ആ വാക്കുകൾ ഇന്നും ശ്രോത്രപുടങ്ങളിൽ മണിനാദം മുഴക്കുന്നതായി തോന്നുന്നു.

അതുകഴിഞ്ഞു ഗാന്ധിജി സദസ്സുവിടുവാൻ എഴുന്നേറ്റു. ആളുകളുടെ ഇളക്കവുമായി. ഏകദേശം അരമണിക്കൂർസമയത്തെ ചടങ്ങുകൾ ഒരുനിമിഷംകൊണ്ടു കഴിഞ്ഞതായിത്തോന്നി. ഗാന്ധിജി പോകുവാനും തുടങ്ങുന്നു. എന്തോ ഒരപൂർണ്ണത, സംതൃപ്തിയുടെ അഭാവം എനിക്കു തോന്നി. ഗാന്ധിജിയെ കണ്ടിട്ടു മതിയായില്ലെന്നോ, അഥവാ കണ്ടതുകൊണ്ടുമാത്രമായില്ലെന്നോ ആയിരുന്നു ആ വിചാരം. അദ്ദേഹത്തെ ഉടൻ യാത്രചെയ്യുക സാദ്ധ്യവുമല്ലായിരുന്നു. അനുഭവത്തിന്റെ അപൂർണ്ണത നികത്തുവാൻ എന്താണുവേണ്ടതെന്നു ഞാൻ ചിന്തിച്ചുനോക്കി. പെട്ടന്നൊരു പ്രേരണ മനസ്സിൽ ഉദിച്ചു. അതാ ഇരുവശത്തേക്കും മാറിനില്ക്കുന്ന ജനതതിയുടെ ഇടയിൽക്കൂടി മഹാത്മാഗാന്ധി [illegible] ശീഘ്രഗതിയിൽ മുന്നോട്ടു വരുന്നു. ഇങ്ങടുത്തു കഴിഞ്ഞു. ആ പാദങ്ങളിൽ ഒന്നു നമസ്കരിച്ചാലോ എന്നു പെട്ടന്നുതോന്നി. ആ ജനത്തിരക്കിൽ അതു അപകടകരവും അദ്ദേഹത്തിന്റെ ശല്യഗതിക്കു ഒരു തടസ്സവുമായിരിക്കുമെന്നുള്ള ചിന്ത ഉടൻ ഉദിച്ചു. ഞാൻ അതിനു ധൈര്യപ്പെട്ടില്ല. എങ്കിലും ആ ശരീരം ഒന്നു സ്പർശിച്ചു മാറുകയുള്ളുവെന്നു ദൃഢതീർച്ചപ്പെടുത്തി. ഗാന്ധിജി, ഞാൻ ഒതുങ്ങി മാറിനിന്നിരുന്നതിന്റെ മുമ്പിൽ എത്തി. ആ ഭുജഭാഗം (ഞാനും) എന്നോടു സമീപിച്ചു. തെല്ലൊന്നു മര്യാദയോ എന്നു സംശയമില്ലാതിരുന്നില്ല. എങ്കിലും ഒരു നിമിഷത്തിനുള്ളിൽ ഞാൻ അതു നിർവഹിച്ചു. മാംസളമായ ആ തോളിൽതൊട്ടു നെറുകയിൽ വച്ചു. അദ്ദേഹം അതറിഞ്ഞുവോ എന്തോ? അറിയാതിരിക്കത്തക്കവിധം അത്ര മൃദുവായിട്ടാണു ഞാൻ സ്പർശിച്ചതു്. എങ്കിലും ആ മുഖത്തു ഒരു പുഞ്ചിരി പ്രത്യക്ഷപ്പെടുന്നതു ഞാൻ കണ്ടു. ഇതുപോലെയുള്ള സാഹസികന്മാർ ഈ വിധം പലപ്പോഴും അദ്ദേഹത്തെ അസഹ്യപ്പെടുത്തിക്കാണും. ഇവിടെയും അതു ആവർത്തിച്ചു; ഒത്തുള്ള മന്ദസ്മിതമായിരിക്കുമോ അതു്? ഏതും ആകട്ടെ. ഏതായാലും ആ സ്പർശം നിർവൃതിദായകംതന്നെയായിരുന്നു. ഞാൻ രോമാഞ്ചം പൂണ്ടു. ആ ശരീരത്തിന്റെ മെഴുമെഴുപ്പു് ഇന്നും വിരൽകൊണ്ടു അറിയാവുന്നതുപോലെ അനുഭവപ്പെടുന്നു. മാംസപേശികളുടെ ദാർഢ്യത്തെ ശുഷ്കമായ തൊലിയാവരണം ചെയ്തിരുന്നുവെന്നല്ലാതെ, ശോഷണം ആ ഗാത്രത്തെ ബാധിച്ചിരുന്നതായി തോന്നുന്നില്ല. പക്ഷേ അതൊന്നുമല്ല ഞാൻ അനുഭവിച്ച നിർവൃതിക്കടിസ്ഥാനം. ആ ശരീരത്തെയും അതിനെ അധിവസിക്കുന്ന ദിവ്യചൈതന്യത്തെയാണു ഞാൻ സ്പർശിച്ചതെന്നു എനിക്കു തോന്നി. ആ സ്പർശംതന്നെ എന്നിൽ ഉണ്ടാക്കിയ രോമാഞ്ചത്തിന്റെയും അനന്തരകാലങ്ങളിൽ അതേപ്പറ്റി ഓർക്കുമ്പോഴൊക്കെ ഉണ്ടാകുന്ന ദിവ്യാനുഭൂതിയുടേയും ഉത്ഭവം അവിടെയാണു്. ഒരു ത്യാഗിവര്യനെ, ഒരു മഹാസാധകനെയാണു് ഞാൻ എന്റെ കൈകൊണ്ടു സ്പർശിച്ചതെന്നുള്ള ബോധം എന്നിൽ എപ്പോഴും ഉണ്ടു്.

കഴിഞ്ഞ ഇരുപതിലധികം സംവത്സരങ്ങളായി മേല്പറഞ്ഞ ചാരിതാർത്ഥ്യം ഞാൻ അനുഭവിക്കുന്നു. അതിനിടയ്ക്കു ഒന്നുരണ്ടു പ്രാവശ്യംകൂടി മഹാത്മജിയെ കാണുന്നതിനും, ഒരു പ്രാവശ്യം തിരുവനന്തപുരം ഗസ്റ്റ്ഹൗസിൽ അദ്ദേഹത്തെ ഉപചരിക്കുവാൻ സംഘടിപ്പിക്കപ്പെട്ട വാളന്റിയർസംഘത്തിൽ ഉൾപ്പെട്ടവനും സംഗതിയായെങ്കിലും, പഴയതുപോലെ അദ്ദേഹത്തെ അത്ര അടുത്തു സമീപിക്കുവാൻ സന്ദർഭം കിട്ടിയില്ല. അഥവാ കിട്ടിയിരുന്നെങ്കിൽതന്നെയും അത്രകൊണ്ടുമാത്രം എങ്ങിനെ തൃപ്തിപ്പെടാനാണു്? ആ പുണ്യപുരുഷന്റെ മുൻപിൽ സാഷ്ടാംഗപ്രണാമംചെയ്തു് ആ പാദധൂളികൾ ശിരസ്സിലണിയുകയും, അങ്ങോട്ടു നടത്തുന്ന വിനീതപ്രാർത്ഥനയുടെ ഫലമായി അവിടെനിന്നു ദിവ്യോപദേശരൂപേണ രണ്ടു നാലുവാക്കുകളെങ്കിലും കേൾക്കുകയുംചെയ്യാതെ ഈ അഭിനവബുദ്ധന്റെ ഒരു സമകാലികനു എന്താണു അഭിമാനിക്കുവാനുള്ളതു്? അതുകൊണ്ടു് അന്നത്തെ സ്പർശസൗഭാഗ്യത്തെ ഞാൻ കാര്യമായി ഗണിച്ചില്ല. എന്തെങ്കിലും അതിനേക്കാൾ കൂടുതലായ ഒരു ഭാഗ്യം സമ്പാദിച്ചുകൊള്ളാമെന്നു ദൃഢമായി മനസ്സിൽ ഉറച്ചിരുന്നു.

എന്നാൽ ജനവരി ൩൦-ാം-൪൮-ലെ ഘോരസംഭവം ഈ ഹൃദയാഭിലാഷത്തിനു പൂർണ്ണവിരാമമിട്ടിരിക്കുന്നു. ആ അത്യാഹിതത്തിനുശേഷമാണു എത്ര ദുർലഭനായ ഒരു ദിവ്യപുരുഷനാണു്, നാം കാണേണ്ടതുപോലെ കാണാതെയും, അറിയേണ്ടതുപോലെ അറിയാതെയും ആചരിക്കേണ്ടതുപോലെ ആചരിക്കാതെയും ചെയ്യുന്നതിനുമുമ്പു നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നതെന്നു മനസ്സിലാകുന്നതു്. ഭാരതം അദ്ദേഹത്തെ അറിഞ്ഞതിനേക്കാൾ പുറമേയുള്ളലോകം അറിഞ്ഞിരുന്നുവെന്നു ആ സംഭവം ഇതിനകം വ്യക്തമാക്കിയിരിക്കുന്നു. ലോകത്തിന്റെ ഏതൊരു അപ്രധാന ഭാഗമാണു് ആ മരണത്തിന്റെ മാറ്റൊലികേട്ടു നടുങ്ങിയിട്ടില്ലാത്തതു്? ഏതൊരു ഗ്രാമമാണു് കണ്ണുനീർ വാർത്തിട്ടില്ലാത്തതു്? ചക്രവർത്തിമാർ, രാഷ്ട്രാധിപന്മാർ, നയതന്ത്രവിശാരദന്മാർ, മതാധിപതികൾ എന്നിങ്ങനെ എത്രയെത്ര പ്രശസ്തവ്യക്തികളാണു രാജ്യഭേദമോ, വർഗ്ഗഭേദമോ, സംസ്കാരവിഭിന്നതയോ ഗണിക്കാതെ ആ മഹാത്മാവിന്റെ ആത്മകളേബരത്തിനു മുൻപിൽ ശിരോനമനം ചെയ്തിട്ടില്ലാത്തതു്? ഇത്ര ദിവ്യപ്രഭാവനായ ഒരു വ്യക്തിയുടെ കാലത്തു ജീവിച്ചിരിക്കുവാൻ ഇടവന്നതുതന്നെ ഒരു ഭാഗ്യം. അദ്ദേഹത്തെ കാണുവാൻ സാധിച്ചിട്ടുള്ളതോ മഹാഭാഗ്യം. അദ്ദേഹത്തോടടുത്തു പെരുമാറുന്നതിനും, ശിഷ്യപ്പെടുന്നതിനും, ആ ഉപദേശങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനും സംഗതിവന്നിട്ടുള്ളവരാകട്ടെ ധന്യധന്യന്മാർതന്നെ. ഈ മൂന്നാമതുപറഞ്ഞവരുടെ അടുത്തെങ്ങും ഈയുള്ളവനു സ്ഥാനമില്ല. ചിരപ്രാർത്ഥിതമായ ആ അഭിലാഷം സാധിച്ചില്ല. എങ്കിലും ഒരുകാര്യം സമാധാനം അവകാശപ്പെടാം. മഹാത്മാഗാന്ധിയുടെ പാവനഗാത്രത്തെ ഭക്തിപൂർവ്വംതൊട്ടു നെറുകയിൽ അർപ്പിക്കുവാനുള്ള ഭാഗ്യമുണ്ടായ ഒരു സമകാലികനാണല്ലോ ഞാൻ. ലക്ഷോപലക്ഷങ്ങളിൽ എത്രയോ ചുരുക്കം ആളുകൾക്കുമാത്രം കൈവന്ന ഒരു ഭാഗ്യമാണു് അതു്. ഒരുകാലം ഇനിയും വരും, ഗാന്ധിജിയുടെ അപദാനങ്ങൾ രാമായണഭാരതാദികളെപ്പോലെയുള്ള ഇതിഹാസഗ്രന്ഥങ്ങൾക്കു വിഷയമാകുന്ന ഒരു കാലം. അന്നു നമ്മുടെ ജീവിതകാലം ഒരു ദിവ്യകാലമായി പരിഗണിക്കപ്പെടും; മഹാത്മാഗാന്ധി, ശ്രീരാമ ശ്രീകൃഷ്ണന്മാരേയും, ക്രിസ്തു ബുദ്ധന്മാരേയുംപോലെ ഒരു അവതാരപുരുഷനായി ആരാധിക്കപ്പെടും. അങ്ങിനെയുള്ള ആ വിദൂരകാലത്തുള്ള ജനങ്ങൾ എന്നെപ്പോലെ ഗാന്ധിജിയെ സ്പർശിക്കുവാൻ ഭാഗ്യമുണ്ടായവരെപ്പറ്റി ഒരുവേള കേൾക്കുവാൻ ഇടയാകുന്നപക്ഷം ഞങ്ങളുടെ ധന്യതയിൽ അസൂയപ്പെട്ടേക്കുമെന്നുള്ളതു് തീർച്ചതന്നെ. രാമായണത്തിലെ ഗുഹൻ, ഭാരതത്തിലെ വിദുരർ, ബുദ്ധചരിതത്തിലെ മാതംഗി, ക്രിസ്തുദേവചരിത്രത്തിലെ മഗ്ദലേനമറിയം എന്നിങ്ങനെ ചില വിനീതവ്യക്തികളെപ്പറ്റി നാം ഇന്നും കേൾക്കുന്നുണ്ടല്ലോ. അത്രമാത്രമൊന്നുമില്ലെങ്കിലും, ആ പുണ്യാത്മാക്കളെയെല്ലാം അവരവരുടെ ആരാധനാമൂർത്തികളിലേക്കു നയിച്ച ആ ഭക്തിസ്ഫുലിംഗത്തിന്റെ ഏതോ ഒരു കണിക ഈയുള്ളവനിലും ഉണ്ടായിരുന്നില്ലെന്നു എങ്ങിനെ പറയുവാൻ കഴിയും? അല്ലെങ്കിൽ ഇരുപത്തിനാലു സംവത്സരങ്ങൾക്കുമുൻപുണ്ടായ ആ ഗാത്രസ്പർശത്തിന്റെ സ്മരണ ഇന്നും എന്നിൽ പുളകം ചേർക്കുന്നതെന്തുകൊണ്ടു്?



ആനന്ദഭവനത്തിന്നധിനായകം, മഹാ
ദാനശൂരനാംഗുരോ പണ്ഡിതമോതിലാൽജി
അങ്ങുതൻ ജന്മദിനം, സ്വാതന്ത്ര്യ[illegible]ത്തിലെ
പൊൻതിരപ്പാറ [illegible]
അലഹബാദിൻ യശോധാമമേ വാനത്രേ
വിലതീരാത്തരണ്ടു [illegible]ങ്ങൾക്കുടയവൻ
വിജയലക്ഷ്മി ജവഹർ ഇവരുടെ
വിജയധ്വനി വിണ്ണിൽ മാറൊലിക്കൊള്ളും—
(വതില്ലേ
അങ്ങുതന്നപദാനം ഭാരതസ്വാതന്ത്ര്യത്തിൻ
പൊന്നൊഴിഞ്ഞൊരാചിലടിപ്പട്ടേകയാണെന്നങ്ങും


നമ്പ്യാരുടെ
൩൦ തുള്ളൽക്കഥകൾ
വില രൂ: ൪ ണ 8
മാനേജർ
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

# ശബ്ദവ്യുൽപ്പത്തി

കെ. നീലകണ്ഠപ്പിള്ള, ചുനക്കര

മലയാളപദങ്ങളുടെ വ്യുൽപ്പത്തിയെക്കുറിച്ചു പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായഭിന്നത കാണുന്നു. ഒരു പദത്തിനു ഒന്നിലധികം വ്യുൽപ്പത്തി പറയാൻ കഴിഞ്ഞെന്നുവരാം. അതിലേതാണു ശരിയായുള്ളതെന്നു തീർച്ചപ്പെടുത്തുവാൻ വിഷമമാണു. പണ്ഡിതന്മാരുടെ ശ്രദ്ധയ്ക്കായി ചില പദങ്ങൾ താഴെ കുറിച്ചുകൊള്ളുന്നു.

൧. മാവേലിക്കര—മാവേലിക്കര താലൂക്കിന്റെ വടക്കേ അതിർത്തിയിൽക്കൂടി അച്ചൻകോവിലാറ് ഒഴുകുന്നു. [illegible], പുതിയകാവ്, കണ്ടിയൂർ മുതലായ സ്ഥലങ്ങൾ വെള്ളപ്പോൾ ആറ് താലൂക്കിനുള്ളിൽക്കൂടിയാണ് ഒഴുകുന്നു പുതിയകാവിനടുത്തു പുഞ്ചപ്പാടങ്ങളോടുകൂടിയ താഴ്ന്നകാട്ടു താഴെക്കര എന്ന അർത്ഥത്തിൽ "തഴക്കര" എന്ന പേർ പറയുന്നു. അതിനു തെക്കുള്ള ഉയർന്ന കരയ്ക്കു മേലേക്കര എന്നു പറയാവുന്നതാണല്ലോ. ഇങ്ങനെ തഴക്കര-തഴക്കര-എന്നും മേലേക്കര എന്നും രണ്ടു പ്രദേശങ്ങൾ അവിടെയുണ്ട്. മേലേക്കര കാലക്രമത്തിൽ 'വേലിക്കര' ആയി മാറാവുന്നതാണ്. മാവേലിക്കര ഇപ്രകാരം മാവേലിക്കരയായിത്തീർന്നതാണെന്നു പറയാം.

മഹാബലി എന്ന പദം 'മാവേലി' ആയിത്തീരുന്നതിനു വിഷമമില്ലെങ്കിലും മഹാബലി ചക്രവർത്തിയുടെ പേരിനോട് ഈ സ്ഥലത്തെ ഘടിപ്പിക്കുന്നതിലുള്ള യുക്തിയോ ചരിത്രപശ്ചാത്തലമോ എന്തെന്നു മനസ്സിലാകുന്നില്ല.

൨. ചങ്ങനാശേരി—സംഘജനങ്ങളുടെ ചേരി—കര അഥവാ ഗ്രാമപ്രദേശം—ബൗദ്ധന്മാരുടേയോ ജൈനന്മാരുടേയോ സാങ്കേതസ്ഥാനമായിരുന്നതിനാൽ ഈ പേരുണ്ടായതായിരിക്കണം. സംഘജനം-ചങ്കനം-ചങ്ങനം-എന്നിങ്ങനെ ക്രമേണ രൂപഭേദം—ചങ്ങനാശേരിയിലെ വാഴപ്പള്ളി എന്ന സ്ഥലനാമംതന്നെ ഇതിനു മറ്റൊരു തെളിവാണ്. ബൗദ്ധസംഘക്കാരുടെ താമസസ്ഥലങ്ങൾക്ക് പള്ളി, പള്ളിക്കൽ, മുതലായ സംജ്ഞകൾ ധാരാളമായി കാണുന്നുണ്ട്. വാഴപ്പള്ളി, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, പള്ളിമുക്കം, പള്ളിപ്പുറം മുതലായ ശബ്ദങ്ങളിലെ പള്ളി എന്ന അംശം ബൗദ്ധസങ്കേതങ്ങളെ സൂചിപ്പിക്കുന്നതാണ്. തൃച്ചിനാപ്പള്ളിയും ആ കൂട്ടത്തിൽതന്നെ (തിരു-ജിന-പള്ളി)

൩. തങ്കച്ചേരി—സംഘക്കാരുടെ ചേരി. ഇതിലെ സംഘക്കാർ ആരായിരിക്കാം? ചീനത്തുകാർ, അറബികൾ മുതലായ കച്ചവടസംഘക്കാരുടെ വാസസ്ഥാനമായിരുന്നതിനാലായിരിക്കണം ഈ പേരു സിദ്ധിച്ചത്. കൊല്ലം കടൽത്തീരത്തുള്ള കച്ചവടസംഘക്കാർ പണ്ടു പാർത്തിരുന്നുള്ള ചരിത്രപ്രസിദ്ധമാണല്ലോ.

൪. എഴുത്തച്ഛൻ—അച്ഛൻ ബുദ്ധമതപുരോഹിതനാണ്. മുൻകാലങ്ങളിൽ ബുദ്ധമതപുരോഹിതന്മാർ വിഹാരങ്ങളോടുകൂടി പാഠശാലകളുണ്ടാക്കി എഴുത്തുപഠിപ്പിച്ചുവന്നിരുന്നതിനാൽ അവർക്കു എഴുത്തച്ഛൻ എന്ന പേരുണ്ടായി. ക്രിസ്ത്യൻപള്ളികളോടൊത്തു പാഠശാലകൾകൂടി നടത്തിപ്പോരുന്ന സമ്പ്രദായം പണ്ടത്തെ ബൗദ്ധസമ്പ്രദായങ്ങളിൽനിന്നുണ്ടായതാണ്.

൫. ചെമ്പകരാമൻ—തിരുവിതാംകൂറിൽ ചിലർക്കെല്ലാം ഈ സ്ഥാനപ്പേരുണ്ടായിരുന്നതായി ചരിത്രമുഖേന നാം അറിയുന്നുണ്ട്. തമ്പി ചെമ്പകരാമൻ എന്നു കേൾക്കുമ്പോൾ വാദ്യഘോഷം അതിനെക്കുറിച്ചു ഒന്നും ചിന്തിക്കാറില്ലെങ്കിലും അന്വേഷകന്മാർ ചിന്തിച്ചുചിന്തിച്ചു ഒന്നും മനസ്സിലാകാതെ മിഴിച്ചുനില്ക്കാറുണ്ട്. ഒരു അവരുടെകൂറാമല്ല ചെമ്പകരാമൻകാരുടെ വലിയ ആളുകളാകും ഉദ്യോഗം പിഴച്ചുകൊണ്ടുണ്ട്. ചെമ്പം, രാമൻ, എന്ന രണ്ടു ശബ്ദങ്ങൾ ഇതിൽ കാണുന്നു. ഈ പദങ്ങൾതമ്മിൽ എന്തു ബന്ധമാണുള്ളത്?

ചെമ്പെരുമാൾകിരാമം എന്ന നീണ്ടപദം, ചെമ്പിരാൻകിരാമം, ചെമ്പകിരാമം ചെമ്പകരാമം എന്നിങ്ങനെ ക്രമേണ മാറിവന്നതല്ലേ? മണിക്കിരാമം (ഗ്രാമം) പോലെ ഒരു സ്ഥാനപ്പേരുതന്നെ ഇതും. ചെങ്കുട്ടുവൻ, ചെന്തമിഴ്, ചെമ്പരുത്തി മുതലായ പദങ്ങളിൽ കാണുന്നതുപോലെ ചെം എന്ന അംശം ഇതിലും കാണുന്നു. ചെമ്പെരുമാൻ, ചെമ്പിരാൻ എന്നീ ശബ്ദങ്ങൾക്ക് ചൊവ്വുള്ള നല്ല അരചൻ എന്നർത്ഥമാണ്. ഒരു പ്രഭുപദവിയത്രെ ഇത്. കിരാമം എന്നതിലെ ആദ്യത്തെ 'ക'കാരം ചെമ്പകത്തിലെ അന്ത്യമായിത്തീരുകയും, രാമം എന്നുമാത്രം അവശേഷിച്ചതാണ്. രാമൻ എന്നാകുകയും ചെയ്തു. ചെമ്പകവല്ലി, ചെമ്പകക്കുട്ടി എന്നിങ്ങനെ പെൺകുട്ടികൾക്കു പേരുകളുണ്ടല്ലോ. ആ ക്രമമനുസരിച്ചു ആണുങ്ങൾക്കു ചെമ്പകരാമൻ ചെമ്പകക്കുട്ടൻ എന്നിങ്ങനെ പേരുകൾ വന്നുകൂടായോ എന്നൊരു സംശയം ചിലർക്കു പറഞ്ഞതായി ഓർക്കുന്നു.

൬. തേര (സ്ഥ) 'ഥേര' എന്ന ബുദ്ധപര്യായത്തിൽനിന്നായിരിക്കണം ഈ പദത്തിന്റെ ഉൽപത്തി. തേരനെ (ബുദ്ധവിഗ്രഹത്തെ) വച്ചു എഴുന്നള്ളിക്കുന്നതിനു മുൻകാലത്തു ഉപയോഗിച്ചിരുന്നതിനാൽ തേര് എന്ന പേരുണ്ടായതാവാം. പണ്ടത്തെ ബുദ്ധവിഹാരങ്ങളുടെ ആകൃതിയാണത്രെ തേരിനുള്ളത്.

—൦—

# ഡാ: സച്ചിദാനന്ദസിൻഹാ

## ഭാരതത്തിന്റെ വന്ദ്യവയോധികൻ

ററി. എ. അബ്ദുൽലത്തീഫ് യൂണിവേഴ്സിററികാളേജ്

വയസ്സുകൊണ്ടും വിജ്ഞാനംകൊണ്ടും വൃദ്ധനായ സിൻഹാ ബീഹാറിന്റെ അഭിമാനസന്താനമാണെങ്കിൽ ഭാരതത്തിന്റെ വന്ദ്യവയോധികനാണ് (Grand Old Man) ൮൦-ം വയസ്സിലേക്കു കാലൂന്നിക്കഴിഞ്ഞിരിക്കുന്ന കഥാപുരുഷനു അഭിമാനിക്കാനുള്ള വിഖ്യാതിലോകം തീർച്ചയായും വ്യാപകമാണ്. വളരെ പ്രക്ഷുബ്ധമായിരുന്ന അദ്ദേഹത്തിന്റെ കഴിഞ്ഞകാലജീവിതം ഇന്നു പ്രശാന്തതതേടി ഒളിഞ്ഞും മറഞ്ഞും കഴിയുകയാണ്. മിക്കവാറും സ്ഥാനമാണ് അതിനു കാര്യമെങ്കിലും ആ വൃദ്ധഹൃദയം നവമായ ഉന്മേഷ



ത്തോടും യുവസഹജമെന്നു തോന്നിപ്പോകുന്ന ഉത്സാഹത്തോടുംകൂടെ, ഇന്നും ചലിച്ചുകൊണ്ടിരിക്കുന്നതു ലക്ഷ്യത്തിനു ജീവനും ഓജസ്സും നൽകുന്നതു. ജീവിതഗ്രന്ഥത്തിലെ ഏടുകൾ വിരാമമിട്ടു കഴിഞ്ഞകാലസംഭവങ്ങളെയും സംരംഭങ്ങളെയും പശ്ചാത്തലമാക്കിക്കൊണ്ടു കഴിച്ചുകൂട്ടുന്ന ആ ജീവിതസായാഹ്നത്തിലും ആ വിദഗ്ദ്ധഹസ്തം ഇന്നു വ്യക്തികളേയും പ്രസ്ഥാനങ്ങളെയും തുലനംചെയ്തു തൂക്കിയിട്ടു വിലമതിക്കുന്നതിൽ വ്യാപൃതമാണ്. നമുക്കു ആ വിശ്രമരഹിതജീവിതത്തിലേക്കു ഒന്നു എത്തിനോക്കാം.

ബീഹാറിന്റെ അഭിമാനമായ സച്ചിദാനന്ദസിൻഹായെ ഒരു വിപ്ലവകാരിയായാണ് ജീവിതാരംഭംമുതലേ നാം കാണുക. മാതാപിതാക്കന്മാരോടു മല്ലിട്ടു ആ യുവാവു അന്നു നിയമവിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കു കപ്പൽകയറിയതു് ഒരു അസാധാരണസംഭവമായി അന്നത്തെ ഇൻഡ്യ കണക്കാക്കി. നാം ആ സംഭവത്തിൽ ഉൽക്കർഷേച്ഛ, ഉല്പതിഷ്ണുത്വം, സ്വാതന്ത്ര്യാഭിലാഷം എന്നിവ ഒത്തിണങ്ങിയ ഒരു വ്യക്തിപ്രഭാവമല്ലയോ കാണുന്നതു്? തന്മൂലമായതന്നെ, താണതായിപ്പെടുന്ന 'കായസ്ഥ' സമുദായത്തെയപേക്ഷിച്ചു താഴ്ന്നതെന്നു പരിഗണിക്കപ്പെട്ടിരുന്ന വർഗ്ഗവിഭാഗത്തിൽപെട്ട ഒരു പഞ്ചാബി വനിതയെ തന്റെ സഹധർമ്മിണിയായി സ്വീകരിച്ചതു പലരേയും അമ്പരപ്പിക്കതന്നെ ചെയ്തു. സിൻഹായുടെ പ്രേമജീവിതം അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഒരു സുപ്രധാനാദ്ധ്യായമായാണ് എണ്ണുക.

അഭിഭാഷകവൃത്തി സിൻഹായെ ധനസമ്പന്നനാക്കി മാററി. ഉദാരമായ സംഭാവനകളാൽ തന്റെ ഏററം അഭിമാനിക്കുന്ന തന്റെ നഗരത്തെ അദ്ദേഹം മോഹനമാക്കി. പഴയ പാടലീപുത്രം പുതിയ പാററനായായി.

വെറുമൊരു വക്കീലായി കഴിയാൻ അല്ല സിൻഹാ ഉദ്ദേശിച്ചതു്. ഹാ അങ്ങനെയായിരുന്നെങ്കിൽ ഇന്നു ഇത്രകണ്ടു വിപുലമായ ഒരാരാധകസംഘം അദ്ദേഹത്തിനു അഭിമാനിക്കാൻ സംഗതിയാകുമായിരുന്നു എന്നുള്ളകാര്യം തീർച്ചയായും സന്ദേഹാസ്പദമാണ്.

കഥാപുരുഷന്റെ രാഷ്ട്രീയലോകത്തു രംഗപ്രവേശംചെയ്തതു ഇന്നോ ഇന്നലെയോ അല്ല. (൧൮൦൯-ലെ മിന്റോമോർലി, ഭരണപരിഷ്കാരകാലത്തു കല്ലിട്ടതാണ നാം ഇന്നുകാണുന്ന വിശ്രുതമായ ജീവിതമന്ദിരം! അങ്ങനെ ആരംഭിക്കപ്പെട്ട ആ സേവനചരിത്രത്തിൽ വിവിധനിലകളിലുള്ള വിപുലമായ അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. നവഭാരതത്തിന്റെ ചരിത്രമാണ് സിൻഹായുടെ ചരിത്രമെന്നു എന്തുകൊണ്ടു പറഞ്ഞുകൂടാ? ഇമ്പീരിയൽ ലെജിസ്ലേററീവുകൌൺസിൽ, കേന്ദ്രഅസംബ്ലി, പ്രവിശ്യാനിയമസഭ ഇവിടെയെല്ലാം അദ്ദേഹത്തിന്റെ അന്യാദൃശമായ വാക്ചാതുര്യം നിരന്തരം പതഞ്ഞൊഴുകിയിട്ടുണ്ട്. ബീഹാർ-ഒറീസ്സ ഗവണ്മെണ്ടിന്റെ (അന്നു അവ വേർതിരിച്ചിട്ടില്ലായിരുന്നു.) എക്സിക്യൂട്ടീവുകൌൺസിലിലെ ധനകാര്യമന്ത്രിയെന്ന വ്യത്യസ്തമണ്ഡലവും സിൻഹായുടെ സേവനപരിധിയിൽ ഉൾപ്പെടുന്നു. ഒരു മന്നംകിടയേ നസാരഥി—ഒരു തികഞ്ഞ സാമ്പത്തിക വിദഗ്ദ്ധൻ എന്ന പേരു ആ ഹ്രസ്വകാലജീവിതം അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു.

ഇവിടേയും അവസാനിക്കുന്നില്ല ആ സേവനസംരംഭങ്ങൾ. ബീഹാർ ലെജിസ്ലേററീവ് അസംബ്ലിയുടെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡന്റും കൌൺസിലിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമായിരുന്നു സിൻഹാ. പാർലമെന്ററി നടപടിക്രമങ്ങളിൽ അദ്ദേഹത്തിനുള്ള പരിചയസമ്പത്തു മററു പുരോഗാമികൾക്കു അഭിമാനിക്കാൻ സാധിക്കും. ഈ നേട്ടങ്ങളും വിജയങ്ങളുമെല്ലാം അന്നത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ കൂടിവേണം നാം വീക്ഷിക്കാൻ. എന്തുകൊണ്ടെന്നാൽ ഇമ്പീരിയലിസത്തിന്റെ ഇതളിൽപ്പെട്ടിരുന്ന ഇന്ത്യയിൽ അന്നു അധികാരികളാൽ അവരോധിക്കപ്പെട്ട അരങ്ങേററം നടത്തിയ ഒന്ന അന്നു-ഒരു ഭാരതീയനു ആ സ്ഥാനങ്ങളെല്ലാം വിലക്കപ്പെട്ടതായി കരുതപ്പെട്ടിരുന്നു!

പത്രപ്രവർത്തനം സിൻഹായുടെ ജീവനാണെന്നു പറഞ്ഞാൽ അതു അധികമായിപ്പോകുന്നതല്ല. ൧൮൯൦-മാണ്ടു ഹിന്ദുസ്ഥാൻറിവ്യൂവിൽ തുടങ്ങി തുടരുന്നതാണ്. ഭാരതീയപത്രപ്രവർത്തനചരിത്രത്തിൽ മായാത്ത ഒരു മഹത്സ്ഥാനം ഈ ബഹിർമുഖവിശ്രുതനായ മഹാരഥനുണ്ടെന്നുള്ളതു നിസ്തർക്കമാണ്.

ഇനി, പ്രഭാഷകൻ എന്ന നില നോക്കുകയാണെങ്കിൽ selections from Dr. Sinha's speeches and writings കൂടി ഒന്നു കണ്ണോടിച്ചാൽ മതി ലേഖനപരിമിതിയെ മുൻനിർത്തി, ഉദ്ധരിക്കുന്നതിനു മുതിരുന്നില്ല. ഒന്നു ചൂണ്ടിക്കാണിക്കാം. ഉത്കൽ (ഒറീസ്സ) സർവ്വകലാശാലയുടെ ഒന്നാമത്തെ ബിരുദദാനപ്രസംഗം, (൧൯൪൪) യുവഭാരതത്തെ പുളകംകൊള്ളിക്കും; ആരായും ആവേശഭരിതരാക്കും. പാണ്ഡിത്യമഹത്വം ഹാസ്യമാധുര്യം മുന്നിട്ടുനിൽക്കുന്നതു സംശയിക്കും!

മുന്നണിപ്രഭാഷകന്മാർ സാധാരണയായി ഗ്രന്ഥരചനയിൽ പിന്നിലാണെന്നുള്ളതിനു സിൻഹ, ഒരു വ്യത്യസ്തനാണ്. ഒരു ഇഖ്ബാൽപ്രണയിയായ ഇദ്ദേഹം താൻ ഈയിടെ പ്രസിദ്ധീകരിച്ച വിശ്രുതമായ Iqbal- His Poetry and his Message-ന്റെ (ഇഖ്ബാൽ അദ്ദേഹത്തിന്റെ കവിതയും സന്ദേശവും) വരികളിൽ അങ്ങിങ്ങായി നിറഞ്ഞുവച്ചിരിക്കുന്ന നിശിതമാണെങ്കിലും നിപുണമായ നിരൂപണന്യായങ്ങളും വാദഗതിയും, മഹാകവിയെ അടുത്തറിയാൻ ആർക്കും ഏറെ ഉപകാരപ്പെടും; ഇഖ്ബാലിന്റെ ഈരടികൾ ഉദ്ധരിക്കാത്ത സിൻഹാ പ്രസംഗങ്ങൾ ചുരുക്കമാണ്. 'നമ്മുടെ ഇൻഡ്യ, എന്നു പറയുമ്പോൾ അദ്ദേഹം വികാരാവേശനാകും! ഈ മഹാരഥനെ ഇൻഡ്യൻ കാണസംബ്ലിയുടെ താല്ക്കാലികാദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. സ്വാതന്ത്ര്യഇൻഡ്യ അദ്ദേഹത്തോടുള്ള കടപ്പാട് പ്രകടിപ്പിച്ചുകഴിഞ്ഞു.

സിൻഹാ ഒരു വിദ്യാഭ്യാസധുരന്ധരൻകൂടിയാണെന്നുള്ളകാര്യം വിസ്മരിക്കത്തക്കതല്ല. ൧൯൩൬-ൽ പാററ്നാ സർവ്വകലാശാലയുടെ വൈസ്ചാൻസലറായി നിയമിക്കപ്പെട്ടതോടെ വിദ്യാഭ്യാസരംഗത്തിൽ അദ്ദേഹം നൽകിയ അമൂല്യസേവനങ്ങൾക്ക് അംഗീകാരം നൽകിയതായി പരിഗണിക്കാം. അദ്ദേഹത്തോടുള്ള കൃതജ്ഞതാസൂചകമായി അല്ലഹബാദ സർവ്വകലാശാല അദ്ദേഹത്തിനു് ഓണററി ഡി. ലിററ് ബിരുദം നൽകി.

ഇംഗ്ലീഷ് സാഹിത്യത്തിലെന്നപോലെ ഹിന്ദിയിലും ഉർദുവിലും സിൻഹാ അവഗാഹമായ അറിവ് ആർജ്ജിച്ചിട്ടുണ്ട്. എഴുത്തും വായനയും അദ്ദേഹത്തിന്റെ ജീവാത്മസായാഹ്നത്തെ മോഹനമാക്കുന്നു ഈയിടെ പ്രസിദ്ധീകരിച്ചതും, പാകിസ്ഥാൻ സ്ഥാപകനായ ഖിയിദെ അസമിനെ അധികരിച്ചു എഴുതിയതുമായ ഒരു ലേഖനം സിൻഹായുടെ ധൂളികാപ്രസരത്തിനു പ്രത്യക്ഷതെളിവാണ്. സിൻഹായുടെ അഭിപ്രായാശയങ്ങളോടെ പലരും വിയോജിക്കുമെങ്കിലും, ആ അന്യാദൃശമായ പാണ്ഡിത്യം, സാരള്യം ആ രീതി പറയുന്ന സംഗതികളുടെ മനോഹാരിത, ആ പോക്കും മട്ടുമെല്ലാം ഒരു പ്രത്യേകതന്നെയാണ്.

അജയ്യനായ പ്രഭാഷണചതുരൻ, അഭിനീയനായ പത്രപ്രവർത്തകൻ, തികഞ്ഞ സ്വതന്ത്രചിന്തകൻ, വിദ്യാഭ്യാസധുരന്ധരൻ, അങ്ങനെപോകുന്ന ആ ജീവിതനേട്ടം. ആദ്യവും കലുഷവും ഇല്ലവരെയില്ലും ഒഴുക്കും ഓജസ്സുമുണ്ട് വേണ്ടുവോളം. സമുദായ സ്പർദ്ധയിൽനിന്നകലെട്ടുതാകരാമതകണ്ടു അദ്ദേഹം ഞെട്ടുന്നല്ലേ?

കക്ഷിരഹിതനായതിനാൽ അദ്ദേഹത്തെ കാണുന്നതെങ്കിൽ, അതു് അദ്ദേഹത്തിന്റെ മറൊരു ഗുണവിശേഷത്തെ ഉദാഹരിക്കാനാണുതകുക. പക്ഷെ അദ്ദേഹത്തിന്റെ അടിയുറച്ച ദേശീയബോധവും അതുല്യംകവിഞ്ഞ രാജ്യാഭിമാനവും, ചില കക്ഷികളെ അല്ലെങ്കിൽ, ഒരു കക്ഷിയെ, ഒരുവണ്ണമല്ല പലതവണയും, ഒരുവിധത്തിലല്ല, പലതരത്തിലും, ഉപദേശവും സഹകരണവുംനൽകി സഹായിക്കുവാൻ അദ്ദേഹത്തെ ഉദ്യുക്തനാക്കിയിട്ടുണ്ടെന്നുള്ള കാര്യം പ്രസ്താവ്യമാണ്. സ്വതന്ത്രഇൻഡ്യയ്ക്ക് എപ്പോഴുംകൂടെയും അദ്ദേഹത്തോടുള്ള കടപ്പാടു നിസ്തർക്കമാണ്. ഗാന്ധിജിതുടങ്ങിയ ചിലരെ ഒഴിച്ചാൽ, നമ്മുടെ നാട്ടിന്റെ നവയുഗത്തിന്റെ ശില്പികളിൽ പ്രമുഖനാണ് സച്ചിദാനന്ദസിൻഹാ.

—൦—

# ജ്യോതിഃശാസ്ത്രം

പ്രൊഫസർ, കെ. സി. കേശവൻ

മകരം ൧൧-ാംനു-യിലെ വാരികയിൽ മി. എ. എൻ. ശ്രീനിവാസരാഘവയ്യങ്കാർ എഴുതിയിരുന്ന മറുപടി എന്നെ വളരെ ഇച്ഛാഭംഗപ്പെടുത്തുകയാണു ചെയ്തതു്. വാദപ്രതിവാദംകൂടാതെതന്നെ എനിക്കു വിജയം സമ്മതിച്ചുതരാനുള്ള സന്നദ്ധതയോടുകൂടിയാണെങ്കിലും, എന്റെ അഭിപ്രായമാവശ്യപ്പെടുന്ന വസ്തുതകളെക്കുറിച്ചു വേണ്ടവിധം ചിന്തിക്കാതെയും, കഴിയുന്നത്ര വേഗം ആ അഭിപ്രായത്തെ നിഷ്കാസനംചെയ്യണമെന്നുള്ള നിർബ്ബന്ധത്തോടുകൂടിയും രംഗപ്രവേശം ചെയ്തിരിക്കുന്ന മി. അയ്യങ്കാർ ശാസ്ത്രസംബന്ധമായ ഒരു വാദവേദിയിൽ തീരെ സ്ഥാനാർഹനല്ലാത്തവിധം കാണപ്പെടുന്നതു നിർഭാഗ്യകരംതന്നെയാകുന്നു. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അടക്കംചെയ്യുവാൻ ശ്രമിച്ചിരിക്കുന്ന ഹൃദയവിശാലതയേയും വിജ്ഞാനതൃഷ്ണയേയുംകാൾ തെളിഞ്ഞുകാണുന്നതു്, ഗവേഷണബുദ്ധിയുടെ അഭാവത്തിനിമിത്തം മുന്നോട്ടു നീങ്ങുവാൻ കഴിവില്ലാതെ മതവിശ്വാസങ്ങളിൽ അഭയം പ്രാപിച്ചു വിജയിക്കുന്ന ചിന്താശൂന്യതയും മിഥ്യാബോധവുമാകുന്നു.

യഥാർത്ഥജ്ഞാനമെന്നതു് അനന്തവും അപ്രമേയവുമാണെങ്കിൽ ആ ലക്ഷ്യത്തിൽ സഞ്ചരിക്കുന്ന ഒരു യഥാർത്ഥഗവേഷകനു് യാതൊരു ദുർബ്ബലവിശ്വാസങ്ങളിലും തങ്ങിനിൽക്കുവാനോ അലംഭാവം പ്രദർശിപ്പിക്കുവാനോ കഴിയുന്നതല്ല. ഗവേഷണതൃഷ്ണ തീർന്നുപോകുമ്പോൾമാത്രമേ യഥാർത്ഥജ്ഞാനത്തിലേക്കുള്ള പന്ഥാവിൽ വിജ്ഞാനം നാട്ടിയിട്ടുള്ള കുറികളിൽ തട്ടി ഇത്തരം യഥാസ്ഥിതികവിശ്വാസങ്ങളിൽ നിപതിച്ചുപോകാറുള്ളൂ. അങ്ങനെയുള്ള ഗവേഷണതൃഷ്ണ നഷ്ടപ്പെട്ടവരെ ശാസ്ത്രസംബന്ധമായ ഒരു വാദവേദിയിൽ അഭിമുഖീകരിക്കുകയെന്നതു അത്യന്തം നിരാശാജനകമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അവരിൽനിന്നു നമുക്കു ലഭിക്കുന്ന ഉപദേശങ്ങൾ പലപ്പോഴും അയഥാർത്ഥങ്ങളും ആസ്ഥികങ്ങളുമായിരിക്കും. ചില പദങ്ങളുടെ പരിഭാഷയോ അപ്രസിദ്ധങ്ങളായ ചില വ്യാഖ്യാനങ്ങളോ അല്ലാതെ വലിയ സമ്പാദ്യങ്ങളൊന്നും അവരിൽനിന്നു സ്വീകരിക്കുവാൻ കാണുകയുമില്ല.

മി. അയ്യങ്കാരുടെ മകരം ൧൧-ാംനു-യിലെ ലേഖനം കാണും അതിൽ അദ്ദേഹം ഉപന്യസിച്ചിട്ടുള്ള കർക്കടകം ൧൧൬, കന്നി ൧൧൩ ഈ തീയതികളിലെ വാരികയിൽ പ്രസിദ്ധംചെയ്തിട്ടുള്ള ലേഖനങ്ങൾ കണ്ടും ഞാൻ അനുമാനിക്കുന്നതു്, മി: അയ്യങ്കാരുടെ ഗവേഷണബുദ്ധി ഹിന്ദുമതഗ്രന്ഥശാലകളിലല്ലാതെ ജ്യോതിശ്ശാസ്ത്രവിഹായസ്സിൽ വിശ്രമിക്കുവാൻപോലും സഞ്ചരിച്ചിട്ടില്ലെന്നാണു്. എന്തുകൊണ്ടെന്നാൽ, ജ്യോതിശ്ശാസ്ത്രത്തിന്റെ ഗണിതഭാഗത്തിലും ഫലഭാഗത്തിലും സാരമായ ഗവേഷണങ്ങളും പരിഷ്കാരങ്ങളും അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്ന ഈ ശതാബ്ദത്തിൽ, ഒരു കൊല്ലത്തിലധികമായി ഗവേഷണം നടത്തി വിജയിച്ചിരിക്കുന്നുവെന്നു അഭിമാനിക്കുന്ന മി: അയ്യങ്കാർ തന്റെ സമ്പാദ്യപ്പെട്ടിയിൽ സംഭരിച്ചിരിക്കുന്നതു്, ജ്യോതിശ്ശാസ്ത്രം ഭാവിയെപ്പറ്റി പറയുവാൻ കഴിവുള്ളതല്ലെന്നും, വൈദികമതം ജ്യോതിശ്ശാസ്ത്രത്തെ പലവിധത്തിലുള്ള പ്രായശ്ചിത്തകർമ്മങ്ങളിൽക്കൂടി, കബളിപ്പിക്കുന്ന പലരേയും ആശ്വസിപ്പിക്കുന്നു എന്നും ജ്യോതിശ്ശാസ്ത്രത്തിൽ സംഘടിപ്പിച്ചിട്ടുള്ള പ്രതിവിധികളെല്ലാം അത്ഭുതകരമായ ഫലപ്രാപ്തിയെ ഉളവാക്കാൻ പര്യാപ്തമാണെന്നും ഉള്ള അമൂല്യവിജ്ഞാനസമ്പത്തുകളത്രെ. അദ്ദേഹത്തിന്റെ ഗവേഷണഫലങ്ങൾ നിസ്സാരങ്ങളാണെന്നല്ല ഞാൻ ഇതുകൊണ്ടു് അർത്ഥമാക്കുന്നതു്. എന്നാൽ മി: അയ്യങ്കാരുടെ ഗവേഷണപ്പുരയെ ഹിന്ദുമതത്തിന്റെ വിശുദ്ധീകരണത്തിനായിമാത്രം ഉപയോഗിക്കുന്നതായിരിക്കും കരണീയമെന്നും അഭികാമ്യമെന്നുമുള്ള എന്റെ വിനീതമായ അഭിപ്രായം വ്യക്തമാക്കുന്നതിൽ അദ്ദേഹം എന്നോടു് കോപിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ആചാര്യന്മാരുടെ അത്ഭുതകരമായ ധിഷണാസാമർത്ഥ്യത്തിന്റെ ചില അംശങ്ങൾ കണ്ടുകൊണ്ടുമാത്രം ഗവേഷകലോകത്തിലെ വ്യവസ്ഥിതികളുടെ അനാവശ്യാവകാശിയായി രംഗപ്രവേശം ചെയ്യുന്നതു് എത്രമാത്രം അംഗീകാര്യമാണെന്നുള്ള വസ്തുത പൊതുജനങ്ങൾ തീരുമാനിക്കട്ടെ!

ജ്യോതിശ്ശാസ്ത്രത്തിന്റെ ഏതെല്ലാംഭാഗങ്ങളിലാണു ഗവേഷണം നടത്തേണ്ടതെന്നും എന്തെല്ലാമാണു പരിഷ്കാരണമർഹിക്കുന്നതെന്നും എങ്ങനെ നവീകരിച്ചാൽ ജ്യോതിശ്ശാസ്ത്രം ആധുനികലോകത്തിന്റെ നാനാമുഖങ്ങളായ ജീവിതപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുമെന്നും മി: അയ്യങ്കാർ ചിന്തിക്കുകകൂടിച്ചെയ്തിട്ടില്ലെന്നു അദ്ദേഹത്തിന്റെ ലേഖനങ്ങൾ നല്ലവണ്ണം വ്യക്തമാക്കുന്നുണ്ടു്. ജ്യോതിശ്ശാസ്ത്രത്തിൽ എന്തെങ്കിലും ഗവേഷണപരിഷ്കാരങ്ങൾ ആവശ്യമുണ്ടെങ്കിൽ അതു ഏതെല്ലാംവശങ്ങളിലാണെന്നു വിശദീകരിക്കുന്നതു് ഇവിടെ അസംഗതമായിരിക്കയില്ലല്ലോ.


സ്കന്ദത്രയാത്മകമായ ജ്യോതിശ്ശാസ്ത്രത്തെ ഗണിതഭാഗമെന്നും ഫലഭാഗമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ഗണിതഭാഗത്തിൽ സൂര്യാദിഗോളങ്ങളുടെ ഗതിവിഗതികളും അവസ്ഥാവ്യത്യാസങ്ങളും കണ്ടുപിടിക്കുവാനുള്ള മാർഗ്ഗമാണു നിർദ്ദേശിക്കുന്നതു്. ഈ ഗണിതഭാഗത്തിൽതന്നെ സാരമായ വൈകല്യങ്ങൾ നേരിട്ടു. ഉദ്ദേശം ൩൦൦ കൊല്ലങ്ങൾക്കുമുമ്പു നവീകരിക്കപ്പെട്ട ദൃഗ്ഗണിതമാണു കേരളത്തിൽ ഇന്നും സ്വീകരിച്ചുവരുന്നതു്. കാലാതിപാതംനിമിത്തം ആ ഗണിതസമ്പ്രദായം അസ്പഷ്ടമായിത്തീർന്നു. സൂര്യഗ്രഹണത്തിൽ ഏതാണ്ടു മുക്കാൽമണിക്കൂറും ചന്ദ്രഗ്രഹണത്തിൽ ഏതാണ്ടു ൨൦ മിനിട്ടും വ്യത്യാസം വരുന്നുണ്ടെന്നു നിരീക്ഷകന്മാർക്കു ബോദ്ധ്യമാവുകയും ചെയ്തു. എന്നാൽ സുദീർഘമായ ഗവേഷണപരിചയം സമ്പാദിച്ചിട്ടുള്ള മി. അയ്യങ്കാരുടെ ചിന്താപതംഗം ആ ദുർഘടരംഗങ്ങളിലൊന്നും സഞ്ചരിച്ചില്ല. പക്ഷേ കേരളീയജ്യോതിഷപണ്ഡിതന്മാരിൽ പ്രഥമഗണനീയനും ഒരു യഥാർത്ഥഗവേഷകനുമായ ശ്രീ: പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി അവർകൾ അദ്ദേഹത്തിന്റെ ദീർഘകാലപരിശ്രമഫലമായി ഒരു നവീനഗണിതസമ്പ്രദായം നിർമ്മിക്കുകയും 'സമസ്തകേരളജ്യോതിഷപരിഷത്ത്' അതിനെ ക്രൂലങ്കഷമായി ചർച്ചചെയ്തശേഷം അല്പം ചില ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത സന്തോഷപൂർവ്വം പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ ഗണിതസമ്പ്രദായം അങ്ങനെ സൂക്ഷ്മവും നവീകൃതവുമായിത്തീർന്നിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ.

ഇനിയും ജ്യോതിശ്ശാസ്ത്രത്തിലെ ഫലഭാഗത്തിലാണു് നാനാമുഖങ്ങളായ ഗവേഷണനിരീക്ഷണങ്ങൾ അത്യാവശ്യമായിരിക്കുന്നതു്. ഇന്നു നിലവിലിരിക്കുന്ന ജ്യോതിഷഗ്രന്ഥങ്ങൾ പലതും, അഞ്ഞൂറും ആയിരവും അതിലധികവുംവർഷത്തെ പഴക്കമുള്ളവയാണെന്നു ആ ഗ്രന്ഥങ്ങൾ പരിശോധിക്കുന്നവർക്കു അനായാസേന കാണുവാൻ സാധിക്കും. മനുഷ്യസമുദായത്തിന്റെ അന്നത്തെ ജീവിതസാഹചര്യങ്ങളാണു അവയിൽ പ്രതിഫലിച്ചുകാണുന്നതെന്നും മനസ്സിലാക്കാൻ പ്രയാസം നേരിടുന്നതല്ല. ശാസ്ത്രനിർമ്മാണകാലത്തിൽനിന്നു മനുഷ്യരുടെ ജീവിതത്തോടുള്ള സാഹചര്യങ്ങൾ ഇന്നു എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു! അപ്പോഴപ്പോഴുള്ള ജീവിതസാഹചര്യങ്ങളെ പ്രതിബിംബിപ്പിക്കുവാൻതക്കവിധം ജ്യോതിശ്ശാസ്ത്രം ആധുനികവും സുവ്യക്തവും സുസ്പഷ്ടവുമാകുന്നില്ലെങ്കിൽ ജീവിതയോധനത്തിൽ നേരിടേണ്ടിവരുന്ന സംഭവങ്ങളെക്കുറിച്ചു് ഉദ്ബോധിപ്പിക്കുന്നതിനും ജീവിതയാത്രാവിജയത്തിനു് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും ജ്യോതിശ്ശാസ്ത്രത്തിനു എങ്ങനെയാണു സാമർത്ഥ്യമുണ്ടാകുന്നതു്? ഈ വിഷയത്തിൽ നിഷ്കർഷാപൂർവ്വമായ ഗവേഷണനിരീക്ഷണങ്ങൾ അത്യാവശ്യമായിരിക്കയാണു്. ശാസ്ത്രകാരന്മാരുടെ ഇടയിൽതന്നെ ചില വിഷയങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളതായി കാണുന്നുണ്ടു്. അവയെ വേണ്ടവിധം പരിശോധിക്കയും ത്യാജ്യാംശങ്ങൾ കളഞ്ഞു് ശാസ്ത്രത്തെ നവീകരിക്കുകയും ചെയ്യേണം. ഫലഭാഗനിരീക്ഷണത്തിനു ഉപകരിക്കത്തക്കവിധം ജ്യോതിശ്ശാസ്ത്രത്തിലെ ഗ്രന്ഥസൂക്തങ്ങളെത്തന്നെ ഒന്നു തരംതിരിക്കേണ്ടതുണ്ടു. ചന്ദ്രന്റെ രണ്ടാംഭാവത്തിൽ കുജാദിപഞ്ചഗ്രഹങ്ങളിൽ ഏതെങ്കിലുമൊന്നു നിന്നാൽ ഉണ്ടാകുന്ന സുനഭായോഗത്തിനു "സ്വയമധിഗത വിത്തഃ പാർത്ഥിവസ്തൽസമോവാ ഭവതി ഹി സുനഫായാം ധീധനഖ്യാതിമാംശ്ച" എന്നു ഫലം പറഞ്ഞിരിക്കുന്നു. സുനഫാദിയോഗങ്ങൾ മനുഷ്യജാതകത്തിലെല്ലാം ഒരു സാമാന്യലക്ഷണമാണെന്നും, യോഗകാരികളായ ഗ്രഹങ്ങളുടെ ദശാപഹാരാദികളിൽപോലും നിർദ്ദിഷ്ടഫലങ്ങൾ അനുഭൂതമായിക്കാണുന്നില്ലെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ആചാര്യാഭിപ്രായങ്ങളെത്തന്നെ ഒന്നു നിരൂപണംചെയ്യേണ്ടതുണ്ടെന്നു വ്യക്തമാകുന്നുണ്ടല്ലോ. വിശേഷവിധികളെന്നു നിർവചിക്കാവുന്ന യോഗങ്ങളിൽ പലതും അനുഭവസിദ്ധമാണെന്നുള്ള സംഗതി ഇവിടെ വിസ്മരിച്ചുകൂടാ. ഏതായാലും ഫലഭാഗത്തിലെ പ്രമാണഗ്രന്ഥങ്ങളെല്ലാം ഒരു വിമർശനനിരൂപണത്തിനു വിധേയമാക്കുകയും, ശാസ്ത്രകാരന്മാരുടെ ദൃഷ്ടിപതിച്ചിട്ടില്ലാത്ത നവീനസാഹചര്യങ്ങളിൽ ഗ്രഹങ്ങൾക്കുള്ള കാരകത്വങ്ങൾ ഗവേഷണദ്വാരാ കണ്ടുപിടിക്കുകയും അങ്ങനെ ഫലഭാഗം നവീകരിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. ഫലഭാഗത്തിൽ ചില നവീനപദ്ധതികൾകൂടി ഉണ്ടാകേണ്ടതു് ആധുനികലോകത്തിനു ആവശ്യമായിത്തീർന്നിരിക്കുന്നു. സാർവ്വലൗകികമായ സംഭവഗതികളെക്കുറിച്ചും വ്യാപാരലോകത്തിൽ ഉണ്ടാകാവുന്ന പരിവർത്തനങ്ങളെക്കുറിച്ചുമുള്ള പരിജ്ഞാനം ആധുനികജനതയ്ക്കു് അനപേക്ഷണീയമായ ആവശ്യമായിത്തീർന്നിട്ടുണ്ടു്. ഈ വിഷയത്തിലും ജ്യോതിശ്ശാസ്ത്രപരമായി ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിൽക്കൂടി സഞ്ചരിക്കുന്ന ഒരു യഥാർത്ഥഗവേഷകനു ഈ വക സംഗതികളോടു വൈമുഖ്യംകാണിക്കുവാൻ സാധിക്കുന്നതല്ല: എന്നാൽ, മി. അയ്യങ്കാർ ജ്യോതിശ്ശാസ്ത്രത്തിന്റെ അവശതകളോ ആവശ്യങ്ങളോ ഒന്നും കണ്ടില്ല. അദ്ദേഹത്തിന്റെ ചിന്താവിഹംഗം പാടിപ്പറന്നതു ഹിന്ദുമതാന്തരീക്ഷത്തിൽമാത്രമായിരുന്നുവെന്നു തോന്നുന്നു.

ഇനിയും അദ്ദേഹത്തിന്റെ മറുപടിയിൽ അടങ്ങിയിട്ടുള്ള ആശയങ്ങളെ നമുക്കു പരിശോധിച്ചുനോക്കാം. ജ്യോതിശ്ശാസ്ത്രത്തെ ഒരു യഥാർത്ഥശാസ്ത്രമെന്ന നിലയിൽ ഉയർത്തുകയും അതുകൊണ്ടു മനുഷ്യലോകത്തിനു കരസ്ഥമാക്കാവുന്ന പ്രയോജനങ്ങൾ പരിപൂർണ്ണമാക്കുകയും ചെയ്യണമെന്നുണ്ടെങ്കിൽ പല മാർഗ്ഗത്തിലുമുള്ള ഗവേഷണനിരീക്ഷണങ്ങൾ അത്യാവശ്യമാണെന്നായിരുന്നു കഴിഞ്ഞ ലേഖനങ്ങളിൽ സംഗ്രഹിച്ചിരുന്ന എന്റെ മുഖ്യമായ പ്രമേയം. ആ കൂട്ടത്തിൽ വൈദികലോകം ജ്യോതിശ്ശാസ്ത്രത്തിൽ തിരുകിക്കയറ്റിയിരുന്ന ഹൈന്ദവങ്ങളായ ആചാരവിശ്വാസങ്ങളെ അതിൽനിന്നും വേർപെടുത്തുകയോ അല്ലാത്തപക്ഷം എല്ലാ മതാചാരങ്ങളും ജ്യോതിശ്ശാസ്ത്രത്തിൽ യഥോചിതം ചേർത്തു പിടിപ്പിക്കുകയോ ചെയ്തു് ജ്യോതിശ്ശാസ്ത്രത്തെ സർവ്വ[illegible]സ്വീകാര്യമാക്കണമെന്നും ശാസ്ത്രസാധാരണമായ സ്വാതന്ത്ര്യ[illegible]ഭാവവും അതിനു സമ്പാദി[illegible]ക്കണമെന്നും പ്രസ്താവിച്ചിരുന്നു. മി: അയ്യങ്കാർക്കു് ശക്തിമത്തായ എതിർപ്പുള്ളതു ആ കാര്യത്തിൽമാത്രമാണു്. അദ്ദേഹം പറയുന്നതു്, 'ജ്യോതിശ്ശാസ്ത്രം ശരിയായ ഒരു ശാസ്ത്രമാണെന്നു തെളിയിക്കുന്നതിനു വേണ്ട തെളിവുകളിരിക്കെ ആ ശാസ്ത്രത്തെ വിശ്വസിക്കുന്നതു് സ്വമതത്തോടുചെയ്യുന്ന അപരാധമാണെന്നു ഒരു മതസ്ഥൻ വിചാരിക്കുന്നുവെങ്കിൽ അയാൾ ജ്യോതിശ്ശാസ്ത്രത്തിന്റെ സഹായം തേടാതിരിക്കട്ടെ" എന്നാണു്. അപകടകരമായ മതാന്ധതയെയല്ലാതെ ഒരു യഥാർത്ഥഹിന്ദുവിനുണ്ടായിരിക്കേണ്ടുന്ന മതസഹിഷ്ണുതയോ മതാതീതമായി പരിലസിക്കേണ്ടുന്ന ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചുള്ള വാസ്തവജ്ഞാനമോ ആ പ്രസ്താവനയിൽ എനിക്കു ദർശിക്കുവാൻ സാധിക്കുന്നില്ലെന്നു ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. വൈദികസംസ്കാരത്തിന്റെ മാതൃകയായി പ്രകീർത്തിക്കപ്പെടുന്ന മഹാത്മജി തന്റെ പ്രാർത്ഥനാവേളകളിൽ വിശുദ്ധങ്ങളായ ഖുറാനും ബൈബിളും ഗീതയും തുല്യപ്രാധാന്യത്തോടുകൂടി സ്വീകരിച്ചുവന്നതിൽ അടങ്ങിയിരിക്കുന്ന തത്ത്വത്തെ അനുസ്മരിച്ചുകൊണ്ടു മി: അയ്യങ്കാർ തന്റെ അഭിപ്രായത്തെ പുനഃപരിശോധനചെയ്യണമെന്നു ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു.

മി: അയ്യങ്കാരുടെ വാദഗതിക്കെതിരായ തെളിവുകൾ അദ്ദേഹംതന്നെ നൽകുന്നതു് രസാവഹമായിരിക്കുന്നു. അദ്ദേഹം പറയുകയാണു്; "ഒരു മുഹമ്മദീയൻ തന്റെ രേഖ പരിശോധിപ്പിച്ചുനോക്കിയപ്പോൾ പരിഹാരമായി നാഡീഗ്രന്ഥത്തിൽ പറയപ്പെട്ടിരുന്ന മന്ത്രം ഖുറാനിലുള്ളതാണെന്നു് ഒരു ഇസ്ലാംമൗലവികൾ അഭിപ്രായപ്പെട്ടു" എന്നു. ഇതു് വാസ്തവമാണെങ്കിൽ ഹൈന്ദവേതരങ്ങളായ പ്രതിവിധികൾ ജ്യോതിഷഗ്രന്ഥങ്ങളിൽ യഥോചിതം കൂട്ടിച്ചേർക്കുന്നതിനു ആചാര്യസമ്മതിയുണ്ടെന്നല്ലേ മനസ്സിലാക്കേ

(ശേഷം ൯-ാം പേജിൽ)




തിരുവിതാംകൂർ സംസ്ഥാനത്തിലെ സ്റ്റാക്കിസ്റ്റുകൾ:

(1) മെ: സി. കന്നയ്യനായിഡു & സൺ കൊല്ലം. (2 കെ. സി. മാത്യൂ & കമ്പനി, കെമിസ്റ്റ്സ്, കോഴഞ്ചേരി. (3) കെ. കെ. കരുവിള & സൺസ് കെമിസ്റ്റ്സ്, കോട്ടയം. (4) പി. കെ. ദേവകിയമ്മ, ലാക്കാളേജിനു എതിർവശം തിരുവനന്തപുരം

ഗ്രന്ഥവിഹാരം

# ഭാഷാകിരാതാർജ്ജുനീയം

ഗ്രന്ഥകർത്താ,

കിളിമാന്നൂർ എസ്സ്. രാഘവവാരിയർ
ചന്ദ്രപ്രസ്സ്, ചാല, തിരുവനന്തപുരം

വില രൂപാ 2

സംസ്കൃതത്തിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നാണ് കിരാതാർജ്ജുനീയം. ഭാരവേരർത്ഥഗൗരവം എന്ന പ്രശസ്തിപത്രം കൊണ്ടു ന[illegible]കന്മാരാൽ സമ്മാനിതനായ ഭാര[illegible] അതിന്റെ പ്രണേതാവ്. ഭാരവിപക്ഷപാ[illegible]കൾ വച്ചുകെട്ടിയ ഒരു പ്രശസ്തിയല്ല, [illegible] യഥാർത്ഥമാണെന്നു വിളംബരം [illegible]ന്നു ശതവർഷങ്ങളെ അതിജീവിച്ച ആ മഹാകവിയുടെ വാങ്മയങ്ങൾ വിജയിക്കുന്നതിൽനിന്നു ധാരാളം വെളിവാകുന്നുണ്ട്. ഭാരവിയുടെ കവിതാദർശനപ്രദർശനപ്പന്തലായി പ്രശോഭിക്കയാണു കിരാതാർജ്ജുനീയം. ആ പ്രതിബോധമനസ്ഥിതി അതിന്റെ പ്രാകാരത്തോടടുക്കുമ്പോൾതന്നെ സാമാന്യന്മാരെ ഭയചകിതന്മാരാക്കി മാററിനിറുത്തുന്നുണ്ടായിരിക്കണം. സംസ്കൃതമഹാകാവ്യങ്ങളായ കുമാരസംഭവം, രഘുവംശം, നൈഷധം, മാഘം എന്നിവയെല്ലാം മലയാളത്തിലേക്കു അനേക്രമം വിവർത്തനംചെയ്തിട്ടും കിരാതാർജ്ജുനീയത്തെ കടന്നുപിടിക്കുവാൻ ആരും കയ്യത്തിയതായി കണ്ടില്ല. പണ്ഡിതാഗ്രേസരനായ സാംബശിവശാസ്ത്രികളും അതിനെത്തുടർന്നു മഹോപാധ്യായ എൻ. സദാശിവശാസ്ത്രികളും കിരാതാർജ്ജുനീയത്തിലെ ഏതാനും ഭാഗങ്ങൾ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ അനുസ്മരിക്കാതെ വയ്യ. എന്നാൽ ആ മഹാകാവ്യത്തിന്റെ സാകല്യമായ വിവർത്തനം ഇപ്പോൾമാത്രമാണു സാധിച്ചുകാണുന്നത്. അതു സാധിച്ചിട്ടുള്ളതു കിളിമാന്നൂർ ശ്രീ രാഘവവാരിയരവർകളുമാണ്.

അർത്ഥഗൗരവത്താലുണ്ടാകുന്ന ആശയഗാംഭീര്യം മാത്രമല്ല കിരാതാർജ്ജുനീയതർജ്ജമയിൽ ഭാഷാന്തരവാദകനെ വിഷമിപ്പിക്കുന്നത്. മററു മഹാകാവ്യകർത്താക്കളെ അപേക്ഷിച്ചു ഭാരവി അന്നത്തെ ഒരു രാഷ്ട്രീയമഹാകവിയായിരുന്നു എന്നുവേണം വിചാരിക്കുവാൻ. രാജ്യഭരണമീമാംസയുടെ ശിലോച്ചയങ്ങളാൽ പടുത്തിട്ടുള്ള ആ കാവ്യാധാരവ[illegible]അധ്യനീതന ഇരുത്തി ചിന്തിപ്പിക്കുന്നവയാണുതാനും. എന്നാൽ ആ മാർഗ്ഗമേതും ദുർഗ്ഗമമല്ലതാനും.

ഹിതം മനോഹാരി ച ദുർല്ലഭംവചഃ

എന്ന രീതിയിൽ പോകുന്ന ഭാരവിയുടെ പ്രതിപാദനസുഭഗതയിൽ അവ എല്ലാം സുഗമവും സുന്ദരവുമായി മാറപ്പോകുന്നു.

സ്ഫുടതാ ന പദൈരപാകൃതാ
ന ച ന സ്വീകൃതമർത്ഥഗൗരവം
രചിതാ പൃഥഗർത്ഥതാ ഗിരാം
നച സാമർത്ഥ്യമപോഹിതം ക്വചിത്
ഉപപത്തിരുദാഹൃതാ ബലാ
ദനുമാനേന ന ചാഗമഃ ക്ഷതഃ

ഭാരവിയുടെ ഭാരതീപ്രസാദം പ്രസന്നഗംഭീരമായി പ്രവഹിക്കുന്നതിന്റെ ഒരു സചിത്രപരിജ്ഞാനം അദ്ദേഹം നമുക്കു സാധിച്ചുതരുന്നതു ഈവിധത്തിലാണ്.

ഇങ്ങനെ നാനാതരത്തിൽ ദുർഘടം നിറഞ്ഞ കാര്യത്തിൽ ഏർപ്പെട്ടു വിജയം വരിക്കയാണു ശ്രീ. എസ്സ. രാഘവവാര്യർ ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ കിരാതാർജ്ജുനീയതർജ്ജമ അവതരിപ്പിച്ചിരിക്കുന്നതു സാക്ഷാൽ കെ. ഗോദവർമ്മ അവർകളാണ്. സംസ്കൃതകാളേജ് പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ള അവർകളുടെ സംക്ഷിപ്തമെങ്കിലും സമർത്ഥമായ സാക്ഷ്യപത്രം ഇതു ഹാജരാക്കുന്നുമുണ്ട്. മലയാളത്തിലെ അപ്രതിഷേധ്യമഹാകവികളായ ഉള്ളൂരും വള്ളത്തോളും ഈ ഭാഷാന്തരവാദത്തിന്റെ അന്യൂനമായ ആശയവിഷ്കരണകുശലതയേയും ശ്രീ. വാര്യരുടെകവിതാനിപുണതാഭോധത്തേയും സ്വൈര്യർഹമെന്നു പുകഴ്ന്നിട്ടുണ്ട്.

അദ്ദേഹത്തിന്റെ ശ്രമാവഹമായ പരിശ്രമത്തിനു ഈ സംഭാവനകൾ ഒട്ടും അധികമായിട്ടില്ലെന്നുവേണം പറയുവാൻ.

## തിരുവനന്തപുരം

(സ-ലേ)

കുംഭം ൯

ഇൻറർകൊളിജ്യേററ സ്പോർട്ട്സ് ഫൈനൽ ഇന്നു വൈകുന്നേരം യൂണിവേഴ്സിററി സ്റ്റേഡിയത്തിൽവച്ചു നടത്തപ്പെടുകയും വിജയികൾക്കുള്ള സമ്മാനദാനം കൂർന്നൽ ഗോദവർമ്മരാജാ അവർകൾ നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ വിവിധകാളേജുകളിൽനിന്നുമുള്ള വിദ്യാർത്ഥികൾ സ്പോർട്ട്സിൽ പങ്കെടുത്തിരുന്നു. ഏററവും കൂടുതൽ പായിൻറുകൾ നേടിയ എഞ്ചിനീയറിംഗ്കാളേജിനു പ്രിൻസിപ്പാൾ കപ്പു ലഭിച്ചു. ഇൻഡിവിഡുവൽചാമ്പ്യൻഷിപ്പ്കപ്പ് നേടിയതു് ചങ്ങനാശേരി കാളേജിലെ മി. എം. സി. ജേക്കബിനാണ്. സ്റ്റാഫ്റേസിൽ സ്റ്റാററിസ്റ്റിക്കൽ ലാബ്രട്ടറിയിലെ മി. ജനാർദ്ദനൻനായർക്കു ഒന്നാംസമ്മാനവും, ഇഞ്ചിനീയറിംഗ് കാളേജിലെ ലഫ്, മാത്യുവിനു രണ്ടാംസമ്മാനവും ലഭിച്ചു. വൈസ്ചാൻസലർ മി: പാപ്പ്വർത്ത് തുടങ്ങിയ യൂണിവേഴ്സിററി ആഫീസ്സർമാർ ഉൾപ്പെടെപലരും സന്നിഹിതരായിരുന്നു.

### ശ്രീ ത്യാഗരാജോത്സവം

ശ്രീത്യാഗരാജോത്സവം ഫെബ്രുവരി ൨൮-ാംതീയതി വൈകുന്നേരം ൬ മണിക്കു ചെന്തിട്ട അനന്തലാഡ്ജിൽവച്ചു് രാജ്യ

സേവാനിരതഃ ചെമ്മാങ്കുടി ശ്രീനിവാസയ്യർ ഉത്ഘാടനംചെയ്യുന്നതും, തുടർന്നു ആറുദിവസത്തെ ആഘോഷങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. പ്രവേശനം ഫ്രീപാസ്സുമുഖേന ആയിരിക്കും.

### ഷഷ്ട്യബ്ദപൂർത്തി സുവനീർ

പ്രൊഫസ്സർ ആർ. ശ്രീനിവാസന്റെ ഷഷ്ട്യബ്ദപൂർത്തി സ്മാരകമായി ഒരു 'സുവനീർ' പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ചു് മി: ജസ്റ്റീസ്സ് കെ. ശങ്കരസുബ്ബയ്യർ ചെയർമാനും, മി. എൻ. കേശവൻതമ്പി കൺവീനരും സംഗീതകലാനിധി മുസിരി സുബ്രഹ്മണ്യയ്യർ, പ്രൊഫസ്സർ പി. സാംബമൂർത്തി, പാപനാശംശിവൻ, കൈനിക്കര കുമാരപിള്ള, ജീ. പി. ശേഖർ മുതലായവർ അംഗങ്ങളുമായി ഒരു കമ്മററി രൂപവൽക്കരിച്ചിരിക്കുന്നു. ഏപ്രിൽ ജൂൺ ആരംഭത്തിൽ സുവനീർ പ്രസിദ്ധപ്പെടുത്താമെന്നാണു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതു്.

### സെൻട്രൽജയിൽ സൂപ്രണ്ടു്

തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചും ഗവർണ്ണർജനറാലിന്റെ സന്ദർശനംസംബന്ധിച്ചും സ്പെഷ്യൽഡ്യൂട്ടിയിലിരിക്കുന്ന ഡി. എസ്. പി. മി: എം. എം. ജോർജ്ജിനെ സ്പെഷ്യൽഡ്യൂട്ടി കഴിയുന്നതോടുകൂടി സെൻട്രൽജയിൽ സൂപ്രണ്ടായി നിയമിക്കുന്നതിനും അവിടെനിന്നു മി: വി. എസ്. ഗണേശപിള്ളയെ ഏ. എസ്. പി-യായി തിരിച്ചയയ്ക്കുന്നതിനും ഗവ: അനുമതിച്ചിരിക്കുന്നു,

### സ്പെഷ്യൽആഫീസർ

അക്കൌണ്ടൻറ് ജനറൽ ആഫീസ്സ് സൂപ്രണ്ടു് മി. കെ. കൃഷ്ണപിള്ള ബി. ഏ യെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫിന്റെ ഒരു ഗ്രഡേഷൻലിസ്റ്റ് തയാറാക്കുന്നതിനും ഡിപ്പാർട്ടുമെൻറ പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള ഒരു പദ്ധതിയുടെ നക്കൽ- തയ്യാറാക്കുവാൻ നിയുക്തമായ സബ്കമ്മിററിയെ സഹായിക്കുന്നതിനുമായി സ്പെഷ്യൽ ആഫീസറായി നിയമിച്ചിരിക്കുന്നു.

### അറിയിപ്പ്

കഴിഞ്ഞ ഫെബ്രുവരി രണ്ടാംതീയതി തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നു പ്രക്ഷേപണംചെയ്തതും മഹാത്മാഗാന്ധി എന്നപേരിൽ കഴിഞ്ഞലക്കം വാരികയിൽ പ്രസിദ്ധംചെയ്തിരുന്നതുമായ ലേഖനം ശ്രീ കൈനിക്കര കുമാരപിള്ള അവർകളുടേതാണെന്ന വിവരം വാരികാബന്ധുക്കളെ അറിയിച്ചുകൊള്ളുന്നു.

കനകസാനുകലശോപരിടി വിളങ്ങുഴും
ഫണിവരാമലശൃംഗശഗനാന്വിതം
സഹൃടതടിൽ ഒടാടിചീർത്ത ശരൽഘനം
വലി തൊഴുംപടിയുന്നതിക്രൂടിയും
മണിവരാംശുഗണാംശുകഭംഗിയും
സുരവധൂജനകേളിനികുഞ്ജവും
ഉപലഗോപുരവും സുമവാടിയും
പെട്ടഷിടങ്ങൾ പുരോപമതടിയും
സുരശനംഘനസജ്ജഘനങ്ങളാൽ
സുരവിധുക്കൾ മഥിച്ച സരിത്തോടും

എന്നിങ്ങനെ ശ്രീ. വാര്യരുടെ കവിതരസനിർഭരമായി സ്വതന്ത്രഗമനംചെയ്കയാണോ എന്നു സന്ദേഹിക്കത്തക്കവിധത്തിലുള്ള ലളിതഭാവം കയ്യേൽക്കണ്ടതാണോ.

പച്ചക്കുട്ട വളന്നിരുന്ന കടകം പൂണ്ടോരു ഭൂഭൃത്തുതൻ
മഞ്ഞൾകട്ടകൾതിങ്ങിവെണ്മതിരളുംശൃംഗാഗ്രഭൂവാർന്നടൻ,

എന്ന രീതിയിൽ മലയാളഭാഷയോടുള്ള തന്റെ കർത്തവ്യനിർവ്വഹണത്തിൽ ആതിജാഗ്രൂകമായിത്തന്നെയാണു വാര്യർഅവർകൾ ഇതിൽ പലയിടത്തും പ്രവർത്തിച്ചിട്ടുള്ളതെന്നു അഭിമാനപൂർവം സമ്മതിക്കേണ്ട ഒരുവാസ്തവമാണ്.

അരയപരിഴഖാന്ധംപോലെഴും
ചുണ്ടുതന്നിൽ
പരിണതരുചിതിങ്ങുംനെൽക
തിർപുല്ലമേന്തി

എന്നിങ്ങനെ ഒരു കേരളീയ സ്വതന്ത്രകവിതാസ്വഭാവം വർണ്ണനാപരമായ തന്മയത്വം ഇതിന്റെ ഒരു വിശേഷവിധിയാണ്.

എന്നാൽ,

ന്യായങ്ങൾകൊണ്ടുള്ള സമർത്ഥനത്താൽ
ശാസ്ത്രംകണക്കാദരണീയമായും
നിഷ്കൃഷ്ടമായർത്ഥപദംകടന്നു
വേദാകൃതിപോലലംഘ്യമായും
വ്യക്താർത്ഥമയോകുലഭാവമെന്യേ
സാരങ്ങളാൽകൊണ്ടു സമാസപൂർവം
സാകാംക്ഷമഛിന്നവികാസമാർന്നും
സ്വച്ഛന്ദഭാവാഞ്ചിതരീതിപൂണ്ടും
ക്ഷോഭിച്ചൊരാഴിക്കെതിരൂർജ്ജിതത്താൽ
മററുള്ളവർക്കുനമലംഘ്യമായും

പ്രവഹിക്കുന്ന ഭാരവിയുടെ ഭാരതീമാധുര്യം അനുസൃതം പാലിച്ചുകൊണ്ടു പോകുന്നതിനു ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടില്ല എന്നു പറയുന്നതു് അദ്ദേഹത്തിന്റെ അശക്തതയാകണമെന്നില്ല. സംസ്കൃതതർക്കാന്യങ്ങൾക്കുപകരം മലയാളച്ചെമ്പുള്ളട്ടു കൈകാര്യം ചെയ്യുമ്പോൾ എത്രയായാലും ക്ലാവുപററാതെ ഇരിക്കുകയില്ലല്ലോ. ശ്രീമാൻ വാരിയർ തന്നാൽ കഴിയുംവിധം ഈ അഴുക്കു പററാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ തർജ്ജമ വ്യാപാരത്തിൽ മി: വാരിയർ വരുത്തിയ ചില്ലറക്കാര്യങ്ങൾക്കു കണക്കു പറയുവാനല്ല, മാതൃഭാഷയ്ക്കുണ്ടാക്കിക്കൊടുത്ത ഈ വലിയ നേട്ടത്തിൽ അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കേണ്ടതാണു് ഓരോ കേരളീയന്റെയും ധർമ്മം. സി-എം-പി.

—o—

ഇപ്പോൾ—
ടോച്ച് ബ്രാണ്ട് ഡിഡിടി
പൌഡർ!

പാററ് ദ്രാവകരൂപത്തിലുള്ള ശക്തിയേറിയ കീടനാശിനിയായ ടോച്ച് ബ്രാണ്ട് ഭാരതം ആകമാനം സുപ്രസിദ്ധമായിത്തീർന്നിരിക്കുന്നു. കീടങ്ങളോടുള്ളപോരിൽ വിശേഷവിധിയായ ആവശ്യങ്ങൾക്കായി ടോച്ച് ബ്രാണ്ട് ഡിഡിടി പൌഡറും ഇപ്പോൾ ലഭ്യമാണ്.

പുസ്തകങ്ങൾ



നിങ്ങളുടെ ഷെൽഫിലെ പുസ്തകങ്ങൾക്കിടയിൽ ഈ പൌഡർ വിതറുക. പുസ്തകങ്ങൾ അരിച്ചു കേടുവരുത്തുന്ന വെള്ളിപ്പാററകളും പുഴുക്കളും ചാവുകയും അടുക്കാതാവുകയും ചെയ്യും. പുസ്തകങ്ങൾ കറയോററ് ചീത്തയാവുന്നതുമല്ല.

വസ്ത്രങ്ങൾ



വസ്ത്രങ്ങൾക്കിടയിൽ വിതറുന്നതായാൽ അത്ഭുതകരമായ ഈ പൌഡർ തുണികൾക്കു നാശമോ വൈവർണ്യമോ കൂടാതെ ഹാനികരമായ പൂച്ചിപുഴുക്കളെ കൊല്ലുന്നതാണ്.

ക്രുരകൾ:



ടോച്ച് ബ്രാണ്ട് 'ഡിഡിടി' പൌഡർ ക്രുരകൾക്കെതിരായിവിശേഷഫലപ്രദമാകുന്നു. കലവറ ഷെൽഫുകളിന്മേലും, അലമാരികളിലും, ഇരുട്ടടഞ്ഞ കോണങ്ങളിലും പൊടി വിതറുക!

തോട്ടങ്ങൾ



പുഷ്പച്ചെടികൾ, കായ്കനി, വൃക്ഷങ്ങൾ, സസ്യാദികൾ എന്നിവയെ നാശമാക്കുംകീടങ്ങളെയും, കോഴികളേയും ബാധിക്കുന്ന പൂച്ചി പുഴുക്കളെയും അടക്കുവാനും ടോച്ച് ബ്രാണ്ട് 'ഡിഡിടി' പൌഡർ അതിവിശേഷമായതാകുന്നു.

ഇന്നുമുതല്ലേ
ഉപയോഗിച്ചുതുടങ്ങുക!




(10 ശതമാനം പൂർണ്ണവീര്യമുള്ള ഡിഡിടി അടങ്ങിയതു്)
മനുഷ്യർക്കും മൃഗങ്ങൾക്കും നിർദ്ദോഷമായതു്.

തയ്യാറാക്കുന്നവർ:— പ്രോഗ്രസ്സീവ് മെഡിക്കൽ കാർപ്പൊറേഷൻ

ഏകഭോഗവില്പനഏജൻറമാർ.
ദി ടാററാ ഓയിൽ മിൽസ് കമ്പനി, ലിമിററഡ്.

# എ.ഐ.സി.സി യോഗം സമാപിച്ചു.

## കാൺഗ്രസ്സ് ഭരണഘടനാ പ്രമേയം പാസ്സാക്കപ്പെട്ടു

### ഭേദഗതികളെല്ലാം തള്ളപ്പെട്ടു

### ഡാ: രാജേന്ദ്രപ്രസാദിന് സുഖമില്ലാഞ്ഞതുനിമിത്തം മൗലാനാആസാദ് അദ്ധ്യക്ഷംവഹിച്ചു

(എ. പി. ഐ)

ന്യൂഡെൽഹി ഫെ. ൨൨—കാൺസ്റ്റിട്യൂഷൻക്ലബ്ബിൽവച്ചു ഇന്ന ൨-൩൦-ന് ആരംഭിച്ച അഖിലേന്ത്യാ കാൺഗ്രസ്സ് കമ്മററി, കാൺഗ്രസ്സിന്റെ ഭരണഘടനയിൽ സമൂലപരിവൎത്തനങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കിയിരിക്കുന്നു. ആറു ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടുവെങ്കിലും അവയെല്ലാം വമ്പിച്ച ഭൂരിപക്ഷത്തോടെ തള്ളിപ്പോയി: കാൺഗ്രസ്സ് പ്രസിഡണ്ടു ഡാ. രാജേന്ദ്രപ്രസാദ ദേഹാസ്വാസ്ഥ്യംനിമിത്തം ഹാജരാകാതിരുന്നതിനാൽ മൗലാനാ അബുൽകലാംആസാദാണ് യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചുള്ളു.

അഖിലേന്ത്യാ കാൺഗ്രസ്സ് കമ്മിററി ഇന്നുച്ചതിരിഞ്ഞു് 2-30-ന കാൺസ്റ്റിറ്റ്യൂഷൻഹൗസിൽ വീണ്ടും സമ്മേളിക്കുകയും പുതിയ കാൺഗ്രസ് ഭരണഘടനയുടെ അടിസ്ഥാനമായി ചില മൗലികതത്വങ്ങൾ ശുപാർശചെയ്തുകൊണ്ടുള്ള കാൺഗ്രസ് പ്രവൎത്തകസമിതിയുടെ പ്രമേയത്തെപ്പററി വാദപ്രതിവാദം ആരംഭിക്കുകയും ചെയ്തു.

കാൺഗ്രസ് പ്രസിഡന്റ ഡാക്ടർ രാജേന്ദ്രപ്രസാദിനു സുഖമില്ലാഞ്ഞതു നിമിത്തം മൗലാന ആസാദാണ് ഇന്നത്തെ നടപടികളിൽ ആദ്ധ്യക്ഷംവഹിച്ചതു്. ഏകദേശം ൪൦ ഭേദഗതികളുണ്ടായിരുന്നു. ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടശേഷം കമ്മിററിക്കു ഇന്നതിന്റെ ജോലി അവസാനിപ്പിക്കേണ്ടതുണ്ടെന്നു മൗലാനാ ആസാദ് പ്രസ്താവിച്ചു. പുതിയ കാൺഗ്രസ് ഭരണഘടനയെ സംബന്ധിച്ചുള്ള മൗലികതത്വങ്ങളെപ്പററി സംസാരിക്കുവാൻ മൗലാനആസാദ് കമ്മിററിമെമ്പറന്മാരോടു അഭ്യൎത്ഥിച്ചു. വളരെ സംക്ഷിപ്തമായും കാൎയ്യമാത്രമായും സംസാരിക്കുവാൻ സകലരോടും അദ്ദേഹം അഭ്യൎത്ഥിച്ചു.

മൗലികതത്വങ്ങളെപ്പററിപ്രതിപാദിക്കുന്ന ആ ഭേദഗതികൾമാത്രമെ ഉള്ളൂവെന്നും അവ കമ്മിററിയിൽ ചെൎച്ചചെയ്യാവുന്നതാണെന്നും ശേഷിച്ച മററ് ഭേദഗതികൾ ഭരണഘടന നിൎണ്ണയിക്കുന്നയവസരത്തിൽ പൎയ്യാലോചനയ്ക്കെടുക്കുന്ന കാൺസ്റ്റിറ്റ്യൂഷൻ സബ്കമ്മിററിമുമ്പാകെ അവതരിപ്പിക്കാമെന്നും അദ്ദേഹം പ്രസ്താവിച്ചു. "പ്രാഥമിക കാൺഗ്രസ് പഞ്ചായത്തുകളാൽപ്പെടെ തിരഞ്ഞെടുക്കപ്പെടാവുന്ന ഒരു കാൺഗ്രസ് കമ്മിററിയിലെ ഒരംഗവും പ്രത്യേക മെമ്പർഷിപ്പും ഭരണഘടനയും പരിപാടിയുമുള്ള മറോരുതങ്കിലും രാഷ്ട്രീയകക്ഷിയിലെ അംഗമായിരിക്കുവാൻ പാടുള്ളതല്ല" എന്ന വകുപ്പാണ് അധികം ചൎച്ചകൾക്കും കാരണമായതു്. സോഷ്യലിസ്റ്റുകൾക്കു ഈ വകുപ്പു് എടുത്തുകളയണമെന്നുണ്ടായിരുന്നു. എന്നാൽ അവരുടെ ഭേദഗതി പരാജയപ്പെട്ടു. പ്രവൎത്തകസമിതി ശുപാർശചെയ്ത പ്രമേയത്തിനു മഹാത്മാഗാന്ധിയുടെ പരിപൂൎണ്ണപിന്തുണയുണ്ടെന്നു് ഈ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചവർ പ്രസ്താവിച്ചു. കാൺഗ്രസ് പ്രവൎത്തകസമിതിയുടെ ശുപാർശകൾ ചെയ്തുകൊണ്ടുള്ള ഈ പ്രമേയം ഗാന്ധിജി തയ്യാറാക്കിയതുപോലെയുള്ളതല്ലെന്നു ചില സോഷ്യലിസ്റ്റ് മെമ്പറന്മാരും വിശിഷ്യ ശ്രീ. അരുണ ആസഫാലിയും വാദിച്ചുള്ളു. കാൺഗ്രസു പ്രവൎത്തകസമിതി ഗാന്ധിജിയുടെ നക്കൽ ഭരണഘടനതന്നെ എ. ഐ. സി. സി-യുടെ മുമ്പാകെ അവതരിപ്പിച്ചിരുന്നെങ്കിൽ അതു കൂടുതൽ ഉത്തമമാകുമായിരുന്നുവെന്നു് ശ്രീ: അരുണ പ്രസ്താവിച്ചു. ഗാന്ധിജിക്കു സോഷ്യലിസ്റ്റുകൾ കാൺഗ്രസ്സിനെ കെട്ടിപ്പടുക്കണമെന്നും കാൺഗ്രസ്സ്നാളിൽ അവരുടെ പൂൎണ്ണമായ പങ്കു വഹിക്കണമെന്നുമുണ്ടായിരുന്നതായി അവർ വസ്താവിച്ചു. ഈ പ്രമേയം ഗാന്ധിജിയുടെ തത്വങ്ങളിൽനിന്നുള്ള വ്യതിയാനമാണെന്ന വാദത്തെ പ്രവൎത്തകസമിതി അംഗമായ പ്രൊഫസർ രംഗാ ശക്തിയായി നിഷേധിച്ചു. ഗാന്ധിജി തയ്യാറാക്കിയ നക്കലിനെപ്പററി പ്രവൎത്തകസമിതി ഏററവും വലിയ പരിഗണന നൽകുകയുണ്ടായെന്നു അദ്ദേഹം പ്രസ്താവിച്ചു. ഗാന്ധിജി ഉറപ്പിച്ചു് പറഞ്ഞ മുഖ്യസംഗതി കാൺഗ്രസ് നാലണ മെമ്പർഷിപ്പിനെ അടിസ്ഥാനമാക്കിയായിരിക്കരുതെന്നുള്ളതാണ്. ഇതു ചെയ്തിട്ടുമുണ്ടു്. വാദപ്രതിവാദങ്ങൾക്കിടയിൽ പണ്ഡിതനെഹ്റു, കാൺഗ്രസ് ഭരണഘടനയുടെ വ്യവസ്ഥകൾ കഴിയുന്നതും വേഗത്തിൽ നിൎണ്ണയിക്കണമെന്നു് അത്യാവശ്യമാണെന്നു് പ്രസ്താവിച്ചു. കഴിഞ്ഞ രണ്ടുവൎഷമായി ഒരു പുതിയ ഭരണഘടന രൂപവല്ക്കരിക്കുവാൻ അവർ ശ്രമിക്കുകയായിരുന്നു. കാൺസ്റ്റിറ്റ്യൂഷൻ സഭ കമ്മിററിയ്ക്കു് അതിന്റെ വീക്ഷണഗതികൾ മുന്നപ്രാമാണ്യം മാറേറണ്ടിവന്നു. കാൺഗ്രസ്സ് ഭരണഘടനയിലെ ചില മൗലികതത്വങ്ങൾ വേഗത്തിൽ തീരുമാനിക്കപ്പെടേണ്ടതാണ്. ഇതിനുള്ള കാലവിളംബം കാൺഗ്രസ്സിനെ ഏറെക്കുറെ ബാധിച്ചുകഴിഞ്ഞിട്ടുമുണ്ടു്.

ഇന്ത്യയുടെ ഭാവി ലക്ഷ്യമായി ഒരു കൊവാപ്പറേറീവ് കാമൺവെൽത്തു് എന്നുള്ളതു് സോഷ്യലിസ്റ്റ് സ്റ്റേറ്റ് എന്നാക്കണമെന്നുള്ളതുൾപ്പെടെ സകല ഭേദഗതികളും പരാജിതമാക്കപ്പെട്ടു. മി. ശങ്കരറാപൂദേവ് ആദ്യം അവതരിച്ച രൂപത്തിൽതന്നെ പ്രമേയം പാസാക്കപ്പെട്ടു.

എ. ഐ. സി. സി സാമ്പത്തികകമ്മിററിയുടെ റിപ്പോർട്ടും അംഗീകരിച്ചതായറിയുന്നു. എ. ഐ. സി. സമ്മേളനം ഇന്നവസാനിച്ചിരിക്കുന്നു.

സാമ്പത്തികപരിപാടിക്കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിച്ചുകൊണ്ടു പണ്ഡിത ജവഹരിലാൽനെഹ്റു, വിശദീകരിച്ചതു റിപ്പോർട്ടിന്റെ വിശദാംശങ്ങളെപ്പററിയല്ല പ്രത്യുത അതിനോടുള്ള സമീപനത്തെപ്പററിയുള്ള അഭിപ്രായപ്രകടനമാണു പ്രവൎത്തകസമിതിക്കു ആവശ്യമായിരിക്കുന്നതെന്നാണ്. റിപ്പോർട്ടിനെപ്പററിയുള്ള തങ്ങളുടെ വിശദമായ നിർദ്ദേശങ്ങൾ എ. ഐ. സി. സി അംഗങ്ങൾക്കും സംസ്ഥാനകാൺഗ്രസ്സ് കമ്മിററിഅംഗങ്ങൾക്കും മററും അയയ്ക്കാവുന്നതാണ്. എ. ഐ. സി. സി യുടെ അടുത്തയോഗത്തിൽ ഈ റിപ്പോർട്ടു് പൎയ്യാലോചനക്കെടുക്കുമ്പോൾ അതിന്റെ പൂൎണ്ണവിവരങ്ങളും നൽകപ്പെടുന്നതാണ്. അതിനിടയ്ക്കു സാമ്പത്തികകമ്മിററിക്കു അവ വീണ്ടും പൎയ്യാലോചിച്ചു തീരുമാനിക്കാവുന്നതുമാണ്. റിപ്പോർട്ടിന്റെ താൽക്കാലിക സ്വഭാവത്തെയും വിശിഷ്യ അതിന്റെ വിവിധ വിശദാംശങ്ങളെയും പററി അദ്ദേഹം ഉറപ്പിച്ചു പ്രസ്താവിച്ചു. ഇപ്പോഴത്തെ ഘട്ടത്തിൽ മുൻഗണന ഉല്പാദനം വൎദ്ധിപ്പിക്കുകയോ അഥവാ രാജ്യത്തിന്റെ സമ്പത്തു വൎദ്ധിപ്പിക്കുകയോ ചെയ്യാൻ സകല ശ്രമങ്ങളും നടത്തുകയെന്നതാണെന്നു അദ്ദേഹം പ്രസ്താവിച്ചു. സാമ്പത്തികവും വ്യാവസായികവുമായ മണ്ഡലങ്ങളിൽ സമൂലപരിവൎത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയെ ദുർബലപ്പെടുത്തുന്ന തെററായ ഒരു പടിയും കൈക്കൊണ്ടുകൂടാത്തതും ഇന്ത്യയെ ശക്തവും ഐശ്വര്യപ്രദവുമാക്കുവാൻ പ്രയത്നിക്കേണ്ടതുമാകുന്നു. ദേശീയവൽക്കരണപ്രശ്നത്തെപ്പററി പണ്ഡിതജി പ്രസ്താവിച്ചതു് സ്റ്റേറ്റ് ഉടമയെന്ന തത്വം കാൺഗ്രസ് അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണെന്നും രാജ്യവിഭവങ്ങളുടെ പരിമിതികളും അതിന്റെ ശേഷിക്കും ഉല്പാദനം വികസിപ്പിക്കുകയും വികസനം ത്വരിപ്പിക്കുകയും ചെയ്യുന്നതിനുള്ള ആവശ്യകതയ്ക്കും അതു വിധേയമായിരിക്കുമെന്നാണ്. മൗലാന ആസാദ് മഹാത്മാഗാന്ധി [illegible]ന്റെ ജീവിതം ത്യാഗംചെയ്ത [illegible]യുടെ കൈവരുത്തലിന [illegible] പൂൎണ്ണമനസ്സും ലെ [illegible]ണമെന്നു മെമ്പറന്മാരോ[illegible]പ്പട്ടു.

## ചൈനീസ് ആഭ്യന്തര കലാപാതിക്കാൻ

—o—

### സോവിയററഷ്യ മാദ്ധ്യസ്ഥംവഹിക്കുമോ?

നാങ്കിങ്ങ്, ഫെ: ൨൨—ചൈനയിലെ ആഭ്യന്തരയുദ്ധത്തിൽ സോവിയററഷ്യ മദ്ധ്യസ്ഥതവഹിക്കാമെന്നു നിർദ്ദേശിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടിനെപ്പററി ഇവിടെ ഔദ്യോഗികവിശദീകരണമൊന്നും ലഭ്യമായിട്ടില്ല. അങ്ങിനെയൊരുനിർദ്ദേശം പുറപ്പെടുവിക്കുന്നതായാൽ അതൊരിക്കലും സ്വീകരിക്കപ്പെടുകയില്ലെന്നു കാൎയ്യജ്ഞരായുള്ള നിരീക്ഷകർ ഉറപ്പിച്ചുപറയുന്നു. (റായിട്ടർ)

## കസ്തൂർബായുടെ നാലാം ചരമവാർഷികം

ബാംബെ ഫെ: 22—ഇന്നു ബാംബെയിൽവച്ചു കസ്തൂർബാഗാന്ധിയുടെ നാലാമതുചരമവാർഷികം പൊതുയോഗം കൂടിയും അഖണ്ഡസൂത്രയജ്ഞം നഗരത്തിന്റെ പല ഭാഗങ്ങളിലും നടത്തിയും കൊണ്ടാടിയിരിക്കുന്നു. (എ. പി.)

—o—

ബാംബെ ഫെ: ൨൨—സോഷ്യലിസ്റ്റ് നേതാവായ സാനെ ഗുരുജി ഇന്നുകാലത്തു നാരങ്ങാനീരുകുടിച്ചു ൧൧ ദിവസത്തെ ഉപവാസം ലംഘിച്ചിരിക്കുന്നു,

## ജൂതസങ്കേതത്തിൽ ബാംബുപൊട്ടൽ

### വളരെപ്പേൎക്കു മരണവും മുറിവും സംഭവിച്ചു

ജറൂസലം ഫെ: ൨൨—ജൂതന്മാർ ധാരാളമായി താമസിക്കുന്നതും വമ്പിച്ച വ്യാപാരങ്ങൾ നടത്തുന്നതും നഗരത്തിന്റെ മദ്ധ്യപ്രദേശത്തുള്ളതുമായ ബെനിയെഹൂഡ് എന്ന സ്ഥലത്തു് ഏററവും ഭയങ്കരമായ ഒരു ബാംബുപൊട്ടൽ സംഭവിച്ചിരിക്കുന്നു. തൽഫലമായി വളരെ ആളുകൾ മരിക്കുകയും അതിലേറെപ്പേർ മരിക്കാറായ നിലയിൽ എത്തുകയുംചെയ്തു. (റായിട്ടർ)

—o—

## ഖാക്സാറും നാഷനൽ ഗാർഡും നിരോധിച്ചു

ബാരിപ്പാഡാ മയൂർഭഞ്ജ് ഫെ: ൧൯—മയൂർഭഞ്ജ് സ്റ്റേററിൽ മുസ്ലീം നാഷനൽ ഗാർഡ്സിനേയും ഖാക്സാർസംഘടനയേയും അതുപോലെയുള്ള മററു സംഘടനകളേയും സ്റ്റേററ് ഗവ: നിയമവിരുദ്ധസംഘടനകളായി പ്രഖ്യാപനംചെയ്തിരിക്കുന്നു. ഇവ പൊതുസമാധാനത്തിനു ഒരു വിപത്താണെന്ന കാരണത്താലാണ് നിരോധിച്ചിരിക്കുന്നതു്. (എ-പി)

—o—

## ചരമം

ചാവാകാട് ൧൫—മി: പുളിമാന പരമേശ്വരൻപിള്ള ഇന്നുരാത്രി ൧൧ മണിയോടുകൂടി ഇവിടെവച്ചു നിൎയ്യാതനായിരിക്കുന്നു. (സ്വ-ലേ)

## കാഷ്മീരിൽനിന്നു കൊള്ളക്കാരെ പിൻവലിക്കണം

### പകിസ്ഥാനോടു് ലണ്ടൻപത്രത്തിന്റെ ഉപദേശം

ലണ്ടൻ, ഫെ: ൧൯—ലണ്ടനിലെ ഒരു പ്രധാനവാരികയായ "എക്കണോമിസ്റ്റ്" പകിസ്ഥാനെ ഉപദേശിക്കുന്നതു്, ആ രാജ്യത്തു നിലവിലുള്ള സായുധരായ ഗിരിവൎഗ്ഗക്കാരെ തിരിയെ അവരുടെ രാജ്യത്തേക്കു പറഞ്ഞയക്കണമെന്നാണ്. പകിസ്ഥാനിൽകൂടി കാഷ്മീരിലേക്കു ഗിരിവൎഗ്ഗക്കാർ കടന്നുചെന്നതിന്റെ ഉത്തരവാദിത്വം ആ രാജ്യത്തിനു ഒഴിയുവാൻ സാദ്ധ്യമല്ലെന്നു പത്രം തുടരുന്നു. കാമൺവെൽത്തിലെ മെംബറെന്നനിലയിൽ, പകിസ്ഥാൻ അക്രമികളോടു നിർദ്ദാക്ഷിണ്യമായി പെരുമാറേണ്ടതാണ്. അങ്ങിനെ ചെയ്യുന്നെങ്കിൽ പൊതുവായ ആക്രമണങ്ങൾ ഉണ്ടാകുന്നപക്ഷം രണ്ടുരാജ്യങ്ങൾക്കും ഒന്നിച്ചു എതിൎക്കുവാൻ സാധിക്കുന്നതും കാമൺവെൽത്തിലെ മററു രാജ്യങ്ങളുടേയും സഹായം പ്രതീക്ഷിക്കുവാൻ അവകാശം ലഭിക്കുന്നതുമാണ്. പകിസ്ഥാൻ കഴിഞ്ഞ കാലങ്ങളിൽ ചെയ്തതെന്തെന്നോ, ചെയ്യാത്തതെന്തെന്നോ വിചാരിച്ചിട്ടു കാൎയ്യമില്ല. കാഷ്മീരിൽ ഒരു ഒത്തുതീൎപ്പുണ്ടാകുന്നതിനെപ്പററി ആലോചിക്കേണ്ട ആവശ്യവുമില്ല. കാഷ്മീരിലെ അസ്വാസ്ഥ്യങ്ങൾ അവസാനിപ്പിക്കുവാൻ പകിസ്ഥാൻ നടപടികൾ കൈക്കൊള്ളുകയാണു വേണ്ടതു്. ഇങ്ങിനെ ചെയ്താൽ കാഷ്മീർ മുസ്ലിങ്ങൾ ഡോഗ്രാവൎഗ്ഗക്കാരുടേയും ഇന്ത്യൻപട്ടാളത്തിന്റേയും ഭയക്കു പാത്രമായി കഴിയേണ്ടിവരുമെന്നു കരുതി ഈ നിർദ്ദേശം മി: ജിന്ന നിരസിച്ചേക്കാം. പകിസ്ഥാനോടു കാഷ്മീർ ചേരുന്നതിനുള്ള സാദ്ധ്യത നഷ്ടപ്പെടുമെന്നുള്ള ഭയവും ഉണ്ടാകുന്നതാണ്. എന്നാൽ യുദ്ധം നടക്കുന്നിടത്തോളംകാലം ഇന്ത്യ ഒരു തീരുമാനത്തിനു വഴങ്ങുമെന്നു കരുതാൻ ന്യായമില്ല. രക്ഷാസമിതിയിലെ ബ്രിട്ടന്റെ പ്രവൃത്തിയെ അടിസ്ഥാനമാക്കി തങ്ങൾക്കു ന്യായംലഭിച്ചില്ല എന്ന ഒരു പരാതി ഇന്ത്യയ്ക്കുണ്ടു്. അതിനാൽ കാഷ്മീരിൽ സാധാരണ നില സംജാതമാക്കാനുള്ള ചുമതല പകിസ്ഥാനോണുള്ളതു്.

—o—

## ഉപവാസം അവസാനിപ്പിച്ചു

ബാംബെ ഫെ: ൨൨—സാനെഗുരുജി എന്ന അറിയപ്പെടുന്ന ബാംബെയിലെ സോഷ്യലിസ്റ്റ്നേതാവായ മി. പി. എസ്സ്. സേനെ, ഇരുപത്തൊന്നുദിവസമായി അനുഷ്ഠിച്ചുപോന്ന ഉപവാസം ഇന്നു ഒരു ഗ്ലാസ് നാരങ്ങാവെള്ളം കുടിച്ചു അവസാനിപ്പിച്ചിരിക്കുന്നു. (എ-പി)

## ഒറീസായിൽ ക്ഷേത്ര പ്രവേശനബിൽ

—o—

### പ്രവിശ്യാ അസംബ്ലിയിൽ അവതരിപ്പിക്കും

കട്ടക്ക് ഫെ: ൨൧—അടുത്ത സംസ്ഥാനിക അസംബ്ലിയിൽ അവതരിപ്പിക്കുവാൻ ഒറീസാഗവണ്മെന്റ് ഇന്നലെ അതിന്റെ ക്ഷേത്രപ്രവേശനാധികാരബിൽ പ്രസിദ്ധംചെയ്തിരിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് പുറംതള്ളപ്പെട്ട വിഭാഗങ്ങളെന്നു വിളിക്കപ്പെടുന്നവർക്ക് ഏതു ക്ഷേത്രത്തിലും പ്രവേശിച്ച് മററുള്ള ഹിന്ദുക്കളെയുംപോലെ യഥേഷ്ടം ആരാധന നടത്തുവാൻ [illegible]ച്ചിരിക്കുന്നു. അവരുടെ ഈ അവകാശം [illegible]യോഗിക്കുന്നതിൽനിന്നു ആരു തടഞ്ഞാലും [illegible] ശിക്ഷയ്ക്കു വിധേയരാകുന്നതായിരിക്കും.

—o—

## ജനങ്ങൾക്കു സൈന്യ പരിശീലനം നൽകണം

—o—

### ലോകമഹായുദ്ധത്തിനു തയ്യാറായിരിക്കണം

—o—

### ഒറീസാപ്രധാനമന്ത്രിയുടെ ഉൽബോധനം

കട്ടക്ക്, ഫെബ്രുവരി ൨൨—ഇന്ത്യയിലെ ജനങ്ങൾക്കു വലിയതോതിൽ സൈന്യപരിശീലനം നൽകുകയും അവരുടെയിടക്കു സൈനികശിക്ഷണം ഉണ്ടാക്കുകയും ചെയ്യണമെന്നു മുട്ക്കാൽബാറാലിയൻ യൂ. ഒ. ടി. സി-യുടെ ഒരു പരേഡിൽ പ്രസംഗിച്ചുകൊണ്ടു ഒറീസാപ്രധാനമന്ത്രി മി: ഹരികൃഷ്ണമഹതാബ് ഉൽബോധിപ്പിച്ചിരിക്കുന്നു. യു. എൻ. ഒ-യുടെ പ്രവണത ഗൗനിച്ചിട്ടുള്ളവർക്കൊക്കെ കാര്യങ്ങൾ എങ്ങനെ പോകുന്നുവെന്നു അറിയാമെന്നു അദ്ദേഹം പ്രസ്താവിച്ചു. താമസിയാതെ ഈ ലോകത്തു മറെറാരു യുദ്ധം വരാൻപോകുന്നുണ്ടു്. ആ സമയത്തിനിടയ്ക്കു നാം തയ്യാറാകണം. അല്ലെങ്കിൽ നാം തുലയും എന്നിപ്രകാരം അദ്ദേഹം പ്രസ്താവിച്ചു. ജനങ്ങൾ ശിക്ഷണമുള്ള ഭടന്മാരായിരിക്കണം. ഇപ്പോൾ അവർക്കു ശിക്ഷണബോധമെന്നതു ചുരുക്കമാണ്. ശിക്ഷണത്തോടൊപ്പം അഭിമാനത്തിനുവേണ്ടി ജീവൻ ത്യജിക്കുവാൻപോലും സന്നദ്ധരാകത്തക്കവിധമുള്ള ഒരു ആത്മാഭിമാനബോധം പുലർത്തണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. വിദ്യാർത്ഥികളുടെ സൈന്യപരിശീലനത്തിന്റെ മാനദണ്ഡം വർദ്ധിപ്പിക്കുവാൻ യൂ. ഒ. ടി. സി-യുടെ സംഖ്യാബലം ൧൨-ആഫീസരന്മാരുൾപ്പെടെ ൧൨൦൦-ആയി വർദ്ധിപ്പിക്കുവാൻ അവലംബിച്ചിരിക്കുന്നു. (എ- പി)

—o—

## മൈസൂറിൽ അടിയന്തിരാധികാരനിയമം

—o—


ബാംഗ്ളൂർ, ഫെ: ൨൧—അടിയന്തിരാവസ്ഥയിൽ ചില നടപടികൾ കൈക്കൊള്ളുവാൻ ഗവമ്മെൻറിനെ അധികാരപ്പെടുത്തുന്ന മൈസൂർ എമർജൻസി ആക്ട് ഇന്നു പ്രസിദ്ധീകരിച്ചിരിക്കുന്നു. മുസ്ലീം നാഷനൽ ഗാർഡ്സിന്റെയും ഖാക്സാറുകളുടെയും ചെങ്കുപ്പായക്കാരുടെയും പ്രവർത്തനങ്ങളും മൈസൂർ ഗവമ്മെൻറു നിരോധിച്ചിരിക്കുന്നു.

ഇതിഹാദുൽ മുസ്ലീമിൻ സംഘടനയുമായി എഴുത്തുകുത്തു നടത്തിവന്നതായി പറയപ്പെടുന്ന ഒരു ടെക്സ്റ്റൈൽ ഉദ്യോഗസ്ഥനെ സിററിപോലീസ് അറസ്ററു ചെയ്തിരിക്കുന്നു. മാൽബാഗിനടുത്തുള്ള ഒരു കുളത്തിൽനിന്നു ഏട്ടു ഉരുക്കുകഠാരികൾ പോലീസ് വീണ്ടെടുക്കുകയുംചെയ്തു.

### സിവിൽസപ്ലൈസ് വകുപ്പു നിർത്തലാക്കി

൨൯-ാംനു മാർച്ച് ൧-ാംനു മുതൽ സ്റ്റേററിലെ സിവിൽസപ്ലൈസ്വകുപ്പ് ഗവ. നിർത്തലാക്കിയിരിക്കുന്നു. ൧൯൪൨-ൽ ആണ് ഈ വകുപ്പാരംഭിച്ചതു്.

—o—



മദ്രാസിൽ—മഹാത്മജിയുടെ ചിതാഭസ്മം അടങ്ങിയ കലശം മദ്രാസ് പ്രധാനമന്ത്രി, അലങ്കരിക്കപ്പെട്ട ഒരു വാഹനത്തിൽ സ്ഥാപിക്കുന്നു. സമുദ്രത്തിൽ നിക്ഷേപനം നടത്തുന്നതിനുള്ള ഘോഷയാത്രയിൽ അനേകലക്ഷം പൗരന്മാർ പങ്കുകൊണ്ടു് മഹാത്മാഗാന്ധിയോടുള്ള ഭക്തി പ്രകടിപ്പിക്കുകയുണ്ടായി.

# മുസ്ലീങ്ങൾ വർഗീയരാഷ്ട്രതന്ത്രം ഉപേക്ഷിക്കണം

### ഗുജറാത്ത് മുസ്ലീംകാൺഫറൻസിൽ മി: ബ്രൽവിയുടെ ഉൽബോധനം

അഹമ്മദബാദ്, ഫെ: ൨൧—ഗുജറാത്ത് മുസ്ലിംകാൺഫറൻസിൽ ആദ്ധ്യക്ഷംവഹിച്ചുകൊണ്ടു ബാംബെക്രാണിക്കിളിന്റെ പത്രാധിപരായ മി: എസ്. ഏ. ബ്രൽവി ചെയ്ത പ്രസംഗത്തിൽ വർഗ്ഗീയരാഷ്ട്രതന്ത്രം ഉപേക്ഷിക്കുവാൻ ഇന്ത്യയിലെ മുസ്ലിങ്ങളെ ഉപദേശിച്ചിരിക്കുന്നു. യുക്തിയും, പരിതസ്ഥിതികളെപ്പററിയുള്ള ബോധവും, സ്വന്തം താല്പര്യവും അവരെ അതിനായി പ്രേരിപ്പിക്കുന്നില്ലെങ്കിൽതന്നെ, മഹാത്മാഗാന്ധിയോടു സമുദായത്തിനുള്ള നന്ദിപ്രദർശിപ്പിക്കാനായിട്ടെങ്കിലും ആവിധം പ്രവർത്തിക്കേണ്ടതാണ്. മുസ്ലിങ്ങളും മററു ന്യൂനപക്ഷങ്ങളും അഭിമാനത്തോടും രക്ഷാബോധത്തോടുംകൂടി ജീവിക്കാൻവേണ്ടിയാണു ഗാന്ധിജി തന്റെ ജീവിതം ബലികഴിച്ചതു്. അനേകതലമുറകളായി ഇത്രയും ഉത്തമനും പ്രശസ്തനും ആയ ഒരു സ്നേഹിതനെ അവർക്കു ലഭിച്ചിട്ടില്ല. തങ്ങളുടെ ഉത്തമസ്നേഹിതനെ വഞ്ചിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതുകവണ്ണം മുസ്ലീങ്ങൾ അത്ര നന്ദികെട്ടവരാണോ? മുൻകാലങ്ങളിൽ ആലോചനാരഹിതരായി ലീഗ് നേതൃത്വം സ്വീകരിച്ചു് ഇരുരാഷ്ട്രസിദ്ധാന്തത്തെ പിന്താങ്ങിയ മുസ്ലീങ്ങൾ ഇന്നു് ആ വാദത്തിന്റെ പിന്നിലുള്ള അപകടങ്ങൾ മനസ്സിലാക്കിയിരിക്കുമെന്നും, വിദേശികളെന്നനിലയിലല്ലാതെ ദ്വിരാഷ്ട്രസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന കൂട്ടർക്കു ഈ രാജ്യത്തു താമസിക്കാൻ സാദ്ധ്യമല്ലെന്നു് ബോദ്ധ്യപ്പെട്ടിരിക്കുമെന്നും മി: ബ്രൽവി വിശ്വസിക്കുന്നു. ദ്വിരാഷ്ട്രസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഏതൊരു മുസ്ലീങ്ങളും, ഇപ്പോഴും ഈ രാജ്യത്തു് കാണുമെന്നാണു് അദ്ദേഹം കരുതുന്നതു്. അങ്ങനെയുള്ളവർ പകിസ്ഥാനിലേക്കു കുടിയേറിപ്പാർക്കുകയോ മററു വിദേശികൾ ഇവിടെ താമസിക്കുന്നതുപോലെ വിദേശികളെന്നനിലയിൽ കഴിയാൻ തയ്യാറാകുകയോ ആണു വേണ്ടതു്. എന്നാൽ മുസ്ലിങ്ങളിൽ ഭൂരിഭാഗം രാജ്യഭക്തരായി ഇവിടെത്തന്നെ താമസിക്കുവാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ദീർഘകാലമായി മൗലാനാ ആസാദിന്റെ നേതൃത്വത്തിൽ ദേശീയമുസ്ലീങ്ങൾ നൽകിപ്പോരുന്ന ഉദാഹരണം ശരിയും യുക്തവും ആണ്. ഇന്ത്യൻയൂനിയനിലും പകിസ്ഥാനിലും ഉള്ള അഭയാർത്ഥികൾ അവരവരുടെ ഗൃഹങ്ങളിലേക്കു് തിരിച്ചുപോകുവാനുള്ള സൗകര്യം നൽകണമെന്ന ഗാന്ധിജിയുടെ നിർദ്ദേശം എ. ഐ. സി. സി. അംഗീകരിച്ചിരിക്കുന്നു. ലക്നോ കാൺഫറൻസു ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ടു്. ഇപ്പോൾ മഹാത്മജിയുടെ ചരമംമൂലം സംഭവിച്ചിരിക്കുന്ന മാനസാന്തരം ഇരുരാജ്യങ്ങളിലെയും അഭയാർത്ഥികൾ തങ്ങളുടെ ഗൃഹങ്ങളിൽവന്നു താമസിക്കുന്നതിനു അനുവദിക്കുവാൻ പ്രേരിപ്പിക്കുമെന്നു അദ്ദേഹം ആശിക്കുന്നു. പകിസ്ഥാനും ഇന്ത്യയും മഹാത്മജിയുടെ ചരമംമൂലം ഒരുപോലെ ദുഃഖിക്കാൻ ഇടയായിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ കാശ്മീരിനെ സംബന്ധിച്ച യോജിച്ച തീരുമാനം ഉണ്ടാക്കാൻകഴിയുമെന്നും ആഗ്രഹിക്കുന്നു. (എ-പി-

—o—

## കെ. ആർ. ഇലങ്കത്തു വിജയിയായി

—o—

തിരു, കുംഭം ൧൦—പ്രതിനിധിസഭയിലേക്കു തിരുവനന്തപുരം ൪-ാം നിയോജകമണ്ഡലത്തിൽ ഈമാസം ൭-ാംതീയതി നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം ഇന്നു വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തിയശേഷം ഡിവിഷൻപേഷ്ക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. സ്റ്റേ: കോ: സ്ഥാനാർത്ഥിയായ മി: കെ. ആർ. ഇലങ്കത്തിനു ൧൦൩൩൦-വോട്ടും കമ്മ്യൂണിസ്റ്റ സ്ഥാനാർത്ഥിയായ മി: ശ്രീധരനു് ൧൭൩൪ വോട്ടും സ്വതന്ത്രസ്ഥാനാർത്ഥിയായ മി: നാരായണൻപോററിക്കു ൧൭൩൭ വോട്ടും ലഭിച്ചു. ൧൭൩൬ വോട്ടുകൾ അസാധുവായി. കൂടുതൽ വോട്ടുകൾ കിട്ടിയ ശ്രീ. കെ. ആർ. ഇലങ്കത്തു വിജയി ആയിരിക്കുന്നു. ഈ നിയോജകമണ്ഡലത്തിന്റെ സമ്മതിദായകരുടെ ആകെ സംഖ്യ ൧൭൩൫൬൧ ആയിരുന്നുവെന്നും അതിൽ ൧൭൧൯൩ പേർ വോട്ടുചെയ്തിട്ടുണ്ടെന്നും കണക്കാക്കപ്പെടുന്നു. (സ്വ-ലേ)

—o—

## ലിബിയായിൽ അറബികളുടെ എതിർപ്പ്

### ബ്രി: സൈനികഭരണത്തിനെതിരായി പ്രകടനം

ട്രിപ്പോളി ഫെ: ൨൧—ലിബിയായിലെ ബ്രി: സൈനികഭരണത്തിനെതിരായി അറബികൾ ചൊവ്വാഴ്ച നടത്തിയ പ്രകടനം തകർക്കുവാൻ ബ്രിട്ടീഷ്പട്ടാളത്തെ വിളിയ്ക്കുകയും അവിടെ നിശാനിയമം ഏർപ്പെടുത്തുകയുംചെയ്തു. "കോട്ട്ല എന്നറിയപ്പെടുന്ന അറബിനാഷനലിസ്റ്റ് ബ്ളാക്കിന്റെ പ്രസിഡന്റും സെക്രട്ടറിയുമുൾപ്പെടെ ൭൦ പേർ അറസ്റ്റ്ചെയ്യപ്പെട്ടു. സ്ഥിതിഗതികൾ പൂർവ്വസ്ഥിതിയിലെത്തുകയും ട്രിപ്പോളിറേറനിയ ഒട്ടാകെ നില ശാന്തമാവുകയുംചെയ്തു. അസ്വസ്ഥതകൾക്കുശേഷം പ്രഖ്യാപനംചെയ്യപ്പെട്ട അടിയന്തിരാവസ്ഥയും നിശാനിയമവും ട്രിപ്പോളിയിൽ പരിമിതപ്പെടുത്തുകയാണുണ്ടായതു്.

പഴയ നാലു ഇററാലിയൻകാളനികളെപ്പററി വിദേശകാര്യമന്ത്രിമാരുടെ ഡെപ്യൂട്ടികൾക്കു റിപ്പോർട്ടുചെയ്യാൻ നിയമിക്കപ്പെട്ട ചതുശ്ശക്തികമ്മീഷൻ നൽകുന്ന തെളിവിനെ സ്വാധീനപ്പെടുത്തുന്നതിലേക്കായി ഒരുവിഭാഗം അറബികളേയും ട്രിപ്പോളിറേറനിയായിലെ ഇററാലിയൻ സമുദായാംഗങ്ങളേയും ഭീഷണിപ്പെടുത്തുന്നതായി സ്വീകരിക്കുന്ന പ്രമാണങ്ങൾ കോട്ടലാകക്ഷിയുടെ ഹെഡ്ക്വാട്ടേഴ്സിൽ ബ്രി: പട്ടാളം ചൊവ്വാഴ്ച നടത്തിയ ആക്രമണത്തിൽ പിടിച്ചെടുക്കുകയുണ്ടായി. പരിശോധനയ്ക്കിടയിൽ ഒരു അറബിയുവാവു് ആ അന്വേഷണസംഘത്തിലെ ബ്രി: ആഫീസറെ വെടിവച്ചു. നാണൂറോളംവരുന്ന കോട്ട്ലാ അനുയായികൾ പഴയ നഗരത്തിൽകൂടി ബ്രി: സൈനികഭരണം ഹെഡ്ക്വാട്ടേഴ്സിലേക്കു നീങ്ങുകയും തങ്ങളുടെ മേധാവിയായ ആലിഫിക്കിഹാസന്റെ അറസ്റ്റിനെതിരായി ക്ഷോഭിച്ച പ്രകടനം നടത്തുകയുമുണ്ടായി.

—o—

## സമ്മേളനം താമസിയാതെ നടക്കും

ബ്രസൽസ് ഫെബ്രുവരി ൨൧—പശ്ചിമയൂറോപ്യൻരാജ്യങ്ങളുടെ ഒരു യൂണിയനുവേണ്ടിയുള്ള നിർദ്ദേശങ്ങളെപ്പററി ചച്ചചെയ്യാൻ താമസിയാതെ പശ്ചിമയൂറോപ്യൻ കാൺഫറൻസ് നടത്തുന്നതാണെന്നു് ബൽജിയൻ പ്രധാനമന്ത്രി മി: സ്പാക്ക് പ്രസ്താവിച്ചു.

(11-ാം പേജിൽനിന്നു തുടർച്ച)

അനപേക്ഷണീയമാണെന്ന തത്വം ജന സ്സിലാക്കിയതോടുകൂടി നിയമവിധേയത്വമെന്ന ഗുണം മനുഷ്യൻ പരിശീലിച്ചിരിയ്ക്കണം. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ സാമൂഹ്യബോധമുള്ള ഒരു ജന്തുവായ മനുഷ്യൻ (Man is a Political animal.) നിയമസമാധാനങ്ങളോടു ഒരാഭിമുഖ്യം പ്രദർശിപ്പിച്ചിരിക്കണം. പ്രായോഗികമായ അനുഭവജ്ഞാനം അവനെ ആ വിധത്തിൽ പ്രവർത്തിക്കുവാൻ പ്രോത്സാഹിപ്പിച്ചിരിക്കണം. ഏതെങ്കിലും രീതിയിലുള്ള ഒരു ഭരണവ്യവസ്ഥിതിയിലൂടെ മാത്രമേ തന്റെ കഴിവുകളെ ഏറ്റവും പ്രയോജനകരമായ രീതിയിൽ വിനിയോഗിക്കുവാൻ കഴികയുള്ളുവെന്നു മനസ്സിലാക്കിയ മനുഷ്യൻ അങ്ങിനെ രാഷ്ട്രീയബോധമെന്തെന്നറിയാതെതന്നെ രാഷ്ട്രീയബോധമുള്ളവനായി പരിണമിച്ചു.

രാഷ്ട്രം ചരിത്രത്തിന്റെ ഒരു സൃഷ്ടിയാണെന്ന മതം പ്രചുരപ്രചാരം പ്രാപിച്ചുവരുന്നതിനുള്ള കാരണങ്ങൾ മേൽ കാണിച്ച യുക്തികളിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ. ക്രമാനുഗതമായ ഈ പുരോഗതിയിൽ പലപല പടികളുംകടന്നാണു രാഷ്ട്രങ്ങൾ അവയുടെ ഇന്നത്തെനിലയിൽ എത്തിച്ചേർന്നിട്ടുള്ളതു്. രക്തബന്ധാധിഷ്ഠിതമായ മതപ്രകൃതിവിശേഷപ്രചോദിതമായ മതബോധം വർഗ്ഗസ്നേഹത്തിന്റേയും സാമൂഹ്യജീവിതചര്യയുടേയും പ്രേരണമൂലമുളവായ രാഷ്ട്രീയമനോഭാവം ഇവ ഓരോന്നും രാഷ്ട്രപരിണാമത്തിൽ സാരമായ പങ്കു വഹിച്ചിട്ടുണ്ടു്. പക്ഷേ ഓരോ സമുദായത്തിലും ഈ പ്രേരകശക്തികൾ ഓരോന്നും ഏതേതളവിലും ഏതേതനുപാതത്തിലുമാണു പ്രവർത്തിച്ചിട്ടുള്ളതെന്നു ഖണ്ഡിതമായി പറയുക അസാദ്ധ്യമാണു്.




പുക വലിക്കുന്നവർ ഇഷ്ടപ്പെടുന്ന ആ ആനന്ദകരമായ സുഗന്ധം ഓറിയന്റ് സിഗററ്റുകളിലുണ്ടു്. സ്ഥിര പുക വലിക്കാർ എപ്പോഴും ഓറിയന്റ് സിഗററ്റുകൾ വലിക്കുവാൻ ആഗ്രഹിക്കുന്നതാണു്

"മധുര" എന്ന പട്ടണം "പൂർവ്വദേശത്തുള്ള ഏതൻസ് നഗരം" എന്നു വിവരിക്കപ്പെടുന്നു. ദക്ഷിണേന്ത്യാധിവാസികളുടെ സംസ്കാരപാരമ്പര്യത്തെ സൂചിപ്പിക്കുന്ന സുന്ദരതരങ്ങളായ ശിലാശില്പവേലകളുള്ള അനേകം ഗോപുരങ്ങൾ ഈ നഗരത്തിലുണ്ടു്.




ORIENT CIGARETTES

ഓറിയന്റ്

ഇന്ത്യാ ദേശീയ സിഗററ്റ്

നാഷനൽ ടുബാക്കോ കമ്പനി ഓഫ് ഇന്ത്യാ ലിമിറഡ്

(AC) O. Mal. 42

## അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

കമ്യൂണിസവും തിരുവിതാംകൂറും പി. എം. മാത്യു, ഉദയാബ്യുക്ക്സ്റ്റാൾ, പുനലൂർ, പേജ് ൯൦, വില ൧൨-ണ.

ഇരുട്ടിൽ (ചെറുകഥകൾ) കാരൂർ നീലകണ്ഠപ്പിള്ള മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ, പേജ് ൧൭൦-വില രൂ. ൧.

തൂപ്പുകാരൻ (ചെറുകഥകൾ) കാരൂർ നീലകണ്ഠപ്പിള്ള, മംഗളോദയം, പേജ് ൨൦൩, വില ൧-രൂ-൩-ണ.

വിപ്ലവാചാര്യനായ ലെനിൻ— ഇ. കെ. നായർ, മംഗളോദയം, പേജ് ൯൭, വില ൧൨-ണ.

ഒരു എം. ഏ-ക്കാരന്റെ മരണവിലാപം— മുൽക്ക്‌രാജ് ആനന്ദ്, പരിഭാഷകൻ എം. സി. നമ്പൂതിരിപ്പാട് ബി. എസ്. സി, മംഗളോദയം, പേജ് ൧൩൩, വില ൧ ക ൮ ണ

സരളഹിന്ദി സ്വബോധിനി—വിദ്വാൻ കെ. വാസുദേവൻപിള്ള, സാഹിത്യരത്നം രാഷ്ട്രഭാഷാവിശാരദ്, നമ്മവിശാരദ് ഹിന്ദിമഹാവിദ്യാലയം, പുത്തൻചന്ത, തിരുവനന്തപുരം പേജ് ൩൮൪ വില രൂ ൨.

കലാകടി—ഗദ്യം ഏ. പി. വാസുനമ്പീശൻ ദീനബന്ധു പ്രസ്സ് എറണാകുളം, വില ൧൨-ണ.

അന്ത്യപൂജ (പദ്യം)—പാലാ നാരായണൻനായർ, പി. കെ. ഗോവിന്ദപ്പിള്ള, ബി. ഒ. എൽ. കേരളാപ്രസ് തിരുവനന്തപുരം, പേജ് ൨൭-വില ൩-ണ.

വീരനേതാജി—വിദ്വാൻ സി. പി. കേശവൻവൈദ്യൻ, മയ്യനാട്ട്, പേജ് ൪൮- വില രൂ-൧.

മഹാത്മാ—(ഗദ്യം) ടി. കെ. രാമൻമേനവൻ സരസ്വതി പബ്ലിഷിംഗ് ഹൗസ് തൃശ്ശൂർ, പേജ് ൧൭൦-വില രൂ. ൨

രേണുക—(നോവൽ), കെ. രാമൻനമ്പ്യാർ സരസ്വതി പബ്ലിഷിംഗ് ഹൗസ് തൃശ്ശൂർ. പേജ് ൧൧൫ വില രൂപാ ൧. അ. ൮.

സ്വതന്ത്രകേരളം—പദ്യം ശ്രീ. ബോധേശ്വരൻ ശാരദാബുക്ക്ഡിപ്പോ ആലുവാ പേജ് ൩൮-വി: രൂ. ൧. അ. ൪.

## ടാക്കീസ്

മഹത്തായ 2 ാംവാരം

കൊല്ലം S. M. P. പാലസ്സിൽ

ജോസഫ് ചെറിയാൻ, വാസുദേവക്കുറുപ്പ്, മാത്തപ്പൻ, ബേബിജോസഫ് അഭിനയിച്ച

നിർമ്മല

(മലയാളചിത്രം)

കൊല്ലംബേബിടാക്കീസിൽ

"വനബാലിക"

'JUNG[illegible]RL'

ഫ്രാൻസിസ് ഗിഫോർഡ്, ടോം, [illegible]ലയവർ അഭിനയിച്ചതു് [illegible] ചിത്രത്തോടൊന്നിച്ചു ദിവംഗതനായ മഹാത്മാഗാന്ധിജിയുടെ രാജഘട്ടത്തിലേയ്ക്കുള്ള ശവസംസ്കാരവിലാപയാത്രയും, ചിതാഭസ്മശേഖരണവും അടങ്ങിയ പുതിയ ന്യൂസ്‌റീൽകൂടി പ്രദർശിപ്പിക്കുന്നതാണു്.

ചവറ സുദർശൻ ടാക്കീസിൽ

വസന്ത, പൊന്നപ്പാ ഭാഗരാജ്, രാജകാന്തം വന്നിവർ അഭിനയിച്ച

'സുഭദ്ര'

എന്ന തമിഴ് ചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ

20-7-123 മുതൽ 7 ദിവസത്തേക്കുമാത്രം

"ഗാന്ധിജിയുടെ ശവസംസ്കാര വിലാപയാത്ര"

പുതിയ ന്യൂസ്‌റീൽ

യു. ആർ. ജീവരത്നം, കെ. ആർ. രാമസ്വാമി, കൃഷ്ണൻ, മധുരം, രാമചന്ദ്രൻ നടിച്ച

— പൂമ്പാവ —

തമിഴ് ചിത്രം

ചവറ കെ. സി: ടാക്കീസിൽ

"ഗാന്ധിജിയുടെ ശവസംസ്കാരവിലാപയാത്ര" പുതിയ ന്യൂസ്‌റീൽകൂടി പ്രദർശിപ്പിക്കുന്നതാണു്.

ഡി. കെ. പട്ടമ്മാൾ, റി. എസ്. ഭഗവതി, വി. കെ ജാനകി, പി. ജി വെങ്കിടേശൻ, മുതലായവരുടെ ഗാനങ്ങളും ബേബികമലയുടെ നൃത്തവുംഅടങ്ങിയ മഹത്തായ രണ്ടാംവാരം

രാമരാജ്യം

എന്ന തമിഴ് ചിത്രം

കൊല്ലം ലക്ഷ്മിടാക്കീസിൽ

11-7-123 (23-2-'48) തിങ്കളാഴ്ചമുതൽ

ശാന്താ, പൊന്നപ്പാ, എൻ. എസ്. കൃഷ്ണൻ, റി. ഏ. മധുരം, യു. ആർ. ജീവരത്നം ആക്ട്ചെയ്ത

അരുന്ധതി

എന്ന തമിഴ് പുരാണചിത്രം

എലിസബത്ത്‌രാജകുമാരിയുടെ വിവാഹചടങ്ങുകളടങ്ങിയ

വെഡിംഗ് റീൽ

കൊല്ലം S. M. P. പാലസ്സിൽ

'നിർമ്മല' എന്ന മലയാള ചിത്രത്തോടുകൂടി

21-2-'48 ശനിയാഴ്ചമുതൽ പ്രദർശിപ്പിച്ചുവരുന്നു

(4-ാം പേജിൽനിന്നു തുടർച്ച)

അല്ലേ ? ഈ സ്വാനുഭവബോദ്ധ്യമുണ്ടായിരുന്നിട്ടും, എന്റെ അഭിപ്രായത്തെ എതിർക്കുവാൻ ബദ്ധകങ്കണനായി പുറപ്പെട്ടിരിക്കുന്ന മി: അയ്യങ്കാരുടെ വാദത്തിലെ അർത്ഥശൂന്യത അദ്ദേഹം മനസ്സിലാക്കാത്തതു് അത്ഭുതകരമായിരിക്കുന്നു.

അദ്ദേഹത്തിന്റെ ലേഖനത്തിൽ എന്നെ പരിഹസിക്കുവാനും എതിർക്കുവാനും അറിഞ്ഞുകൂടെന്നുവരുത്താനും ചെയ്തിട്ടുള്ള വ്യഥാശ്രമങ്ങളുടെ നേർക്കു് എനിക്കനുകമ്പയാണുള്ളതു്. എന്റെ പേരിനോടുകൂടി 'പ്രൊഫസർ' എന്നു ചേർത്തിരുന്ന അദ്ദേഹം അനുകമ്പാർഹമാംവിധം പരാമർശിച്ചിരിക്കുന്നു. അതിന്റെ ചി[illegible]ക്കാനുകൂ[illegible]കയറുവാനും ഒരാളെ തിരസ്കരിക്കുവാനും [illegible]ങ്ങനെ സംതൃപ്തിയടയുവാനും മതിന്നു് ത[illegible]ന്നെയാണു്. വേദത്തെ വിവരിക്കുന്ന[illegible]ത്യം 'വെറും' ആലങ്കാരികമാണെന്നു ഞാൻ പറഞ്ഞിരുന്നില്ല. വെറും എന്നൊരു വിശേഷണംകൂടെ ചേർത്താൽ മാത്രമേ മി: അയ്യങ്കാർക്കു സന്തോഷമാവൂ എന്നുണ്ടെങ്കിൽ അങ്ങനെ ചെയ്തുകൊള്ളട്ടെ. പക്ഷേ ശാസ്ത്രീയമായ ഒരു വാദവേദിയിൽ പ്രവേശിക്കുന്ന സംസ്കാരസമ്പന്നരായ യാതൊരുത്തരും ആ നയം അവലംബിക്കാറില്ല.

മി: അയ്യങ്കാർ വേറൊരുഭാഗത്തു പറയുന്നു:—"എന്നെപ്പോലെ പ്രൊഫസറും ജ്യോതിശ്ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന ഒരാളാണെന്നു ഞാൻ വിചാരിച്ചിരുന്നു. അതുകൊണ്ടു അദ്ദേഹം നാഡീഗ്രന്ഥങ്ങളെ സൂക്ഷ്മമായിപരിശോധിച്ചു് ഒന്നുകിൽ എന്റെ അഭിപ്രായങ്ങളോടു യോജിക്കുകയോ അല്ലെങ്കിൽ ആമ്മാതിരി ഗ്രന്ഥങ്ങളെപ്പറ്റിയുള്ള വിമർശനംകൊണ്ടു എന്നെയും പൊതുജനങ്ങളേയും പ്രബുദ്ധരാക്കുകയോ ചെയ്യുമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അതിശയിക്കത്തക്ക പ്രാധാന്യമുള്ള അത്തരം ഗ്രന്ഥങ്ങളെപ്പറ്റി അദ്ദേഹം അജ്ഞനാണെന്നുമാത്രമല്ല, അവ എന്തെന്നറിയാതെ അവയെപ്പറ്റി വിമർശിക്കുവാനും ഒരുമ്പെട്ടിരിക്കുന്നവനുമാകുന്നു"എന്നു ജ്യോതിശ്ശാസ്ത്രത്തിൽ മി. അയ്യങ്കാരെപ്പോലെ ഗവേഷണം നടത്തുന്ന ഒരാളാണു ഞാനെന്നു അദ്ദേഹം വിചാരിച്ചതു പരമ ബദ്ധമാണു. എന്നല്ല, അതു എന്റെ അപേക്ഷയോ അനുവാദമോ കൂടാതെ ആണുതാനും. അഥവാ ഗവേഷണബുദ്ധിയുണ്ടെങ്കിൽതന്നെ ഉടനെ നാഡീഗ്രന്ഥങ്ങളുടെ പിന്നാലെ പോയ്ക്കൊള്ളണമെന്നു വിചാരിച്ചതാണു അതിലും സാഹസമായി തോന്നുന്നതു്.

ഞാൻ എന്റെ ലേഖനങ്ങളിൽ നാഡീഗ്രന്ഥമെന്ന പദംപോലും ഉപയോഗിച്ചിട്ടില്ല. എന്നാൽ മി. അയ്യങ്കാർ പറയുന്നു, ഞാൻ നാഡീഗ്രന്ഥത്തെ വിമർശിക്കുവാൻ ഒരുമ്പെട്ടിരിക്കുന്നു എന്നു. വിജയേച്ഛു ഒട്ടുമില്ലാത്ത മി. അയ്യങ്കാർ എന്തിനാണു ഈ അവാസ്തവപ്രസ്താവന ചെയ്യുന്നതെന്നു എനിക്കു മനസ്സിലാക്കുവാൻകഴിയുന്നില്ല.

ഞാൻ നാഡീഗ്രന്ഥം കണ്ടിട്ടില്ല. കേരളത്തിലെ മിക്ക ജ്യോത്സ്യന്മാരും ഈ കാര്യത്തിൽ എന്റെ കൂട്ടുകാരായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ മധുരയിൽനിന്നും രേഖാനാഡീഗ്രന്ഥം നോക്കിച്ചു പകർത്തിക്കൊണ്ടുവന്നിട്ടുള്ള രണ്ടുമൂന്നു ജാതകങ്ങൾ ഞാൻ കാണുകയുണ്ടായി. അവയിൽ അതു നോക്കിച്ച ആളുകളുടേയും അവരുടെ മാതാപിതാക്കന്മാരുടേയും പേരുകളും ജനിച്ച ആണ്ടു, മാസം, തീയതി മുതലായവയും അത്ഭുതകരമാംവിധം കാണപ്പെട്ടു. ഗ്രന്ഥം നോക്കുന്നകാലം വരെയുള്ള അനുഭവങ്ങൾ അതിശയനീയമാംവിധം അതിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ ഗ്രന്ഥനിരീക്ഷണകാലത്തിനുശേഷം അതിൽ പ്രസ്താവിച്ചിട്ടുള്ള യാതൊരു അനുഭവങ്ങളും ഒത്തുവന്നിട്ടില്ലെന്നുള്ളതാണു അതിലും അതിശയകരമായിരിക്കുന്നതു്. എനിക്കു ആദ്യം കാണുവാൻ ഇടയായ നാഡീഗ്രന്ഥജാതകത്തിൽ ആ ജാതകനു സന്താനമുണ്ടാകാതെയിരുന്നതു പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള ഇന്നിന്ന പാപങ്ങൾ കൊണ്ടാണെന്നു വിശദീകരിക്കുകയും അതിനു ഇന്നിന്ന പ്രതിവിധികൾ ചെയ്യണമെന്നു നിർദ്ദേശിക്കുകയും ൪൩-ാമത്തെ വയസ്സിൽ പുത്രസന്താനം ഉണ്ടാകുമെന്നു പ്രവചിക്കയും ചെയ്തിരുന്നു. അദ്ദേഹവും ഭാര്യയും ആ കർമ്മങ്ങൾ നടത്തി. പക്ഷേ ൫൩-ാമത്തെ വയസ്സിൽ നാഡീഗ്രന്ഥജാതകത്തിനു വിപരീതമായി അദ്ദേഹം മരണംപ്രാപിക്കുന്നതുവരെ സന്താനമുണ്ടായില്ല. ശാന്തികർമ്മങ്ങൾ നടത്തിയതിൽ സംഭവിച്ച വല്ല പന്തികേടുമായിരിക്കും കാരണമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ പിന്നീടു രണ്ടു ജാതകങ്ങൾകൂടി ഇപ്രകാരം ഫലം പകർത്തിയതിനുശേഷമുള്ള അനുഭവങ്ങൾ തെറ്റിക്കണ്ടപ്പോഴാണു് നാഡീഗ്രന്ഥത്തെക്കുറിച്ചുള്ള ബഹുമാനം ഭൂതകാലഫലം പറയുന്നതിലാണു നിർവഹിച്ചിരിക്കുന്നതെന്നു ഞാൻ അനുമാനിച്ചതു്. ഇതിൽ ഒരാളിന്റെഫലം പകർത്തിയതു ഇപ്പോഴും എന്റെ കൈവശമുണ്ടു. മി: അയ്യങ്കാർ ആവശ്യപ്പെടുന്ന ബഹുമാനം നാഡീഗ്രന്ഥത്തെക്കുറിച്ചു നൽകുന്നതിനു എന്റെ ഈ അനുഭവങ്ങൾ തടസ്സമായി നിൽക്കുന്നു.

കൊച്ചിയിൽനിന്നും മി: കെ. കെ. കുറുപ്പിന്റെ പത്രാധിപത്യത്തിൽ പുറപ്പെടുന്ന 'ജ്യോതിഷമാസിക'യുടെ ൨-ാംപുസ്തകം ൫-ാം ലക്കത്തിൽ മഹാത്മജിയുടെ ജാതകത്തെക്കുറിച്ചു 'സത്യനാഡി' എന്ന ഗ്രന്ഥത്തിലെ അഭിപ്രായങ്ങൾ ഉദ്ധരിച്ചിരുന്നു. മാസിക പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള മഹാത്മജിയുടെ അനുഭവങ്ങൾ അതിൽ അത്ഭുതകരമാംവിധം പ്രതിപാദിച്ചിട്ടുണ്ടു് ഗ്രന്ഥത്തിന്റെ പേരിനെ അന്വർത്ഥമാക്കുന്ന ഫലവിവരണമാണു് അതിൽ ദൃശ്യമായതു്. മാസിക ഈയാണ്ടു കന്നിമാസത്തിൽ പ്രസിദ്ധീകൃതമായി. മൂന്നോ നാലോ മാസം മാത്രം കഴിഞ്ഞു മഹാത്മജിക്കുണ്ടായ ഭയങ്കരാനുഭവം അതിൽ സൂചിപ്പിക്കപ്പെടുകപോലും ചെയ്തിട്ടില്ലെന്നു കാണുമ്പോൾ നാഡീഗ്രന്ഥങ്ങളിൽ ഗവേഷണം നടത്തുവാനുള്ള ആഗ്രഹം തന്നെ നഷ്ടപ്പെടുന്നതു അതിശയമല്ലല്ലോ. സത്യനാഡിയിൽ പറയുന്നതു് ൮൦-ാമത്തെ വയസ്സിലെ ഫാൽഗുനമാസവും കൃഷ്ണപക്ഷവും പഞ്ചമിതിഥിയും ചൊവ്വാഴ്ചയും കൂടുന്ന ദിവസം മഹാത്മജി ശരീരത്യാഗം ചെയ്യുമെന്നാണു. ൭൮-ാമത്തെ വയസ്സിൽ ആപത്തിന്റെ സൂചനപോലുമില്ലതാനും.

ജ്യോതിശ്ശാസ്ത്രം ഭാവിയെപ്പറ്റിപ്പറയുവാൻ ഉപകരിക്കുന്നതാണോ അല്ലയോ എന്നുള്ളതു് അടുത്തലേഖനത്തിൽ പ്രസ്താവിച്ചുകൊള്ളാം.

—o—

# പള്ളിവാണബൗദ്ധൻപെരുമാൾ

റി. കെ. ജോസഫ്, ബി. ഏ., എൽ. റി.

മകരം ൨൯-ാംനു-യിലെ ലേഖനത്തുടർച്ചയിൽ ബൗദ്ധനായ പെരുമാളിനെപ്പറ്റി ശ്രീ. രാജാവർകൾ പറയുന്നു. ഒരു പെരുമാൾ മാർഗ്ഗം പൂകി, വേദം പൂകി, കോഴിക്കോട്ടുനിന്നു മക്കത്തിനുപോയി, "മക്കദേശം ഗതോ മഹാൻ" (കേ: മാഹാത്മ്യം), അദ്ദേഹത്തിനു "വസ്ത്രവും തിരിച്ചുകൊടുത്തു വേറെ ആക്കുകയും ചെയ്തു" ("ഭൂവിഭാഗഃ" എന്ന കലിവാക്യം) തിരുവഞ്ചിക്കുളത്തുനിന്നും പോയി ചേരമാൻപ്രദേശം പ്രാപ എന്ന കലിദിനവാക്യം "പകടദേശങ്ങൾനിന്നും ഒന്നുരണ്ടു ബൗദ്ധശാസ്ത്രികളും മാപ്പിളമാരു വന്നു (അദ്ദേഹത്തെ) വേദശാസ്ത്രങ്ങൾ കേൾപ്പിച്ചു. അന്നു കലി ഔരരവം ദേവരാജ്യം" (കുപ്പിക്കാട്ടു മനയ്ക്കലെ കേരളോല്പത്തി), അദ്ദേഹം തിരുവിതാംകൂറിലെ കോട്ടയത്തിനടുക്കലുള്ള നീലൻപേരൂര 'തിരുവഞ്ചിക്കുളത്തു' പറമ്പിനടുത്തുള്ള പെരിഞ്ഞന (പെരുംജന) ത്തു പള്ളയിൽ വാണു്, ആ പള്ളിക്കു പുറത്തുള്ള ഒരു ചെറിയ മണ്ഡപത്തിൽ അടക്കംസംസ്കരിക്കപ്പെട്ടു നീലൻപേരൂരർ ഹിന്ദുക്കൾ അദ്ദേഹത്തെ "പള്ളിവാണവർ" എന്നുവിളിക്കുന്നു, പല കേരളോല്പത്തികളിലായി ആ പെരുമാൾക്കു ബാണപ്പെരുമാൾ, പള്ളിവാണർ, ബാണപുരത്തുനിന്നു വന്ന പെരുമാൾ മുതലായ പേരുകളുണ്ടു എന്നീ വസ്തുതകളും കലിവാക്യങ്ങളും കേരളോല്പത്തികളിൽനിന്നും കേരളമാഹാത്മ്യം, കേരളക്ഷേത്രമാഹാത്മ്യം, ചില ഗ്രന്ഥവരികൾ, ഐതിഹ്യങ്ങൾ എന്നിവയിൽനിന്നും മറ്റും അറിയാമല്ലോ.

തിരുവഞ്ചിക്കുളം എന്നൊരു പറമ്പ് നീലൻപേരൂരുണ്ടെന്നു മിക്കപേരും അറിഞ്ഞിട്ടില്ല. അതിന്റെ ഉടമസ്ഥൻ ഒരു മിസ്റ്റർ കുറുപ്പ് (നായർ) ആണു്. കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തിന്റെപേരുതന്നെ മി. കുറുപ്പിന്റെ പറമ്പിനുണ്ടെന്നു മാത്രമല്ല, അതിന്റെ കരം കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളം ദേവസ്വത്തിലേയ്ക്കാണു് മിസ്റ്റർ കുറുപ്പു് കൊടുത്തുവരുന്നതു. 'പള്ളിയിൽ മേനവൻ" കൊടുങ്ങല്ലൂർനിന്നു വന്നാണു് കരം വാങ്ങുന്നതെന്നു തോന്നുന്നു. പെരിഞ്ഞനത്തുപള്ളിയിൽ ഭഗവതിയമ്പലത്തിന്റെ വടക്കുപുറത്തുള്ള മണ്ഡപം പള്ളിവാണവരുടെ ശവകുടീരമാണെന്നു അവിടത്തെ ഹിന്ദുക്കൾ പറയുന്നു.

തിരുവഞ്ചിക്കുളത്തുവീട്ടിലെ മി: കെ. രാമക്കുറുപ്പിന്റെ ൧൦൭൫-൭-൨൫-ലെ ഒരെഴുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ഇങ്ങനെ അദ്ദേഹം പറഞ്ഞിരിക്കുന്നു: (പള്ളിവാണവരുടെ) "ശവകുടീരത്തുങ്കൽ ഓണം കഴിഞ്ഞുവരുന്ന അവിട്ടംമുതൽ മകം പൂരം ഈ നാൾവരെ പതിനാറു ദിവസം ആഘോഷിക്കുക പതിവാണു്. ഈ ദിവസങ്ങൾ ഒക്കെയും ഞങ്ങളുടെ കരനാഥന്മാരായ ആലപ്പുറത്തു പണിക്കരും പുറനാട്ടുപണിക്കരും ആ സന്നിധാനത്തുങ്കൽ ചെന്നു, തുടങ്ങുവാൻ സമയം, ഞങ്ങൾ ഭടയണി ആരംഭിക്കട്ടയോയെന്നു മനസ്സിൽ ധ്യാനിക്കുന്നു. ആ സമയം ഞങ്ങൾ എല്ലാവരും വളരെ ആദരവോടുകൂടി നിശ്ശബ്ദമായി, അവർ രണ്ടുകൂട്ടരും അവിടെനിന്നു മാറുന്നതുവരെ നില്ക്കുന്നു. അവസാനദിവസം ടി രണ്ടുകൂട്ടരുംചെന്നു കീഴിൽ (ഫന്ദു ദിവസവും) ഞങ്ങൾ വല്ല കാറവും ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം ക്ഷമിക്കണം എന്നു മനസ്സിൽ ധ്യാനിച്ചു ഒന്നുനാലുചക്രം പ്രായശ്ചിത്തമായി ഒരു പട്ടിൽ പടിയിൽവച്ചു പഴയപടി അനുവാദം വാങ്ങിക്കുന്നു.........(ശവ) കുടീരമാണെന്നു പറഞ്ഞുകേൾവിയാണെന്നല്ലാതെ (൧൦൭൫-നു ഏകദേശം നാല്പതുവർഷം മുമ്പ) ഞാൻ ഇതു തുറക്കുന്നസമയം ജനിച്ചിട്ടില്ല. വടക്കുപുറത്തു കിടക്കുന്ന കുളം ക്ഷേത്രത്തിൽനിന്നും ഉപേക്ഷിച്ചിട്ടിരിക്കുകയാണു്. അതിൽ ഒരു ബിംബമുണ്ടെന്നുള്ളതു് ഞാൻ ഇപ്പോഴാണറിയുന്നതു്."

ബിംബമെന്നുപറഞ്ഞതു് ആ കുളത്തിൻകരെ പള്ളിവാണവരുടെ ഒരു ശിലാപ്രതിമ നിന്നിരുന്നതിനെപ്പറ്റിയാണു്; അതു് ദേവബിംബമല്ലായിരുന്നു. അതിന്റെ മാറത്തു് ഒരു കുരിശുണ്ടായിരുന്നു. മി: കുറുപ്പിനു ഓർമ്മയാകുന്നതിനോ അദ്ദേഹം ജനിക്കുന്നതിനോ മുൻപു ആ പ്രതിമ കുളത്തിനടിയിൽ മറഞ്ഞുപോയി. മേല്പറഞ്ഞ മണ്ഡപത്തിന്റെ തറ പത്തുപന്ത്രണ്ടു വർഷംമുൻപു് ഒരു രാത്രിയിൽ നീചന്മാരുരെ മൂന്നുനാലു ക്രിസ്ത്യാനികളെക്കൊണ്ടു ഇളപ്പിച്ചപ്പോൾ (ഹിന്ദുക്കൾക്കു ശവകുടീരം തുറക്കാൻ ഭീതിയുണ്ടായിരുന്നു) ശിലാപ്രതിമപോലെതന്നെയുള്ള ഒരു ചെറിയ ഓട്ടുപ്രതിമ കിട്ടി. പിന്നെയും കുഴിച്ചുചെന്നപ്പോൾ കരിങ്കൽകൊണ്ടുതീർത്ത ഒരു കരിങ്കൽത്തളിരം കണ്ടു. ഇനി ഞങ്ങൾ കുഴിക്കയില്ലെന്നു് ആ 'മാപ്പിളമാർ' പറഞ്ഞതുകൊണ്ടു കുഴിച്ച കുഴി മണ്ണിട്ടു നികത്തിയിട്ടു എല്ലാവരും രാത്രിതന്നെ പോയി.

കിട്ടിയ ഓട്ടുവിഗ്രഹം ഒരു നായർവീട്ടിൽ കൊണ്ടുചെന്നു സൂക്ഷിച്ചു. അവിടെ ചില ബാധോപദ്രവങ്ങൾ വന്നതുകൊണ്ടു അതു നീലൻപേരൂർക്കായലിൽക്കൊണ്ടു കളയുവാൻ ഒരു രാത്രിയിൽ പുറപ്പെട്ടു. താമസിയാതെ വീട്ടിൽ ബാധയുണ്ടാകയാൽ ആളു ചെന്നറിയിച്ചു; പ്രതിമ തിരിയെക്കൊണ്ടുപോരുകയും ചെയ്തു പിന്നെ അതു് അമ്പലത്തിന്റെ മേൽത്തട്ടിന്മേൽ കൊണ്ടുവച്ചു; പിന്നെയും ബാധ. പിന്നീടു ശവകുടീരമണ്ഡപത്തിന്റെ ഒരു മൂലയിൽ കൊണ്ടുചെന്നുവച്ചു. ൧൧൦൫-ൽ ഞാൻ കണ്ടപ്പോൾ ആ പ്രതിമ ഒരു നായർവീട്ടിലായിരുന്നു. അവിടെവച്ചുതന്നെ ഫോട്ടോകൾ എടുക്കയും ചെയ്തു അവ ഇവിടെ രണ്ടു പുസ്തകങ്ങളിലും പാരീസിലെ ഒരു പുസ്തകത്തിലും ഞാൻ പ്രസിദ്ധപ്പെടുത്തി. ബംഗാളിലെ മി. ഗാംഗുലിയുടെ രൂപം എന്ന മാസികയ്ക്കും അതയച്ചുകൊടുത്തു. അതിലും ൧൯൩൦-ലോ ൧൯൩൧-ലോ ചേർത്തുകാണും:

ബൗദ്ധനായി എന്നു കേരളോല്പത്തികളിലുംമറ്റും പറയുന്ന പെരുമാളും നീലൻപേരൂർ പള്ളിവാണപ്പെരുമാളും ഒരാൾതന്നെ എന്നു വിചാരിപ്പാനേ ന്യായമുള്ളൂ. എന്തെന്നാൽ ഒരു പെരുമാൾ ബൗദ്ധനായി മാർഗ്ഗംപൂകിയെന്നല്ലാതെ മറ്റൊരു ഐതിഹ്യമുള്ളൂ. അതു് കുപ്പിക്കാട്ടുകേരളോല്പത്തിപ്രകാരം "ഔരരവം ദേവരാജ്യം" എന്ന കലിദിനത്തിൽ (ക്രി. ൩൧൭ ഫെ. ൧൪-നു-വ്യാഴാഴ്ച) ആയിരുന്നതുകൊണ്ടു് പൂകിയ മാർഗ്ഗം അഥവാ വേദം ഇസ്ലാം ആയിരിപ്പാൻ ന്യായമില്ല. അന്നു് ക്രി. ൩൧൭-ൽ ഇസ്ലാം ഉണ്ടായിട്ടില്ലല്ലോ.

ഭൂവിഭാഗഃ എന്നും ചേരമാൻദേശം പ്രാപ എന്നുമുള്ള കലിവാക്യങ്ങൾ ക്രി. ൩൪൫-നെ നിർദ്ദേശിക്കുന്നു. അവരണ്ടും മേല്പടി ബൗദ്ധപ്പെരുമാളിനെ സംബന്ധിച്ചവയാണെന്നു വിചാരിക്കാം. പെരുമാളിനു "വസ്ത്രവും (വേർ) തിരിച്ചുകൊടുത്തു" എന്നു കേരളോല്പത്തിയിൽ കാണുന്നതുതന്നെ ഭൂമി ഭാഗിച്ചുകൊടുത്തു എന്ന വാക്യം സൂചിപ്പിക്കുന്നതു്. അങ്ങനെ വിഭാഗവശാൽ കിട്ടിയ നീലൻപേരൂർ തിരുവഞ്ചിക്കുളത്തും പെരിഞ്ഞനത്തും അടുത്തുള്ള കിളിരൂരും പെരുമാൾ (പെരുംജനം, പെരിഞ്ഞനം) പോയി അവിടത്തെ പെരുംജനത്തു പള്ളിയിൽ വാണ സംഭവമാണു് ചേരമാൻദേശം പ്രാപ (പ്രാപിച്ചു) എന്ന വാക്യം സൂചിപ്പിക്കുന്നതു. ഇങ്ങനെയാണെന്റെ വ്യാഖ്യാനം. കേരളം പകുത്തുകൊടുത്തിട്ടു് മക്കദേശം പ്രാപിച്ചു എന്നാണു് സാധാരണ പറയാറുള്ള വ്യാഖ്യാനം എന്നാറിയാം.

ഹാഫ്ടോണും ലൈനും ബ്ളാക്കുകൾ

ലൈനും, ഹാഫ്ടോണും ബ്ളാക്കുകൾ സിങ്കിലും കാപ്പറിലും ആവശ്യക്കാരുടെ ഹിതാനുസരണം ഏതുസൈസിലും മിതമായ നിരക്കിനു് കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണു്. ഉടൻ ഫോട്ടോ അല്ലെങ്കിൽ സ്കെച്ചുസഹിതം ആർഡർ ചെയ്യുക.

കൂടുതൽ വിവരം എസ്. ആർ. വി. പ്രസ്സിൽ അന്വേഷിച്ചാൽ അറിയാവുന്നതാണു്.

S. R. V. PROCESS STUDIO, QUILON.

പരേഡുകഴിഞ്ഞു ക്യാമ്പിൽവന്നു യൂണിഫാറങ്ങൾ അഴിച്ചുനീക്കുന്നതിനിടയിൽ ആ പട്ടാളക്കാരുടെ ഇടയിൽ 'ഛം! ഛം!' എന്നൊരു ഒച്ചക്കൂട്ടലുണ്ടായി. ഒരു തൊട്ടിയിൽ ഒരുവൻ കൊണ്ടുവന്ന ചട്ടപായ ഓരോരോകോപ്പവീതം അവർ ആർത്തിയോടെ കുടിച്ചുവററിച്ചു. പിന്നെ അന്നത്തെ പോസ്റ്റിൽ വന്നിരുന്ന കത്തുകളും പൊക്കി അവർ മങ്ങിയ മെഴുകുതിരികളുടെ ചോട്ടിലേക്കു നീങ്ങി.

ജീവിതത്തിലെ ഏററവും ഉൽക്കണ്ഠാകുലങ്ങളായ നിക്ഷേപങ്ങളായിരുന്നു അവ. കണ്ണീരോ വിളർച്ചയോ കലരാത്ത ഓരോ മുഖം അക്കൂട്ടത്തിലില്ലായിരുന്നു. മൂർഛാതുല്യമായ ഒരു നിശ്ശബ്ദത അവിടെ പരന്നു. ചില പേനകളുടേയും പെൻസിലുകളുടേയും പോറൽ ശബ്ദങ്ങളുടെ കേൾക്കാമെന്നുമാത്രം.

അവർ വിവിധവികാരങ്ങളോടെ ആ കത്തുകൾക്കു മറുപടിതയ്യാറാക്കുകയാണ്. ആ മെഴുകുതിരികൾ ആടിയാടിക്കത്തുന്നു. അവയുടെചോട്ടിൽ കൂട്ടംകൂടിയും കമഴ്ന്നും കിടക്കുന്ന ആ പട്ടാളക്കാർക്കു നേരേ എതിരേ, ബംഗാൾഉൾക്കടലിന്റെ തരംഗങ്ങിയ ആ ചക്രവാളത്തിൽ വൃശ്ചികമാസത്തിലെ ചന്ദ്രക്കല മന്ദം തെളിഞ്ഞുവന്നുകൊണ്ടിരുന്നു.

ചിന്താധീനനായി കൊട്ടംകയ്യും കുത്തിക്കിടന്ന ശിവദാസൻ അടുത്തിരുന്നു കണ്ണീർ ചൊരിയുന്ന ജനാർദ്ദനനെ തട്ടിവിളിച്ചുണർത്തിക്കൊണ്ടു പറഞ്ഞു. 'സ്നേഹിതാ, അതാ അങ്ങോട്ടു നോക്കൂ! ആ ചന്ദ്രക്കലയുടെ പുഞ്ചിരിതന്നെ നമ്മുടെനാട്ടിലെ മൺതരികളിലും പരക്കുന്നു. അവതന്നെ നമ്മുടെനാട്ടിലെ കുന്നുമലകളേയും ചുംബിക്കുന്നു.' ജനാർദ്ദനൻ തല ഉയർത്തി നോക്കി ശാന്തനായിക്കിടന്നു. 'ഹെ ജനാർദ്ദന, നമ്മുടെ ഇഷ്ടക്കാരുടെ പുഞ്ചിരിയും ഇങ്ങനെ ഈ ചന്ദ്രക്കലപോലെ തന്നെയാണു ഉദിക്കുന്നത്. ഏതോ ഒരു മുറ്റത്തെ തെക്കോട്ടു നോക്കി കുറിച്ചിരിക്കുന്ന നമ്മുടെ മാതാപിതാക്കൾക്ക് എന്തു സ്വൈരമുണ്ടാകുമെന്നറിയാമോ?'

'നേരമുണ്ടാക്കുകയില്ല; അവിടെ അടങ്ങിക്കിടക്കൂ ഹേ!' ജനാർദ്ദനൻ ശിവദാസന്റെ വാക്കുകൾ കേട്ടില്ലെന്നപോലെ, ഇടയ്ക്കിടെ ഉയർന്നുവരുന്ന ചിന്തകളെ വിലക്കിക്കൊണ്ടു നേരേ മുകളിലേക്കു നോക്കിക്കിടന്നു. ശിവദാസൻ വിട്ടില്ല. 'കേൾക്കൂ! ജനാർദ്ദനാ നിങ്ങൾക്കെന്താ കഴപ്പംപോന്നതാണല്ലോ! നിങ്ങളുടെ ആരെങ്കിലും നല്ലെഴുത്തായി നാട്ടിൽനിന്നും എഴുതുവരാറില്ലേ? അതോ ആരെങ്കിലും നിങ്ങളെ ആക്ഷേപിച്ചു വല്ലതും എഴുതി അയച്ചിരിക്കുന്നോ ഹേ, അതൊന്നുമില്ല.' അയാൾ അല്പം ചിന്തിച്ചിട്ടെന്നോണം പറഞ്ഞു:– ഓ, മനസ്സിലായി. നിങ്ങളുടെ ഭാര്യമാർ, അവളെപ്പോഴും വല്ലവരോടുമൊപ്പം ചിരിച്ചും എഴുതിയും അയച്ചിരിക്കുന്നുണ്ടായിരിക്കും. അങ്ങനെ പലതും, നിങ്ങളെന്നോ വിശ്വസിക്കരുത്. 'എടാ, ദ്രോഹി!' ജനാർദ്ദനൻ ചീറിപ്പറഞ്ഞു. 'നീ ഉറക്കെ നിന്നുകൊണ്ട് എന്താണു ഇങ്ങനെ പറയുന്നത്? നീ എന്റെ ഭാര്യയെപ്പറ്റി എന്തുവിചാരിച്ചിട്ടാണിങ്ങനെ പറയുന്നത്?' ശിവദാസൻ കൂസാക്കിയില്ല. അയാൾ പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു. 'അതു നിനക്കെന്താ കലിയിളകിയതു് എന്തേ? ഇപ്പോഴെന്തിനാ കത്തിയെടുത്തതു്?' 'എടാ, എന്റെ കാര്യങ്ങളും കഴിഞ്ഞു! മെല്ലെ കിടക്കു' അവരെ അവരുടെ ഉള്ളിലുള്ള ആരോടും കുശുകുശുക്കരുതെന്ന് ഓർമ്മ. ജനാർദ്ദനൻ ഉടനെ തന്നെ ഒരു കണ്ണുരുട്ടിനോക്കിക്കൊണ്ടു ശിവദാസന്റെ മേൽ കമിഴ്ന്നു. അയാൾ അതു മെഴുകുതിരിയെ തട്ടിയിട്ടു ശിവദാസൻ അയാളെ തൊഴിച്ചു. മെഴുകുതിരിക്കുമേൽ തള്ളിയിട്ട മെഴുകുതിരികെടുത്തി. ഉടൻ ബഹളമുണ്ടാക്കും മുമ്പു ചാരേയുണ്ടായിരുന്നവർ ഇടപെട്ടു കാര്യമൊതുക്കി.

ആ എതിരാളികൾ പതിവുപോലെ അന്നും അവിടെത്തന്നെ തൊട്ടുതൊട്ടു കിടന്നുറങ്ങി. രാവിലെ തൊട്ടുതൊട്ടു നടന്നു പരേഡു നടത്തി. അടുത്തടുത്തിരുന്നു ആഹാരം കഴിച്ചു. അവർ അന്യോന്യം ഒന്നും മിണ്ടിയില്ല. ഉച്ചയ്ക്കു ഒരു മണിക്കൂറിന്റെ ഒഴിവിൽ അവർ മറ്റുള്ളവരോടൊപ്പം ചീട്ടുകളിച്ചു. വീണ്ടും പരേഡുകൾ. ക്യാമ്പുകൾ.

* * * * *

പരകഥ

# രക്തസാക്ഷികൾ

## ശിവശംകരൻ, എഴകോൺ

മൂന്നാംനാൾ അർദ്ധരാത്രിക്കു പെട്ടെന്നൊരു സൈറൺ മുഴങ്ങി. ക്യാമ്പു പരിഭ്രാകുലമായി ശത്രുസേനയുടെ ഓടിവരവുകേട്ടുതുടങ്ങി. ആകാശനിരീക്ഷകർ പുകകണ്ടുപിടിച്ചു. ശബ്ദപരീക്ഷകർ അവരുടെ നില ഏതുഭാഗത്തെന്നു വ്യക്തമാക്കി. തലയ്ക്കുമീതേ വിമാനങ്ങൾ ഇരമ്പിയുയർന്നു. അവയുടെ വിവിധനിറങ്ങൾ കലർന്ന ലൈററുകൾ നക്ഷത്രങ്ങളുടെ ഇടയിൽ നിന്നു മിന്നി. പീരങ്കിവണ്ടികളും ടാങ്കുകളും അലറിക്കൊണ്ടിറങ്ങി എങ്ങും പൊടിമൂടി. ലോറികളിൽ പട്ടാളക്കാർ ചാടിക്കയറി. ഇരുളുപിളർന്നുകൊണ്ടു അവയെല്ലാം ഒന്നാകെ ശത്രുലക്ഷ്യത്തിലേക്കു മരണപ്പാച്ചിൽപാഞ്ഞു.

മരംകോച്ചുന്ന മഞ്ഞിൽ, ഇരുളിന്റേയും പുകയുടേയും ആഴത്തിൽ കുടെക്കൂടെ മിന്നാറുള്ള ചില തീപ്പൊരികളുടെ വെളിച്ചത്തിൽ തമ്മിൽ കണ്ടുകൊണ്ടു ശിവദാസനും ജനാർദ്ദനും തോളോടുതോൾചേർന്നു നിന്നു ശത്രുസേനയോടു പൊരുതി. വെടി, വീണ്ടും വെടി. ആർത്തനാദങ്ങൾ, അട്ടഹാസങ്ങൾ! പരക്കംപാച്ചിലുകൾ… ഒക്കെക്കൂടി ഉത്തേജകമായ ബാന്റൊച്ച സിരകളിൽ രക്തം തിളച്ചേറി പിശാചുക്കളെപ്പോലെ ഓരോ പട്ടാളക്കാരനും മുന്നോട്ടുകുതിക്കുന്നു. അങ്ങനെ കുതിച്ചുകയറലുകളും ഏററുമുട്ടലുകളും!

ഒരു കൊടുങ്കാററു ഭൂമിയിൽകിടന്നു പിടഞ്ഞതുപോലെ, ഒരുസമുദ്രം ആകാശത്തേക്കു ഇരച്ചുകയറുംപോലെ, അങ്ങിനെ ആ സമരം ബീഭത്സമായി. ശവങ്ങളെ ചവുട്ടിഞെരിച്ചു കണ്ടു പാറക്കെട്ടുകളിലും തടങ്ങളിലും വഴുതി വഴുതി ആ ഇരുളിൽ തപ്പിത്തപ്പി അവർ മുന്നോട്ടുമുന്നോട്ടുനീങ്ങി. ചെഞ്ചോര ഒഴുക്ക ഒഴുകി ഓരോ ഇഞ്ചും എത്തിപ്പിടിച്ചുകൊണ്ടു മുന്നോട്ടുനീങ്ങി.

പ്രഭാതമെങ്ങ ഒരു ചെമ്പരുത്തിപ്പൂവുകൾപോലെ പൂവാകാശത്തു വിടർന്നുവീണു. സൈറൺ ആപത്തൊഴിഞ്ഞെന്നറിയിച്ചുകൊണ്ടു വീണ്ടും മുഴങ്ങി. അവർ ഒരു ചെറുഗ്രാമത്തിന്റെചുററും വളഞ്ഞിരിക്കുന്നതായും ഒരു മണിക്കൂർപോലും റെസ്ററില്ലെന്നും അറിവുകിട്ടി.

ആ വിചാരിയ ഒരു മണിക്കൂർ പലരും പലതിനും വിനിയോഗിച്ചു. ഏററവും ശക്തമായ പരീക്ഷണരംഗം അതാ വരുന്നതേ ഉള്ളൂ. ദേഹത്തുള്ള മുറിവുകൾ വച്ചുകെട്ടിയും കുളത്തിലൊരൊക്കെ മിച്ചമുണ്ടെന്നു ഒരേകണ്ണിട്ടു നോക്കിയും സഞ്ചികളിൽനിന്നു മരുന്നും വല്ലതും ശാപ്പിടാനുമൊക്കെ എടുത്തുകഴിച്ചും അവർ ആ സമയം കഴിച്ചു. യാദൃച്ഛികമായി ശിവദാസിന്റേയും ജനാർദ്ദിന്റെയുംകണ്ണുകൾ ആ തിരനോട്ടത്തിനിടയിൽ സന്ധിച്ചു. അവരുടെ രണ്ടിന്റെയും കണ്ണുകൾ രക്തക്കട്ടകൾപോലെ വല്ലാതെ ചുവന്നു ഉടനെ തൂവിപ്പോകാവുന്ന കമിളകൾ പോലെ വീർത്തുകാണായി. സ്നേഹംകൊണ്ടു അവ തെക്കിപ്പൊട്ടിച്ചാലത്തെപ്പോലെ വേദനാപൂർണ്ണവുമായിരുന്നു.

കയ്യിലെ വാച്ചിൽ നോക്കിക്കൊണ്ടു ശിവദാസൻ ആരോടെന്നില്ലാതെ പിറുപിറുത്തു—'ഇനി അഞ്ചുമിനിട്ടുമാത്രം (ഒരു പൊട്ടുവീഴ്ച്ചയോടെ) ആരൊക്കെ ശേഷിക്കുമെന്നു കണ്ടറിയണം' 'അതാ, ബാൻഡു മുഴങ്ങിത്തുടങ്ങി' അവരുടെ അടുത്തിരുന്ന മററൊരാൾ പറഞ്ഞു. എന്നാൽ തയ്യാറാവാം, മറെറാരാൾപറഞ്ഞു. അവരെല്ലാംഎണീററു ശിവദാസൻ ജനാർദ്ദനന്റെ മുഖത്തേക്കുനോക്കി. വിളറിവെളുത്ത ആ മുഖം ഒരു ശവത്തിന്റേതല്ലയോയെന്നയാൾ സംശയിച്ചു. 'ജനാർദ്ദു്.' ശിവദാസൻ വിളിച്ചു. 'നമ്മളിൽ ആർ ശേഷിക്കും?' ജനാർദ്ദനൻ മിണ്ടിയില്ല. 'ഏതായാലും നിങ്ങളെങ്കിലും ശേഷിക്കട്ടെ!'

പുച്ഛരസത്തിൽ ജനാർദ്ദനൻ ചുണ്ടൊന്നു ചലിപ്പിക്കമാത്രം ചെയ്തു. 'അതാ സൈറൺ' അപായത്തിന്റെ മണനാദം ഉയർന്നുയർന്നു കേട്ടുതുടങ്ങി.

ഓരോ സെക്കന്റും ലോകം തിരിച്ചറിയാവുംവണ്ണം ആ നിമിഷത്തിൽ അത്ര വ്യക്തമായി, അത്ര സ്തോഭജനകമായി അതു മുഴങ്ങി. സിഗ്നലുയർന്നുപാറി. ജനാർദ്ദനൻ ശിവദാസന്റെ മുഖത്തേക്കു തുറിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: 'എടാ, നീ ഇനിയെങ്കിലും അതു സമ്മതിക്കേണ്ടിയിരിക്കുന്നു. നീ ശ്യാമയെ സ്നേഹിക്കുന്നുണ്ടോ' 'ഉം' ഉരുവെടിമുഴങ്ങി അവർ മാർച്ചുചെയ്തു. 'എടാ, നീ അവളെ സ്നേഹിക്കുന്നുണ്ടോ?' ജനാർദ്ദനൻ ആവർത്തിച്ചു ചോദിച്ചു. ബാന്റിന്റെ രവം കൂടുതൽ ഉജ്ജ്വലമായി. മാർച്ചിന്റെയും ധ്വനിയിലായി ആ ഗ്രാമത്തിന്റെ പല ഭാഗങ്ങളിൽക്കൂടെ ഉള്ളിൽ കടക്കാൻ അവർ ആജ്ഞാപിതരായി. പാറകളിൽ പിടിച്ചുതൂങ്ങി കിടങ്ങുകളിൽക്കൂടി നീന്തി. മതിലുകൾക്കുമേൽ ഇഴഞ്ഞു. യന്ത്രത്തോക്കും പീരങ്കിയും സദാ ഗർജ്ജിക്കെ, വിമാനങ്ങൾ ബോംബുവർഷിക്കെ അവരാഗ്രാമത്തിന്റെ വക്കത്തു തീകൊളുത്തി പറച്ചട്ടുകളിൽ ചിലരതിനിടെ അകത്തു പറന്നുവീണു. അകത്തുനിന്നും പുറത്തുനിന്നും ആ ഗ്രാമം ആക്രമിക്കപ്പെട്ടു. കൊച്ചുണ്ടിമരണം മണക്കുന്ന പുകച്ചുഴന്ന വെടിമുഴങ്ങുന്ന ആ രംഗത്തു മുന്നോട്ടേ ചോടുകളെഴയ്ക്കുന്നതിനിടയിൽ ജനാർദ്ദനൻ വീണ്ടും ചോദിച്ചു.—'എടാ, നിന്നെ അവൾ സ്നേഹിക്കുന്നില്ലേ, പറയെടാ'

എതിരേ തുരുതുരെ പാഞ്ഞെത്തിയ വെടിയുണ്ടകളിൽനിന്നൊഴിഞ്ഞു അവർ തറയിൽ കമഴ്ന്നുവീണിഴഞ്ഞു മുന്നോട്ടു കയറിക്കൊണ്ടിരുന്നു. 'ദ്രോഹി! ഞാൻ അവളുടെ ഭർത്താവ്; എനിക്കവകാശമുണ്ട്. അതുകൊണ്ടു ഞാൻചോദിക്കുന്നു. പറയെടാ' ജനാർദ്ദനൻ വീണ്ടും അലറി……

'അവളെ ഞാൻ സ്നേഹിക്കുന്നില്ല.' ശിവദാസൻ ശാന്തമായിപറഞ്ഞു. അതാ, വെടി. വീണ്ടുംവീണ്ടും ആകാശംപൊട്ടുന്ന വെടി. ഇടിമിന്നൽ പുകപ്പടലത്തിൻ ചീററിപ്പാഞ്ഞൽ ആകാശം വല്ലാതെ കിടന്നുലഞ്ഞു ഇരമ്പുംപോലെ തോന്നി. അവരാ കിടപ്പിൽ നിലത്തുതന്നെ കിടന്നിഴയുന്നതിനിടയിൽ പുകക്കൂട്ടത്തിൽ കണ്ട ഒന്നുരണ്ടു നിഴലുകളുടെ നേരേ കുറിക്കു വെടിവച്ചു. എതിരാളികൾ ചത്തുവീണു. 'നീ അവളെ സ്നേഹിക്കുന്നുണ്ടോ?' 'അതാ ആ യന്ത്രത്തോക്കിന്റെ വായിലേക്കാണ്. ഇതാ ഇങ്ങോട്ടു ഒഴിഞ്ഞു 'ക്കൂ' ജനാർദ്ദനനെ പിടിച്ചെടുക്കിക്കൊണ്ടു ശിവദാസൻ പറഞ്ഞു. വീണ്ടും:

'അപ്പോൾ നീ അവളെ സ്നേഹിക്കുന്നു; ഇല്ലേ?' 'ഉവ്വ്' അവൻ പറഞ്ഞു. 'നീ, എന്റെ ഭാര്യയെ സ്നേഹിക്കുന്നു!'

ടാങ്കുകൾ അവരുടെ തലയ്ക്കുമീതേ പാഞ്ഞുപോയി പീരങ്കിവണ്ടികൾ അവരുടെ മേൽക്കൂടി ഇഴയപ്പെട്ടു. അവർ ശവമെന്നുകരുതി ആ പട ഒന്നാകെ അവരുടെമേൽക്കൂടി മുന്നേറിക്കയറി.

സ്വല്പംകഴിഞ്ഞു ദേഹശക്തി ഏതാണ്ടു സംഭരിച്ചുകഴിഞ്ഞു ജനാർദ്ദനൻ എണീററിരുന്നു. 'പറയെടാ, നീ എന്റെഭാര്യയെ സ്നേഹിക്കുന്നു, ന അവളെ കഴിഞ്ഞ ലീവിനുചെന്നുകണ്ടല്ലേ?' ഉത്തരം പ്രതീക്ഷിക്കാതെ അയാൾതുടർന്നു. 'നീ അവളോടു സംസാരിച്ചില്ലേ? നീ അവളുമൊത്തു ഒക്കെയും സമ്മതിച്ചില്ലേ? നിങ്ങളൊപ്പം–നിങ്ങളൊപ്പം'

'ഹയ്യോ! സ്നേഹിതാ;— ഞങ്ങളൊപ്പം–ഹയ്യോ? അതു പറയരുതേ!' ശിവദാസൻ അയാളുടെ വായ പൊത്തി ''എടാ നീയുമവളുംകൂടി രജിസ്റ്റർവിവാഹത്തിൽഏർപ്പെട്ടില്ലേ? അതു ഞാൻ വിശ്വസിക്കുന്നില്ല…' അയാൾ തുടർന്നുചോദിച്ചു. 'നീ 'അവളെ തട്ടിക്കൊണ്ടുപോയില്ലെടാ' ദാസൻ മിണ്ടിയില്ല.

'എന്റെ ശ്യാമയെ നീ എന്നിൽനിന്നു അപഹരിച്ചില്ലേ? ദാസൻ ദൃഢമായി പറഞ്ഞു.—'അപഹരിച്ചു. കേൾക്കൂ സ്നേഹിതാ! അവൻ തുടർന്നു. 'അവൾ വരാൻ സമ്മതിച്ചു, വന്നു. ഞങ്ങൾ കച്ചേരിയിൽചെന്നു ഒപ്പുവച്ചു വിവാഹിതരായി.' 'നീ അവളെ ചതിച്ചു. അവളെ നീ മയക്കിക്കളഞ്ഞു. ശ്യാമയോടു നീ എന്തൊക്കെയോ പൊളിപറഞ്ഞുപിടിച്ചു' ജനാർദ്ദനൻ പിറുപിറുത്തു.

ദാസൻ സ്ഫുടമായി പറഞ്ഞു:— 'നീ തന്നയച്ച ഉപഹാരങ്ങൾ അവളുടെ പക്കൽ കൊടുത്തിട്ടു ഞാൻ പറഞ്ഞു നീ മരിച്ചുപോയിയെന്നു' 'അപ്പോൾ നീ എന്നേയും വഞ്ചിച്ചു?' 'ഉവ്വ് അവളെ എനിക്കു വേണമായിരുന്നു.' 'മററുവന്റെ ഭാര്യയേയോ?'—'അല്ല, അവളുമായുടെയോ വകയല്ല അവളെന്റെ അവരാരുമല്ലായിരുന്നു്.' ക്ഷോഭം സഹിക്കവയ്യാതെ ജനാർദ്ദനൻ പല്ലുറുമ്മിക്കൊണ്ടിരുന്നു. 'കേൾക്കൂസ്നേഹിതാ' ശിവദാസൻ ജനാർദ്ദനന്റെ മുഖത്തു ഉററുനോക്കിക്കൊണ്ടു തുടർന്നു:— ''അവളെ [illegible] സ്നേഹിക്കുന്നതു അറിയാവുന്ന [illegible] ഈ ലോകത്തു [illegible] തങ്ങും. [illegible] അന്നു അവൾ സ്നേഹിക്കുന്ന മാർഗ്ഗം ഞാൻ കണ്ടു, അതിൽക്കൂടി അവളെ ഞാൻ പരിചയിച്ചു, സ്നേഹിച്ചു. ഇനി എനിക്കവളെ മാറ്റാൻ വയ്യ!'' ''എന്തു?'' ജനാർദ്ദനൻ ചാടിയെണീററു ദാസന്റെ നേരേ തോക്കുയർത്തി. ദാസൻ ജനാർദ്ദനന്റെ നേരേയും അവർ ഇരുവരുംതമ്മിൽ അന്യോന്യം ആക്രമിക്കാൻ ലക്ഷ്യംവെക്കുന്നു. പെട്ടെന്നു തോക്കുകഴിച്ചു. വെടിപൊട്ടിച്ചില്ല. രണ്ടുപേരും തോക്കുകൾ ചൂണ്ടിക്കൊണ്ടുതന്നെ അങ്ങിനെ നിന്നു.

''എന്നാലവിടെ ഇരിക്കൂ! കുറേക്കൂടി പറഞ്ഞേക്കാം'' ദാസൻ ഇടയ്ക്കുകയറിപ്പറഞ്ഞു. ''നമുക്കു പറയാനുള്ളതു പറഞ്ഞിട്ടു നീ എന്നെ വെടിവയ്ക്കു. അതേ നിമിഷത്തിൽ ഞാൻ നിന്നെയും കാച്ചും'' അയാൾ ഒരു തിരിച്ചുകൊണ്ടുവന്നു. സ്വന്തം നെഞ്ചിന്റെ നേരേ തോക്കുയർത്തിക്കൊണ്ടു ജനാർദ്ദനൻ പറഞ്ഞു. 'വേണ്ട, ഇതാ നേരത്തെ ഞാൻതന്നെ അതു വിരമിച്ചേക്കാം.' 'നില്ലൂ! ജനാർദ്ദനാ' ശിവദാസൻ ജനാർദ്ദനന്റെ തോക്കു തള്ളിനീക്കിയിട്ടു പറഞ്ഞു 'നമുക്കു ചിലതൊക്കെ പറഞ്ഞൊതുക്കേണ്ടതുണ്ടു വരട്ടെ!'

അവർ വീണ്ടും അവിടെ ഇരുന്നു. അടുത്തടുത്തു വെടി കേട്ടുതുടങ്ങി. സൈറൺ ഉച്ചത്തിൽ മുഴങ്ങി. പുകപ്പടലം ആകാശത്തു തങ്ങളുടെ തലയ്ക്കുമീതെ ഇഴഞ്ഞുപരന്നു. ഷെല്ലുകളും വീഴുന്നുണ്ടു്. ഗ്രാമത്തിലെ ഉയരമുള്ള മുടലുകളിൽനിന്നു ടാങ്കുകളും ലോറികളും ഇരമ്പിത്തുടരെ പാഞ്ഞു വന്നുതുടങ്ങി.

ദാസൻ പറഞ്ഞു—'അതാ, ഗ്രാമത്തിൽനിന്നു പ്രത്യാക്രമണമാരംഭിച്ചിരിക്കുന്നു. നമുക്കു രണ്ടിനും മരിക്കാൻ നല്ല ചാൻസായി' അവരുടെ ദേഹത്തും ഷെല്ലുകൾ വീണുതുടങ്ങി. അവർക്കു ചുററും അങ്ങുമിങ്ങും കൂട്ടുകാരായ പട്ടാളക്കാർ പരക്കംപായുന്നു ബഹളമയം—വെടിക്കുമേൽ വെടി. വല്ലാത്ത ഇരമ്പലും, ഇരുട്ടും, പൊടിയും പുകയും അവിടെയൊക്കെ മൂടി.

ശിവദാസൻ എണീററു ജനാർദ്ദനനെ നോക്കിച്ചോദിച്ചു—'ഇനി എങ്ങോട്ട്?' നമുക്കിനി അധികനേരമില്ല. കണ്ടതെന്താണു ജനാർദ്ദനനും എണീററു. അയാൾ ഉൽകണ്ഠാധീനനായി പോലെ പറഞ്ഞു—'മുന്നോട്ടു?' 'അതാ, യന്ത്രത്തോക്കുകൾ. നമ്മുടെ നേർക്കാണ് അവയുടെ വായ. അയ്യോ! നാമപ്പോൾ എതിരേ ഒരു വെടിപോലും പൊട്ടിക്കാതെ ചത്തുവീഴുകയോ?' 'എന്നാലെങ്കിൽ പോകാം' ജനാർദ്ദനൻ തോക്കു നേരേപിടിച്ചുകൊണ്ടു നോക്കി. 'ഠോ! ഠോ!'

തുടരെത്തുടരെ ആ തോക്കുകളൊഴിഞ്ഞുകൊണ്ടിരുന്നു. എതിരേനിന്നുവന്ന ഒരു വെടിയുണ്ട ദാസിന്റെ ഇടതുതോളിൽ കൊണ്ടു താഴ്ച. അയാൾ അതു കൂട്ടാക്കാതെ വീണ്ടും ഉന്നംപിടിക്കാൻ ശ്രമിച്ചു. എതിരേനിന്നു ഇരുതുരാ വെടിയുണ്ടകൾ വന്നു വീണുകൊണ്ടിരുന്നു. ജനാർദ്ദനൻ കല്ലുകളുരുപോലെ നിലത്തുവീണുരുണ്ടു. യന്ത്രത്തോക്കു മതിവരാതെ എന്നിട്ടും ഗർജ്ജിച്ചുകൊണ്ടിരുന്നു. ഒരുച്ചപോലെ ദാസനും പെട്ടെന്നു നിലംപതിച്ചു. 'അതു പറഞ്ഞില്ലപ്പോ ദാസാ!' 'ശ്യാമ എന്നേയും ഉപേക്ഷിച്ച് ഒരു നാടകക്കമ്പനിയിൽ ചേർന്നായി, എഴുതുവന്നു' അവളുടെ വിവാഹം —? 'ആ കമ്പനിമാനേജരോ' പിന്നെ വളരെ വൈകിയില്ല. 'ഠോ! ഠോ! ഠോ!' എതിരേനിന്നുള്ള തോക്കുകളുടെ മുഴക്കം ഗർജ്ജനങ്ങൾകൂടി വ്യാപിച്ചുവന്നു. ആ സഖാക്കൾ ഒരേ മണ്ണിൽ ഒപ്പം ചത്തുമലച്ചുവീണു.

—൦—



ഭാവിയിലെ ഒരു അംബാസഡർ — മിസ്സ് സെസിലി ലഡ്ലാം (ഷെഫീൽഡ്)

ഭാവിയിലെ ഒരു ബ്രിട്ടീഷ് അംബാസഡർ ആകാനിടയുണ്ട്. ഇപ്പോൾ ബെൽഗ്രേഡിലെ പ്രതിപുരുഷഭവനത്തിലെ മൂന്നാം സെക്രട്ടറിയായ മിസ്സ് ലഡ്ലാം വിദേശകാര്യാലയത്തിലെ നയതന്ത്രവകുപ്പിൽ ഒരു സ്ഥിരലാവണക്കാരിയാണ്.



ഒരു ധർമ്മസ്ഥാപനത്തിനുവേണ്ടി നടത്തപ്പെട്ട ഉദ്യാനവിരുന്നിൽ സംബന്ധിച്ച സിനിമാതാരങ്ങളായ മർഗററ്റ് ലോക്ക്‌വുഡ്ഡും ഡെറിക്ക് ഡിമാർനിയും. ബ്രിട്ടീഷ് പ്രക്ഷേപണവകുപ്പിലെ ഉദ്യോഗസ്ഥൻ അവരുമായി ഒരു അഭിമുഖസംഭാഷണത്തിലേർപ്പെട്ടിരിക്കുന്നു. (പ്രസ്തുത സംഭാഷണം റിക്കാർഡുചെയ്തു പ്രക്ഷേപണം ചെയ്യപ്പെടുന്നതാണ്.)

# രാഷ്ട്രപരിണാമവാദം

കൈപ്പള്ളിൽ, കെ. കൃഷ്ണപിള്ള

ഇന്നു ഭൂമുഖത്തു കാണുന്ന രാഷ്ട്രങ്ങളുടെ ഉത്ഭവത്തെപ്പറ്റി വിവിധങ്ങളും, വിനോദകരങ്ങളുമായ പല അഭിപ്രായങ്ങളും സമുദായമദ്ധ്യത്തിൽ നിലനിന്നിരുന്നു. രാജാക്കന്മാർ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണെന്നും, നാം ഇന്നു കാണുന്നരീതിയിൽ ഭരണാധികാരികളും ഭരണീയരുമുള്ള ഒരു നിലയിലാണ് സമുദായം സൃഷ്ടിക്കപ്പെട്ടതെന്നും ഒരുകൂട്ടർ സിദ്ധാന്തിക്കയോ, പ്രാബല്യൻ അപ്രാബല്യനെ കീഴ്പ്പെടുത്തി നിർബ്ബന്ധപൂർവ്വമായ അടിമത്വത്തിന്റെ പരിണതഫലമായാണ് ഇന്നത്തെ നില സംജാതമായതെന്നു വേറൊരുകൂട്ടർ വാദിക്കുന്നു. സമൂഹമദ്ധ്യത്തിൽ നിലവിലിരുന്ന ദായക്രമത്തെ (മക്കത്തായമോ, മരുമക്കത്തായമോ) ആധാരമാക്കിയുള്ള കുടുംബവളർച്ചയിൽനിന്നുമാണ് രാഷ്ട്രങ്ങൾ ആവിർഭവിച്ചതെന്നുള്ളതാണു വേറൊരഭിപ്രായം. കുടുംബത്തിൽ പ്രാധാന്യം, പുരുഷനായിരുന്നുവെന്ന് ഒരുകൂട്ടരും, അല്ല സ്ത്രീയായിരുന്നു കുടുംബനായിക എന്ന് എതിരാളികളും ശഠിക്കുന്നു. പ്രാകൃതികമനുഷ്യർ തന്താങ്ങളുടേയും സമുദായത്തിന്റെയും പൊതുവേയുമുള്ള രക്ഷയ്ക്കും, നന്മയ്ക്കും, സ്ഥായിയായ നിലനില്പിനുംവേണ്ടി അവരവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ത്യജിക്കുന്ന ഒരു കരാറിൽ ഏർപ്പെട്ടതിന്റെ ഫലമായാണ് രാഷ്ട്രങ്ങൾ പൊന്തിവന്നതെന്നും ഒരു പക്ഷമുണ്ട്.

ഈവിധത്തിൽ രാഷ്ട്രങ്ങളുടെ ഉല്പത്തിയെപ്പറ്റി വിവിധാഭിപ്രായങ്ങൾ പ്രചരിച്ചതു പല രാഷ്ട്രതന്ത്രചിന്തകന്മാരുടേയും മനോഗതിയെ ഈവഴിയ്ക്കു തിരിച്ചുവിടുവാൻ കാരണമായി. തൽഫലമായി, ബുദ്ധിയ്ക്കും, യുക്തിയ്ക്കുമുള്ള ഒരു വക അംഗീകാര്യമായ ഒരഭിനവമതം അവർ ഉന്നയിച്ചു. അതാണ് 'രാഷ്ട്രപരിണാമസിദ്ധാന്തം.' (Evolutionary Theory of the origin of the State)

രാഷ്ട്രം ഈശ്വരസൃഷ്ടമായ ഒരു സ്ഥാപനമോ, ഉദ്ദേശ്യയുക്തമായ ശ്രമഫലമായി മനുഷ്യൻ കണ്ടുപിടിച്ച ഒരുപാധിയോ, കുടുംബത്തിന്റെ വിപുലീകൃതമായൊരു വകഭേദമോ അല്ലെന്നും, നിയതനിയമരീത്യാ നിലവിൽവന്ന ഒന്നാണെന്നുമാണ് ഇപ്പറഞ്ഞ സമ്മതമായിട്ടുള്ള അഭിപ്രായം. ഈ ആശയഗതിയ്ക്കു ഉപോൽബലകങ്ങളായ ചില യുക്തികളെപ്പറ്റിയാണ് ഉപരി ചിന്തിയ്ക്കുവാനുദ്ദേശിക്കുന്നത്.

സമുദായത്തിന്റെ ആരംഭവുമടിസ്ഥാനവും വ്യക്തമാക്കാനില്ലാത്ത ഒരു കരാറല്ല. അമ്മാതിരി ഒരു കരാറിന്റെ സാദ്ധ്യതകളെപ്പറ്റി ചിന്തിക്കുവാനും അതിൽനിന്നുണ്ടാകാവുന്ന ഗുണദോഷങ്ങളെ ശരിയ്ക്കു മനസ്സിലാക്കുവാനും കഴിവുള്ളവരായിരുന്നില്ല അന്നത്തെ മനുഷ്യർ. നിസർഗ്ഗമായ സാമൂഹ്യപ്രതിപത്തിയാൽ പ്രേരിതനായി, സുഖസൗകര്യാകാംക്ഷയാൽ പ്രചോദിതനായി മനുഷ്യൻ സ്വമേധയാ ചില ഉപാധികൾ സ്വീകരിച്ചതിന്റെ ഫലമായാണ് സമുദായം ആവിർഭവിച്ചത്. അപൂർണ്ണതയിൽനിന്നുമായിരുന്നു അതിന്റെ ആരംഭം. നിരന്തരവും സാവധാനവുമായിരുന്നു അതിന്റെ പുരോഗതി. അപരിഷ്കൃതമെങ്കിലും, അഭ്യുദയോന്മുഖമായിരുന്നു അതിന്റെ സ്വഭാവം. പൂർണ്ണതയും സാർവ്വലൌകികതയുമായിരുന്നു അതിന്റെ ലക്ഷ്യം. അല്ലാതെ, സമുദായത്തിന്റെയോ, ഭരണകൂടത്തിന്റെയോ ആവിർഭാവത്തിനും, ആവിഷ്കാരത്തിനും നിദാനമായൊരു പ്രത്യേകകാരണമോ, കാലമോ കണ്ടുപിടിയ്ക്കുക സാദ്ധ്യമല്ല. അനവധി പ്രേരണകളുടെ ആദിമൂലമുള്ള പ്രവർത്തനഫലമാണവ. രക്തബന്ധം, മന്ത്രനീതി, മതബോധം, സമരവീര്യം, രാഷ്ട്രീയപ്രബുദ്ധത, ഇവ ആ പ്രേരകശക്തികളുടെ കൂട്ടത്തിൽ പ്രധാനങ്ങളാണ്.

ആദികാലത്തു വ്യക്തികളെ തമ്മിൽ അടുപ്പിച്ചിരുന്ന ചരട് രക്തബന്ധമായിരുന്നു. വ്യക്തമായൊരു കുടുംബവ്യവസ്ഥയിൽനിന്നുമായിരിക്കണം ഭരണരീതി ആരംഭിച്ചത്. രക്തബന്ധമുള്ളവർതമ്മിൽ അറിയുവാനും, അടുത്തു പെരുമാറുവാനും അവസരം ലഭിയ്ക്കാത്ത വർഗ്ഗക്കാരുടെയിടയിൽ അമ്മാതിരിയുള്ള വ്യവസ്ഥിതി പരിപാലിയ്ക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്. പിതൃഭാവവും, പിതാവിന്റെ ഭരണാധികാരവും സ്ഥിരീകൃതവും, അംഗീകൃതവുമായ ഒരു കുടുംബവ്യവസ്ഥ നിലവിൽവന്നതിനുശേഷമായിരിക്കണം ഭരണമെന്നു പറയപ്പെടാവുന്ന ഒരു രീതി നടപ്പിലായത്. ആദ്യദായക്രമം പുരുഷപ്രധാനമായാലുമല്ലെങ്കിലും, അതായിരുന്നിരിക്കണം ആദ്യമുണ്ടായ പര്യാപ്തമായ ഭരണരീതി.

കുടുംബങ്ങളേയും, വർഗ്ഗങ്ങളേയും ഒന്നിനോടൊന്നു കൂടുതൽ അടുപ്പിക്കുന്നതിന് സഹായകമായ മറ്റൊരുപാധി ആരാധനാക്രമവും, ആചാരമര്യാദകളുമാണ്. ആദ്യകാലത്തെ ആരാധന കാലംപോയ പോക്കിൽ പൂർവ്വികാരാധനയായി മാറി. അങ്ങിനെ അന്നത്തെ മതബോധം പൂർവ്വികാരാധനയുടെ രൂപം കൈക്കൊണ്ടപ്പോൾ, രക്തബന്ധത്തിനും മതത്തിനും തമ്മിൽ അഭേദ്യമായൊരു കെട്ടുപാടുണ്ടായി എന്നുവേണം പറയുവാൻ. അതാതു കുടുംബത്തിലെയും വർഗ്ഗത്തിലെയും അംഗങ്ങൾ, അവരവരുടെ പൂർവ്വികന്മാരെ ആരാധിയ്ക്കുവാനും അഭ്യുന്നതിയ്ക്കും, അഭയത്തിനുംവേണ്ടി പ്രാർത്ഥിയ്ക്കുവാനും അതാതു കുടുംബാരാധനാകേന്ദ്രങ്ങളിൽ എത്തിച്ചേരുക പതിവായി. പ്രാപഞ്ചികങ്ങളായ പ്രകൃതിപ്രതിഭാസങ്ങളിൽ, ഭയചകിതനായിത്തീർന്ന മനുഷ്യൻ, മന്ത്രശക്തിയിലും, മാന്ത്രികവിദ്യയിലും വിശ്വസിക്കുകയും, വളരെയധികം ഭയപ്പെടുകയും ചെയ്തു. മാന്ത്രികന്മാർക്ക് സമുദായമദ്ധ്യത്തിൽ സമുന്നതമായൊരു സ്ഥാനവും അതുകാരണത്താൽ കരഗതമായി. മാന്ത്രികനെന്ന ഏക മഹാപദത്തെ മാത്രമാദരിച്ചു മന്നവന്മാരാക്കപ്പെട്ട മനുഷ്യരും അക്കാലത്തുണ്ടായിരുന്നു. നമ്മുടെ മുൻഗാമികൾക്കു പറ്റിയ അസംഖ്യമബദ്ധങ്ങളിൽ ഒന്നായി മാത്രമതിനെ കണക്കാക്കിയാൽമതി.

ആദിമമനുഷ്യർ ഭൂതപ്രേതാദികളിൽ — മരിച്ചുപോയ മനുഷ്യർക്കും പ്രകൃതിയ്ക്കും ഒപ്പമിതിൽ സ്ഥാനമുണ്ട് — അന്ധമായി വിശ്വസിച്ചുപോന്നുവെന്ന വസ്തുത ഇക്കാലത്ത് അധികമാരെയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ലല്ലോ! അമേയപ്രഭാവമുള്ള അമ്മാതിരി അമാനുഷികശക്തികളെ അടിമപ്പെടുത്തി അനുസരിപ്പിയ്ക്കുവാൻ അന്യാദൃശമായ സാമർത്ഥ്യമുണ്ടെന്നു നടിച്ച മാന്ത്രികന്മാരെ അലൌകികരായ അത്ഭുതമനുഷ്യരായി അക്കാലത്തെ പാവപ്പെട്ട മനുഷ്യൻ ആദരിച്ചുപോന്നെങ്കിൽ അതത്ര അതിശയമായി ഇന്നാരും കണക്കാക്കുകയില്ല. അവർക്ക് ജനതാമദ്ധ്യത്തിൽ അസാധാരണമായ ആജ്ഞാശക്തിയും, അനിഷേധ്യമായ അധികാരാവകാശങ്ങളും അനുവദിയ്ക്കപ്പെട്ടുവെങ്കിൽ അതും അകാരണമല്ല. പുരാതനലോകചരിത്രം പരിശോധിച്ചാൽ പല രാഷ്ട്രങ്ങളുടേയും ഉപജ്ഞാതാക്കളും ഈ വിധമുള്ള മന്ത്രവിദ്യാവിശാരദന്മാരായിരുന്നുവെന്നു കാണാം.

പകയും, പടയും പെരുത്ത ഒരു കാലമായിരുന്നു അത്. പക പിടിച്ചു പടയ്ക്കിറങ്ങുകയും, പടപിടിച്ചു കുടിയിറങ്ങുകയും, പടകേറി കുടിയിറക്കുകയും സാധാരണ സംഭവങ്ങളായിരുന്നു, അക്കാലത്ത്. ഈ മാതിരി പടയും, കുടിയൊഴിപ്പും രാഷ്ട്രനിർമ്മിതിയ്ക്കു പ്രേരകങ്ങളായ രണ്ടു പ്രധാന സാഹചര്യങ്ങളായിരുന്നു. അടിയ്ക്കടിയുണ്ടായിക്കൊണ്ടിരുന്ന പടപ്പുറപ്പാടുകൾ പല പടനായകന്മാരെയും സൃഷ്ടിച്ചു. ആക്രമണഭീതിയും, രണവിജയകാംക്ഷയും പലപ്പോഴും പല വർഗ്ഗങ്ങളുടെയിടയിലും പുതിയ പുതിയ പ്രമാണികളെ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. മാത്രവുമല്ല, സമരവും ആക്രമണശക്തിയും രാഷ്ട്രങ്ങളുടെ അനിവാര്യലക്ഷണമായ പരിധാനത്തിനും സഹായകമായിരുന്നു. എന്നാൽ ഈ ഉപാധികൾ രക്തബന്ധജന്യമായ ഏകതാബോധത്തിന്നു സാരമായ ഉടവു വരുത്തി. ഒരു നായകൻ തനിയ്ക്കു യാതൊരുവിധമായ ചാർച്ചയുമില്ലാത്ത ഒരു സമൂഹം അധിവസിക്കുന്ന പ്രദേശം ആക്രമിച്ചു സ്വാധീനമാക്കിയാൽ ആ വിധത്തിൽ ആ വർഗ്ഗക്കാരേയും നായകനായി സ്വയം സ്ഥാപിച്ചാൽ ആ വർഗ്ഗക്കാർ ഒന്നടങ്കം ആ ജേതാവിന്റെ പ്രജകളായിത്തീരും. ഭിന്നഗോത്രത്തിൽപ്പെടുന്നവരെങ്കിലും ആ ജനവിഭാഗവും ജേതാവിന്റെ രാഷ്ട്രത്തിലെ പൗരന്മാരായി മാറും. അതോടുകൂടി ഐക്യത്തിനു നിദാനമായ ഏകകാരണം രക്തബന്ധമാണെന്നതത്വം അനാദരിക്കപ്പെടുകയും ചെയ്യും.

ഇനിയും രാഷ്ട്രീയമായ ഉണർവും ശക്തിബോധവും ജനവിഭാഗങ്ങളെ രാഷ്ട്രങ്ങളായി ഏകോപിപ്പിക്കുവാൻ പ്രയോജകീഭവിക്കുന്നതെങ്ങിനെയെന്നാണു ചിന്തിക്കുവാനുള്ളത്. സംഘടിതപ്രവർത്തനമൂലം പൊതുവായ പല നന്മകളും നേടുവാൻ കഴിയുമെന്നു അചിരേണ മനുഷ്യൻ മനസ്സിലാക്കി. ആദിമവട്ടത്തിൽ പൊതുതാൽപര്യങ്ങളെന്നും മനുഷ്യനന്യമായിരുന്നിരിക്കയില്ല. കാലത്തിന്റെ ഗതിയിൽ ഐക്യമാഹാത്മ്യബോധം നേതാക്കന്മാർക്കും, സാമാന്യജനതയ്ക്കും ഒരുപോലെ അനുഭൂതമായി. ചുരുക്കിപ്പറഞ്ഞാൽ സമാധാനപാലനത്തിന്റെയും മറ്റനിവാര്യതകളുടെയും ആവശ്യകതയെപ്പറ്റിയും, അഭികാമ്യതയെപ്പറ്റിയും മനുഷ്യർ പരിപൂർണ്ണബോധവാന്മാരായി ഭവിച്ചു. പുരോഗതിയ്ക്കും സാമൂഹ്യമായ ഐക്യം

(ശേഷം 8-ാം പേജിൽ)

# സോഷ്യലിസ്റ്റുകൾ കാൺഗ്രസ്സ് വിടുമോ?

—ം

(ഒന്നാം പേജിൽനിന്നു തുടർച്ച)



മഹാത്മജി ഏഷ്യൻകാൺഫറൻസിൽ —

കഴിഞ്ഞകൊല്ലത്തിൽ ഡൽഹിയിൽ സമ്മേളിച്ച ഏഷ്യൻകാൺഫറൻസിൽ മഹാത്മാഗാന്ധി സംബന്ധിക്കുകയും ഒരു പ്രസംഗം നടത്തുകയുമുണ്ടായി. ഗാന്ധിജി സമ്മേളനത്തിൽ സംബന്ധിക്കുന്നതിന് ആഗതനായപ്പോൾ സന്നിഹിതരായിരുന്ന വിവിധ ഏഷ്യൻരാജ്യങ്ങളുടെ പ്രതിനിധികൾ എഴുന്നേററുനിന്നു ജയ്ശബ്ദംകൊണ്ട് അന്തരീക്ഷം മുഖരിതമാക്കി.

കൾ അതിൽ പ്രവർത്തിക്കണമെങ്കിൽ അവർ മുസ്ലീമിന്റെ കൂടെ ഒട്ടുകയും അതേ സമയം ... യോട്ടുപാർട്ടിയുടെ കൂടെ ... യോട്ടുകയും കൂടി സാധിക്കുന്നതല്ല. അങ്ങനെ വേണ്ടിവരുന്ന പക്ഷം, നാം നമ്മുടെ കക്ഷി പിരിച്ചുവിട്ടിട്ട്, കാൺഗ്രസ്സിനു സമാന്തരമായി പ്രത്യേകം പ്രവർത്തിക്കുന്ന ഒരു സംഘമെന്ന നില അവസാനിപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഇപ്പോൾ പ്രത്യക്ഷമായിരിക്കുന്ന മത്സരങ്ങൾ വളർന്നുമൂത്ത് കാൺഗ്രസ്സിനുള്ളിൽ നാം ശേഷിക്കുന്നതിന്റെ ഉദ്ദേശത്തെത്തന്നെ— കാൺഗ്രസ്സിനെ മാർഗ്ഗാന്തരപ്പെടുത്തുക എന്ന ഉദ്ദേശത്തെത്തന്നെ കെടുത്തിക്കളയുന്നതാണ്. മറ്റേതെങ്കിലും രാഷ്ട്രീയകക്ഷിയിൽ അംഗമായിരിക്കുന്ന ഒരാളിനെ കാൺഗ്രസ്സിൽ അംഗമായി തുടരാൻ അനുവദിച്ചുകൂടെന്ന് അവരുടെ നേതാക്കന്മാരോടു ഉപദേശിച്ചിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. എന്നിരുന്നാലും, അവർ ഈ വാദം മുന്നോട്ടുകൊണ്ടുവന്ന് രണ്ടിലൊരുതീരുമാനം ചെയ്യാനിടവരുത്തുന്നില്ലെങ്കിൽപോലും, നമുക്കു കാൺഗ്രസ്സുകാരായിട്ടല്ല അതിൽ അധികം കാലം തുടരാവുന്നതല്ലെന്നു സ്പഷ്ടമാണ്. ഒരു വെറും സാമ്പ്രദായികസംഘമെന്നനിലയിലല്ലാതെ ഒരു സ്വതന്ത്രകക്ഷിയെന്നനിലയിൽ നമുക്കു പ്രവർത്തിക്കാവുന്നതല്ല. എന്തെന്നാൽ നമ്മുടെ പ്രാഥമികമായ കൂറ്, വിധേയത്വവും അതിനായിരിക്കയില്ല. ഈ മാതിരി ഒരു ബന്ധം നാമെല്ലാം ഉറപ്പിച്ചുപൊരുതിക്കൊണ്ടിരുന്നപ്പോൾ സാധിച്ചിരുന്നു. ഒരു പരിവർത്തനകാലത്തെ ഒന്നാംനിലയിൽ ഇനിയും അതു സാധിച്ചേക്കുന്നതുമാണ്. പക്ഷേ അനിശ്ചിതകാലത്തോളം അതു തുടരാവുന്നതല്ല.

ഇവിടെയാണു കുഴപ്പം. സോഷ്യലിസത്തിന്റെ ജോലി കാൺഗ്രസ്സ് നിർവഹിക്കുമെന്നുവരെ സോഷ്യലിസ്റ്റുകക്ഷി പിരിച്ചുവിടാവുന്നതല്ല. തല്ക്കാലം ആ ഉറപ്പു കിട്ടാൻ പ്രയാസവുമാണ്.

കാൺഗ്രസ്സിനെ സോഷ്യലിസത്തിലേക്കു ആകർഷിക്കുന്ന ശക്തികളെപ്പററി ഞാൻ മുകളിൽ സൂചിപ്പിച്ചു. ഇനി നേരേമറിച്ചുള്ള ശക്തികളെപ്പററി അല്പം പറയട്ടെ.

ഇതുവരെ കാൺഗ്രസ്സിനുള്ള ശക്തിയുടെ അടിസ്ഥാനം ത്യാഗി ജനസേവകന്മാരുടെ ഒരു സംഘടനയാണെന്നുള്ളതായിരുന്നു. ഇപ്പോഴാകട്ടെ ഈ അർത്ഥത്തിൽ കാൺഗ്രസ്സ് ക്ഷണനേന നിർവ്വീര്യമായിക്കൊണ്ടിരിക്കയാണ്. നേരേമറിച്ചു അതു അതിവേഗത്തിൽ വെറും ഒരു പാർലമെൻററികക്ഷിയായി മാറിക്കൊണ്ടിരിക്കയുംചെയ്യുന്നു. ഈ അടുത്തകാലത്തു ആചാര്യകൃപലാനി അദ്ധ്യക്ഷപദം രാജിവച്ചപ്പോൾ അദ്ദേഹം ഉന്നയിച്ച പ്രശ്നം കാൺഗ്രസ്സിൽ പ്രാബല്യംവഹിക്കുന്നതു ഉദ്യോഗികപക്ഷമാണോ അതോ അനുദ്യോഗികപക്ഷമാണോ എന്നുള്ളതായിരുന്നു. അതായതു കാൺഗ്രസ്സ് പ്രാബല്യമുള്ള ഒരു പാർലമെൻററി കക്ഷിയായിരിക്കണമോ, അതോ, അനുദ്യോഗികപ്രവർത്തകന്മാർക്കധീനമായ ഒരു ജനസേവാസംഘടനയായിത്തീരേണമോ എന്നതായിരുന്നു. പലനേതാക്കന്മാരുടെയും രാജി കാൺഗ്രസ്സിലെ ഇന്നത്തെ പ്രവണതകൾ ഇവ തെളിയിക്കുന്നതു ആ കാര്യം തീരുമാനിക്കപ്പെട്ടിരിക്കുന്നു എന്നാണ്. അഥവാ, സ്വയം സന്നദ്ധരായ ജനസേവകരുടെ ഒരു സംഘടനയെന്ന ആ പഴയസ്വഭാവംതന്നെ ഇതോടെ നശിച്ചുകഴിഞ്ഞിരിക്കുന്നു; അതുനിമിത്തം മഹാത്മാഗാന്ധി തുടങ്ങിയ കീഴോട്ടുള്ള ആളുകളെല്ലാം യുദ്ധത്തിൽ തോററുകഴിഞ്ഞിരിക്കുന്നു.

ഈ മഹത്തായ രൂപാന്തരംമൂലം കാൺഗ്രസ്സ് പ്രാബല്യത്തിലേറിയും, വർദ്ധിതപരമായ അധികാരത്തോടുകൂടിയും ഒരു ഉറച്ചകക്ഷിയായി മാറിക്കൊണ്ടിരിക്കയാണ്. അതിനുള്ളിൽ, സ്ഥാപിതതാല്പര്യങ്ങൾ വളർന്ന്, എന്നല്ല ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കയുംചെയ്യുന്നു. അവയോടൊപ്പം അഴിമതിയും, ഉദ്യോഗഭ്രാന്തും വളരുന്നു. മെമ്പറന്മാരെ ചേർക്കുന്നതുമുതൽ കാൺഗ്രസ്സ്‌തിരഞ്ഞെടുപ്പുകളിൽ സ്വാർത്ഥപൂർണ്ണമായ അധികാരമത്സരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കാൺഗ്രസ്സ് സോഷ്യലിസത്തിലേക്കു പുരോഗമിക്കുന്നതിനു ഏററവും പ്രതിബന്ധമായിത്തീരുന്നതു വളർന്നുവരുന്ന ഈ സ്ഥാപിതതാല്പര്യങ്ങളാണ്. സ്വാർത്ഥമായ അഭിവൃദ്ധിയിൽ ശ്രദ്ധിക്കുന്നവർ ആദർശസമ്പ്രദായങ്ങളും, സമുദായങ്ങളും ഉയർന്ന പരിപാടികളും അത്രവലുതായി ഗണിക്കാറില്ല. ഗാന്ധിസം, സോഷ്യലിസം, എന്നിങ്ങനെ ജനങ്ങൾക്കു കൂടുതൽ ഇഷ്ടമുള്ള ഇസങ്ങളുടെ വിളിച്ചുകൂവിക്കൊണ്ടു യാതൊരു കല്ലുകടിയുംകൂടാതെ അവർ സ്വന്തകാര്യം കാണുകതന്നെ ചെയ്യും. പറച്ചിലും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടൊന്നുംകൊണ്ടു അവർ കുലുങ്ങുകയേയില്ല.

കാൺഗ്രസ്സിന്റെ ഈ നിറംമാററം ഉന്നതാദർശങ്ങളിൽനിന്നുള്ള അതിന്റെ പതനം കുറിക്കുന്നു. ഈ മാററത്തിനു കാരണം ഏറിയകൂറും കാൺഗ്രസ്സിൽ ഇടതുപക്ഷക്കാരുടെ ആധിക്യമാണെന്നു എനിക്കു തോന്നുന്നു. ഇടതുപക്ഷക്കാർ നമ്മുടെ ഭരണസ്ഥാനമല്ലായ്കയല്ല, തങ്ങളെമാത്രം അടിസ്ഥാനമാക്കിയാണു ചിന്തിക്കാറുള്ളതു. തൊഴിലാളികൾ തങ്ങളുടെ ഭാഗധേയങ്ങളുടെ സമ്പൂർണ്ണമാക്കാൻ സ്വഭാവേന ശ്രമിക്കും. നേരേമറിച്ചു ഇടതുപക്ഷക്കാരൻ ഒരുപക്ഷേ മേലാളൻമാരായേക്കാം എന്നായിരിക്കും ആലോചിക്കുക. കാൺഗ്രസ്പ്രവർത്തകന്മാരധികവും ഇടത്തരക്കാരാണ്. ഇപ്പോഴിതാ സ്വാതന്ത്ര്യം കൈവന്നിരിക്കുന്നു; ജയിലിൽ പോകുന്ന ജോലിയും അവസാനിച്ചിരിക്കുന്നു. അതിനാൽ അവരിൽ പലർക്കും (എല്ലാവർക്കുമെന്നു ഞാൻ പറയുന്നില്ല ചില ഒന്നാന്തരം വ്യത്യസ്തങ്ങൾ അവരുടെ കൂട്ടത്തിലുണ്ട്) സമരശ്ലാഘികമായ ഒരു പ്രചോദനവും ശേഷിക്കുന്നില്ലെന്നായിട്ടുണ്ട്. അങ്ങനെ അവരുടെ ശ്രദ്ധ മുഴുവൻ അവരവരുടെ സ്വന്തതാല്പര്യങ്ങളിലേക്കു ചാഞ്ഞിരിക്കുകയാണു ചെയ്യുന്നതു. ഇപ്പോഴവർക്കു ഉദ്യോഗങ്ങൾ വേണം; സ്ഥാനങ്ങളും സമ്മർദ്ദങ്ങളും എന്നിവയും വേണം. എന്തെന്നാൽ ജീവിതത്തിലെ സുഖസൗകര്യങ്ങളെല്ലാം കരസ്ഥമാക്കുവാൻ അവർ ആഗ്രഹിക്കുന്നു. അതിലേക്കുള്ള വഴിയിൽ അവർ തിക്കിത്തിരക്കുകയാണു ചെയ്യുന്നതു.

കാൺഗ്രസ്സിന്റെ സാമ്പത്തിക ഘടന ഇതുപെട്ടെന്നു കുറിക്കുന്നതു ഇതുകൊണ്ടാണ്. മൂലധനക്കാർ കാൺഗ്രസ്സിനെ കീഴടക്കിയെന്നുള്ളതു നോക്കുക. കൂട്ടംകൂടി ഇടത്തരക്കാരുടെ സ്വാർത്ഥതയാണ് സോഷ്യലിസത്തിലേക്കുള്ള അതിന്റെ വഴിമുട്ടിക്കുന്നതു. സ്ഥാപിതതാല്പര്യങ്ങൾക്കു കാൺഗ്രസ്സിൽ നുഴഞ്ഞുകയറി സ്ഥാനമുറപ്പിക്കാൻ സൗകര്യം കൊടുക്കുന്നതും അതുതന്നെയാണ്. അതിവേഗത്തിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ നാശത്തെ തടയാൻ മഹാത്മജിക്കുപോലും സാധിക്കാതെവന്നതും അതുകൊണ്ടാണ്. സാധാരണ ജനങ്ങളുടെമേൽ മഹാത്മജിയ്ക്കുള്ള സ്വാധീനം എന്നത്തെയുംകാൾ വർദ്ധിച്ചിരിക്കുന്നതു ഇന്നാണെന്നു എന്നെപ്പോലെ ധാരാളം സഞ്ചരിക്കുന്നവർക്കെല്ലാം കാണാൻ കഴിയും. എന്നിട്ടും തന്നെ ജനങ്ങളുംതന്നിൽ ഗാന്ധിജി സൃഷ്ടിച്ചിരുന്ന തൊഴിലാളിപ്രസ്ഥാനം തകർന്നിരിക്കുന്നതിനാൽ അദ്ദേഹം കേവലം നിസ്സഹായനെന്നു കാണപ്പെടുന്നു. ഗാന്ധിജിയെ അപേക്ഷിച്ചു മാത്രം സാമാന്യജനങ്ങൾക്കുവേണ്ടി, ദേശീയപ്രാബല്യം കുറഞ്ഞിരിക്കുന്ന പണ്ഡിറ്റ് നെഹ്റു പ്രധാനമന്ത്രിയായിരുന്നിട്ടും, അദ്ദേഹത്തിന്റെ ഗവമെന്റിന്റെ കേന്ദ്രസ്ഥാനങ്ങളും തന്നെ പ്രതിബന്ധപ്പെട്ടിരിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. കാൺഗ്രസ്സിന്റെ മഹനീയമായ പ്രശ്നങ്ങൾ വെറും കടലാസിൽതന്നെ ആരും ഗണ്യമാക്കാതെ ശേഷിക്കുന്നതും മറെറാന്നുകൊണ്ടുമല്ല.

ഇന്നത്തെ കാൺഗ്രസ്സ് ഗവമെന്റുകളിൽ കാണുന്ന അഴിമതികൾ, സ്വജനപക്ഷപാതം, നയ[illegible]ലായ്മ എല്ലാം കാരണവും ഇതുതന്നെയാകുന്നു.

മേൽപ്പറഞ്ഞ ഇടതുപക്ഷക്കാരെ ആശ്രയിച്ചു നടത്തിവരുന്ന എല്ലാസംഘടനകളുടെയും ഗതി ഇതുതന്നെയാണെന്നു പ്രസംഗവശാൽ ഇവിടെ പറയേണ്ടിയിരിക്കുന്നു. ട്രേഡ്യൂണിയനിസത്തിന്റെയും സംഘടിതമായ കർഷകശക്തിയുടെയും അടിസ്ഥാനപ്പെടുത്താതെ സോഷ്യലിസ്റ്റുകക്ഷിക്കും ഇവിടെ വിജയം സിദ്ധിക്കുന്നതല്ല.

ഈ വീക്ഷണകോണത്തിൽനിന്നു നോക്കുമ്പോൾ സോഷ്യലിസത്തിലേക്കു കാൺഗ്രസ്സിനെ മാർഗ്ഗാന്തരപ്പെടുത്തുക എന്നുവച്ചാൽ അതിന്റെ ലക്ഷ്യം പ്രഖ്യാപനം ചെയ്കയോ ഒരു പരിപാടി തയ്യാറാക്കുകയോ മാത്രമല്ല കാര്യം; അതു ഒരു തൊഴിലാളി സംഘടനയാക്കി മാററുകകൂടിച്ചെയ്കയെന്നാകുന്നു. കടലാസിൽ കാൺഗ്രസ്സിന്റെ നയപരിപാടികൾ ഒരിക്കലും പുരോഗമപരങ്ങളല്ലായിരുന്നിട്ടില്ല. ഈയിടെ നിർമ്മിക്കപ്പെട്ട എ. ഐ. സി. സി. യും ഒരു തൃപ്തികരമായ പരിപാടി തയ്യാറാക്കി. എന്നാൽ കാൺഗ്രസ്സിനുള്ളിൽ പ്രവർത്തിക്കുന്ന സങ്കുചിതതാല്പര്യങ്ങൾ സ്വാർത്ഥപൂരണത്തിനു വേണ്ടി ശ്രമിക്കുന്നതിനിടയിൽ ഈ പരിപാടിയെ പരസ്യമായി എതിർക്കാതെ മാററിനിർത്തി മറികടക്കുന്നതാണ്. ഇങ്ങനെ ഒന്നും ചെയ്യാത്ത നയത്തെ സമ്പുഷ്ടമാക്കത്തക്കവിധം അപ്പോഴപ്പോൾ ഓരോ പ്രതിസന്ധിഘട്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കയുംചെയ്യും.

അതിനാൽ കാൺഗ്രസ്സിനു ഘടനാപരമായി ഒരു തൊഴിലാളിസംഘടനയായിത്തീരാൻ സാധിക്കുമോ എന്നുള്ളതാണു യഥാർത്ഥപ്രശ്നം. ഇതിനുത്തരം ഏതാണ്ടു അനിശ്ചിതമാണെന്നു ഞാൻ വിചാരിക്കുന്നു. സാധിക്കുമെന്നു തോന്നെങ്കിലും വിശ്വസിക്കുന്നില്ല. ഇന്നത്തെപ്പോലെ അപ്പോഴും സകല വ്യക്തിതാല്പര്യങ്ങളും ഒന്നിച്ചുചേർന്ന് അതിനെ തടയുകയും, മഹാത്മജിയേയും സോഷ്യലിസത്തെയും ഒന്നുപോലെ ഭംഗപ്പെടുത്തുകയും ചെയ്യും. ഒടുവിൽ ഇന്നത്തെ ഇടത്തരക്കാർ കൂടുതൽ പ്രബലമായ സ്ഥാപിതതാല്പര്യങ്ങളുടെ പടയിൽ അകപ്പെട്ടിരിക്കുന്നതായി കാണുമ്പോൾ അവർ സ്വയം മാനസാന്തരപ്പെട്ടുതുടങ്ങും. അപ്പോഴേയ്ക്കു കാലം വളരെ അതിക്രമിച്ചിരിക്കും. കാൺഗ്രസ്സ് ഒരു ബൂർഷ്വാസംഘടനയായി കലാശിച്ചുകഴിഞ്ഞിരിക്കുന്നതുമാണ്.

ഇക്കാരണങ്ങളാൽ സോഷ്യലിസ്റ്റുകൾ കാൺഗ്രസ്സിൽ തുടരുന്നതു നിഷ്പ്രയോജനമാണെന്നു തോന്നുന്നു. വെളിയിൽ ഇറങ്ങി ഒരു യഥാർത്ഥസോഷ്യലിസ്റ്റുകക്ഷി രൂപവൽക്കരിക്കയാണു കൂടുതൽ ആശാസ്യം. ഒരു പ്രതിപക്ഷത്തിന്റെ അത്യാവശ്യം ഇന്നുള്ളതിനാൽ ആ കക്ഷി ആ രൂപത്തിൽ പ്രവർത്തിക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഡെമോക്രസി വിജയിക്കുകയുമുള്ളു.

ഈ വഴ കാണ ഞങ്ങളുടെ ചിന്തകൾ പോകുന്നതു. ഫെബ്രുവരി മദ്ധ്യത്തിൽ കൂടുന്ന സോഷ്യലിസ്റ്റ് വാർഷികസമ്മേളനത്തിൽ ഇക്കാര്യം തീരുമാനിക്കപ്പെടുന്നതായിരിക്കും.

(ജനുവരി 14)

(Copy right - N. P. S.)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon